അതിരമ്പുഴ ഗ്രാമപഞ്ചായത്ത്





വികസന രേഖ

49-3


ഒന്നാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം



വികസന രേഖ - 1996

അതിരമ്പുഴ ഗ്രാമപഞ്ചായത്ത്



അതിരമ്പുഴ ഗ്രാമപഞ്ചായത്ത്

നിലവിലുള്ള ഭരണസമിതി



ശ്രീമതി. എത്സമ്മ മാത്യു
പ്രസിഡന്റ്



ശ്രീ. ജെ. ജോസഫ്, ഉപ്പൂട്ടുങ്കൽ
വൈ. പ്രസിഡന്റ്



ശ്രീ. കെ.പി. ദേവസ്യാ



കെ.ജെ. ജോർജ്ജ്, കിടങ്ങയിൽ.
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ




ശ്രീമതി. ലിസി ജോൺ



ശ്രീ. റ്റി.എച്ച്. ഉമ്മർ



ശ്രീ. കെ.ടി. ജെയിംസ്,




ശ്രീ. ജോസ്, ഇടവഴിക്കൽ.



ശ്രീമതി. എലിസബത്ത് ജോസഫ്



ശ്രീമതി. സുജമ്മ തോമസ്




ശ്രീ. ഷാലി നാരായണൻ

ശ്രീമതി. മോളി ലൂയിസ്

ശ്രീ. ജോർജ്ജ് കുട്ടി

സന്ദേശം



ബഹു. ശ്രീ. രമേശ് ചെന്നിത്തല

അതിരമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ വികസന രേഖയ്ക്ക് രൂപം കൊടുക്കാൻ മുൻകൈ എടുത്ത ജനപ്രതിനിധികൾക്കും സന്നദ്ധപ്രവർത്തകർക്കും അഭിനന്ദനങ്ങൾ കുറ്റമറ്റതെന്ന് അവകാശപ്പെടാനാവില്ലെങ്കിലും ഈ വികസന രേഖ അതിരമ്പുഴയെ സ്നേഹിക്കുന്ന മുഴുവൻ പേർക്കും വഴികാട്ടിയാകുമെന്നതിൽ സംശയമില്ല. വികസനസെമിനാറിന് എല്ലാവിധ ആശംസകളും നിറഞ്ഞ മനസ്സോടെ നേരുന്നു.


സ്നേഹപൂർവ്വം

നിങ്ങളുടെ

രമേശ് ചെന്നിത്തല

കോട്ടയം

14/1/1997



ശ്രീ. തോമസ് ചാഴിക്കാടൻ

അതിരമ്പുഴ പഞ്ചായത്തിന്റെ അടുത്ത അഞ്ചുവർഷത്തെ വികസന രൂപരേഖ തയ്യാറാക്കുന്നതിന് ഒരു വികസന സെമിനാർ സംഘടിപ്പിക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന അവസരത്തിൽ അതിരമ്പുഴ പഞ്ചായത്തിന് അർഹമായ അംഗീകാരം ലഭിക്കുന്നതിന് ഈ വികസന സെമിനാർ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകളോടെ

തോമസ് ചാഴിക്കാടൻ എം.എൽ.എ.

എസ്.എച്ച്. മൗണ്ട്

10 - 1 - 1997

ഉള്ളടക്കം

I. ആമുഖം

II. അവതരണം

III. ഭൂപ്രകൃതി, വിഭവങ്ങൾ

IV. സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം.

V. വിവിധ വികസന മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം, ഊർജ്ജം,തൊഴിൽ
4. ഗതാഗതം,ടൂറിസം
5. കുടിവെള്ളവും, പൊതുജനാരോഗ്യവും
6. പാർപ്പിടം,സാമൂഹ്യക്ഷേമം
7. വിദ്യാഭ്യാസം
8. സംസ്കാരം
9. പട്ടികജാതി, പട്ടികവർഗ്ഗം
10. വനിതാക്ഷേമം
11. സഹകരണം
12. വിഭവസമാഹരണം

VI. ഉപസംഹാരം

ആമുഖം

ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ ആസൂത്രണത്തിലൂടെ നടപ്പിലാക്കാൻ പോകുകയാണ്. നമ്മുടെ 13 വാർഡുകളിലും ആയതിന്റെ മുന്നോടിയായി ഗ്രാമസഭകൾ നടന്ന് കഴിഞ്ഞു. ഗ്രാമസഭകളിൽ നിന്നും രൂപം കൊണ്ടുവന്ന അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും വിലയിരുത്തിയും ക്രോഡീകരിച്ചും തയ്യാറാക്കിയ വികസനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നാം ഭാവി പദ്ധതികൾ തയ്യാറാക്കുന്നത്. 9-ാം പഞ്ചവത്സരപദ്ധതിയിൽ പദ്ധതി വിഹിതമായി 40% തുക പഞ്ചായത്തു തലത്തിൽ ലഭിക്കുന്നുവെന്നത് ആശാവഹമാണ്.

നമ്മുടെ പഞ്ചായത്തിലെ എല്ലാവിഭാഗം ആളുകളുടെയും നിസ്വാർത്ഥമായ സേവനം ഈ റിപ്പോർട്ടു തയ്യാറാക്കുന്നതിന് ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ആയതിന് നിർലോഭമായ നന്ദിപ്രകാശപ്പിക്കുന്നു. ചുരുങ്ങിയ സമയം കൊണ്ട് തയ്യാറാക്കിയ ഈ റിപ്പോർട്ടിൽ അപാകതകൾ ഉണ്ടായെന്നുവരാം. ആയവ വികസനസെമിനാറിലെ ചർച്ചയ്ക്ക് പരിഹരിക്കുവാൻ കഴിയും. നമ്മുടെ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ഈ വികസന റിപ്പോർട്ടിൽ സൂപ്രധാന പങ്കുവഹിക്കുവാൻ ഇടയാക്കുമെന്ന് പ്രത്യാശിക്കുന്നു.

ശ്രീ. കെ.പി. ദേവസ്യ, കൺവീനർ
ജനകീയാസൂത്രണസമിതി
അതിരമ്പുഴ ഗ്രാമപഞ്ചായത്ത്

അവതരണം

ഒമ്പതാം പഞ്ചവൽസര പദ്ധതി ജനകീയ ആസൂത്രണത്തിലൂടെ നടപ്പിൽ വരുത്താൻ ഉള്ള പ്രവർത്തനങ്ങളിൽ കേരളം മുഴുകി കഴിഞ്ഞു. നമ്മുടെ പഞ്ചായത്തിലും ജനകീയാസൂത്രണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും ഗ്രാമസഭകളും വികസന പ്രവർത്തനം ലക്ഷ്യം വെച്ചുള്ള ചർച്ചകളും നടന്നു. അങ്ങെ ഉരുത്തിരിഞ്ഞ ആശയം ഉൾക്കൊണ്ട് ഈ വികസനറിപ്പോർട്ട് തയാറായിരിക്കുകയാണ്. അപാകതകൾ ഉണ്ടാവാം. എങ്കിലും പരിമിതമായ സമയത്തിനുള്ളിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു. ഒത്തിരി പ്രതീക്ഷയോടെ നമ്മൾ കാത്തിരിക്കുന്ന വികസനപ്രവർത്തനങ്ങൾ അതിരമ്പുഴയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ വഴിത്താരയാകട്ടെയെന്ന് പ്രത്യാശിക്കാം.

ശ്രീമതി എൽസമ്മ മാത്യു,


പ്രസിഡന്റ്,

ഗ്രാമപഞ്ചായത്ത്, അതിരമ്പുഴ.


എഡിറ്റോറിയൽ ബോർഡ്:-




ശ്രീ. കെ.പി. ദേവസ്യാ




ശ്രീ. ടോമി സെബാസ്റ്റ്യൻ




ശ്രീ. കെ.ജെ. ജോർജ്ജ്




ശ്രീ. കെ.ജി. ഹരിദാസ്



ശ്രീ. കെ.എം. ജോൺ



ശ്രീ. എൻ. എം. സൈനുദീൻ



ശ്രീ. പി. കെ. ജോസഫ്

മുൻപഞ്ചായത്തു ഭരണസമിതി അംഗങ്ങൾ

1953–63 പ്രഥമപഞ്ചായത്തുഭരണസമിതി



അഡ്വ. വി.വി സെബാസ്റ്റ്യൻ വടക്കേടം
പ്രസിഡന്റ് (1953 - 54)



ഹാജി റ്റി.എം. ഹസൻ റാവുത്തർ
പ്രസിഡന്റ് (1954 - 63)

അംഗങ്ങൾ :-

1. കെ.കെ.ദേവസ്യാ(കുഞ്ഞേട്ടൻ) കുളംകുത്തിയിൽ
2. സി.ജെ. ലൂക്കാ ചിറയിൽ
3. ജോർജ്ജ് തോമസ് വേമ്പേനി
4. എ.എ.തോമസ് ആലഞ്ചേരി
5. കെ. കുമാരൻ കുന്നത്തുപറമ്പിൽ
6. വി. എം. ചാക്കോ വരിക്കപ്പള്ളിൽ
7. റ്റി.ഡി. കുര്യൻ തോപ്പും തലയ്ക്കൽ

1963 - 79 ഭരണസമിതി




കെ. സി. മാത്യു, കുളംകുത്തിയിൽ
പ്രസിഡന്റ്

അംഗങ്ങൾ :-

1. പി. കെ. ജോസഫ് പറവേലിൽ
2. റ്റി. എച്ച്. മൂസാ ഹസൻമാൻസിൽ
3. വി. വി. ഇട്ടിച്ചെറിയ, കുഴിപ്പള്ളിൽ
4. റ്റി. ഡി. മാത്യു, തെങ്ങും തോട്ടം.
5. ജോർജ്ജ് തോമസ് (കോരച്ചൻ) വേമ്പേനി
6. ഉണ്ണിനാരായണനാചാരി, കാരാക്കാട്ടുപറമ്പിൽ
7. കെ.കെ.ഭാസ്കരൻനായർ, കളമ്പുകാട്ട്
8. റ്റി.കെ. തോമസ്, തറപ്പേൽ
9. ജോർജ്ജ് തോമസ്, ചിറയിൽ

1979 - 84 ഭരണസമിതി



റ്റി. റ്റി. ദേവസ്യാ തോട്ടപ്പള്ളി,
പ്രസിഡന്റ്

അംഗങ്ങൾ :-

1. കെ.എം.ജോൺ, കളരിക്കൽ
2. പി.കെ. ജോസഫ്, പറവേലിൽ
3. മേരിക്കുട്ടി ദേവസ്യാ, കുറുപ്പും തുണ്ടത്തിൽ
4. സേവ്യർ വർക്കി (രാജപ്പൻ), മാനാട്ട്
5. ഏബ്രഹാം മാത്യു, മൂലയിൽ
6. പി.കെ. ജോർജ്ജ്, പുറക്കരിയിൽ
7. എം.ആർ. നാരായണൻ, കഴുതാടിയിൽ
8. കുര്യൻ ജോസഫ്, ആലഞ്ചേരി
9. പി. വി. ചാക്കോ, പുല്ലത്തിൽ
10. പി.റ്റി. ജേക്കബ്, പന്തലൂപ്പറമ്പിൽ
11. അഡ്വ: എൻ. പി. അശോകൻ, കുഴിക്കാട്ടിൽ

1988-95 ഭരണസമിതി



മറിയമ്മ തോമസ്, തറപ്പേൽ
പ്രസിഡന്റ് (1988 - 90)



പി.വി. ചാക്കോ പുല്ലത്തിൽ
പ്രസിഡന്റ് (1990 - 95)

അംഗങ്ങൾ :-

1. കെ.എം.ജോൺ, കളരിക്കൽ
2. എലിസബത്ത് ജോസഫ്, പറവേലിൽ
3. എൻ.പി. ലൂക്കാ, നെടുമറ്റത്തിൽ
4. ജയിംസ് ജോസഫ്, താന്നിത്തടത്തിൽ
5. പി.വി. മൈക്കിൾ, പെരുംതുരുത്തിൽ
6. ജോസ്സ് ജോസഫ്, അമ്പലക്കുളം
7. സി.ശശി
8. ജോസഫ് കുര്യൻ, ആലഞ്ചേരി
9. പി.റ്റി. ജേക്കബ്, പന്തലുപ്പറമ്പിൽ
10. പി.കെ. ജയപ്രകാശ്, പുത്തൻപുരയിൽ


ജില്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ



ശ്രീ. സി.കെ. ജീവൻ



ശ്രീ ഉമ്മച്ചൻ, പൂത്തേട്ട്.



പി.വി. മൈക്കിൾ



റോസമ്മ മത്തായി

പഞ്ചായത്ത് ജീവനക്കാർ



ജില്ലാ റിസോഴ്സ് പേഴ്സൺസ്:

1. കെ.പി. ദേവസ്യാ, കുറുപ്പും തുണ്ടത്തിൽ.
2. ജോൺ. സി. മറ്റം.
3. പി.കെ. ജോസഫ് പറവേലിൽ.
4. പി.ഒ. ഉലഹന്നാൻ, പാറശ്ശേരിൽ.
5. എം. എസ്. മാത്യു മുണ്ടക്കൽ.
6. കെ.ജി. ഹരിദാസ് മുള്ളങ്കുഴിയിൽ.
7. അഡ്വ. റോയിസ് ചിറയിൽ.
8. എൻ.എം. സൈനുദ്ദീൻ.
9. എത്സമ്മ മാത്യു, ചൂരക്കുളം.
10. മോളി ലൂയിസ് മുകളേൽ.
11. സുജമ്മ തോമസ്, ഒറ്റക്കപ്പിലുമാവിൽ.

പഞ്ചായത്ത് റിസോഴ്സ് പേഴ്സൺസ്

1. കെ.എം. ജോൺ, കളരിക്കൽ.
2. ഫ്രാൻസിസ് ജോസഫ്, ഓണംകുളം.
3. എൻ. ഭാസ്ക്കരൻനായർ, പര്യാത്ത്
4. പീറ്റർ ജോർജ്ജ്, മുണ്ടാത്താനം.
5. കെ.കെ. മത്തായി, കടവിൽ.
6. എം.റ്റി. ജോസഫ്, മരശ്ശേരി.
7. കെ.എ. നാരായണൻ, കല്പന.
8. കെ.ഒ. ഷംസുദ്ദീൻ, മേടയിൽ.
9. പി.ജി. കൃഷ്ണൻകുട്ടിനായർ, പണിക്കരേട്ട്
10. പി.എൻ. പുഷ്പൻ, പറയങ്കരി.
11. ജോസ് ജോസഫ്, അമ്പലക്കുളം.
12. സ്കറിയ ജോസഫ്, മംഗളാം കുന്നേൽ..
13. ജയിംസ്കുട്ടി, ഓണങ്കുളം.
14. വി.എ. ഏബ്രഹാം, അറേക്കാട്ടിൽ.
15. എൻ.എം. സുന്ദരം.
16. കെ.എം. ഗോപാലകൃഷ്ണൻ, മാന്നാനം.
17. ജോജോ ലൂക്കോസ്, തലയിണക്കുഴി.
18. സി.കെ. ഹരിഹരൻ, ചുണ്ടക്കാട്ടിൽ.
19. പി.ജി. പ്രഭാകരൻനായർ, പുതുവീട്ടിൽ.
20. ത്രേസ്യാമ്മ ജോസഫ്, കുമ്മനം.
21. തങ്കമ്മ ജോസഫ്, തറപ്പേൽ.
22. ലീലാമ്മ മാത്യു, മുഴിക്കാട്ടിൽ.
23. ത്രേസ്യാക്കുട്ടി, മണ്ഡപത്തിൽ.
24. ലീലാമ്മാ ജോസഫ്, പുത്തൻപുര.
25. ടി.വി. തങ്കച്ചൻ, തുരത്തുമാലി.
26. എ.ജെ. രമേശ്, അനിക്കലോടി.
27. രാജു സെബാസ്റ്റ്യൻ, പൊന്നാറ്റിൽ.
28. ജോൺ വൈറ്റ്, ചൂരക്കുളം.
30. പി.ജെ. ജോർജ്ജ്, പാറശ്ശേരിൽ.
31. കെ.വി. ജോസഫ്, മേടയിൽ.
32. നസ്സീർ ഹസ്സൻ.
33. ടോമി സെബാസ്റ്റ്യൻ, ഇരുപ്പേൽ.

അതിരമ്പുഴ പഞ്ചായത്ത് പൊതുവിവരണം


പേര്	:	അതിരമ്പുഴ പഞ്ചായത്ത്.
ഉൾപ്പെടുന്ന വില്ലേജ്	:	അതിരമ്പുഴ വില്ലേജ്.
ബ്ലോക്ക്	:	ഏറ്റുമാനൂർ.
അസംബ്ലി മണ്ഡലം	:	ഏറ്റുമാനൂർ
താലൂക്ക്	:	കോട്ടയം.
ജില്ല	:	കോട്ടയം
ലോക്സഭാ മണ്ഡലം	:	കോട്ടയം.
വാർഡുകൾ	:	13.
വിസ്തീർണ്ണം	:	20.1 ചതുരശ്ര കിലോമീറ്റർ.
ജനസംഖ്യ	:	36140
പുരുഷന്മാർ	:	18031
സ്ത്രീകൾ	:	18109
അതിരുകൾ		
കിഴക്ക്	:	ഏറ്റുമാനൂർ പഞ്ചായത്ത് (എം.സി. റോഡ്)
വടക്ക്	:	കാണക്കാരി ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	:	നീണ്ടൂർ - ആർപ്പൂക്കര (ഗ്രാമപഞ്ചായത്ത്)
തെക്ക്	:	കുമാരനെല്ലൂർ ഗ്രാമപഞ്ചായത്ത്

സ്ഥാപനങ്ങൾ

1. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
2. ഐ. സി. എച്ച്. കുട്ടുകളുടെ ആശുപത്രി
3. ഐ.ടി.ഐ. (Industril Training Institute)
4. ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രെഡക്ഷൻ സെന്റർ
5. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്
6. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്
7. റയിൽവേ സ്റ്റേഷൻ
8. പോസ്റ്റ് ഓഫീസ്, അതിരമ്പുഴ
9. പോസ്റ്റ് ഓഫീസ്, മാന്നാനം
10. പോസ്റ്റ് ഓഫീസ്, പ്രിയദർശനി ഗിൽസ്
11. വില്ലേജ് ഓഫീസ്, അതിരമ്പുഴ
12. കൃഷിഭവൻ, അതിരമ്പുഴ
13. ഇലക്ട്രിക്കൽ സബ് എൻജനീയർ ഓഫീസ്
14. പ്രൈമറി ഹെൽത്ത് സെന്റർ, അതിരമ്പുഴ
15. ഹോമിയോ ഹോസ്പിറ്റൽ, മാന്നാനം
16., മൃഗാശുപത്രി, അതിരമ്പുഴ
17. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, അതിരമ്പുഴ,
18. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, അമ്മഞ്ചേരി
19. സൗത്ത് ഇന്ത്യൻ ബാങ്ക്, അതിരമ്പുഴ
20. റീജിയണൽ സർവ്വീസ് സഹകരണബാങ്ക്,
21. മാന്നാനം സർവ്വീസ് സഹകരണബാങ്ക്

അതിരമ്പുഴ ഗ്രാമപഞ്ചായത്ത്

വാർഡ്	സ്ഥലനാമം
1.	കോട്ടയ്ക്കുപുറം
2.	ചൂരക്കുളങ്ങര
3.	മനയ്ക്കപ്പാടം
4.	അതിരമ്പുഴ ഈസ്റ്റ്
5.	അതിരമ്പുഴ ടൗൺ
6.	ശ്രീകണ്ഠമംഗലം
7.	ലിസ്സ്യൂ
8.	യൂണിവേഴ്സിറ്റി
9.	അമലഗിരി
10.	മുണ്ടകപ്പാടം
11.	മാന്നാനം
12.	മാന്നാനം നോർത്ത്
13.	വേലങ്കുളം



III. ഭൂപ്രകൃതി, വിഭവങ്ങൾ

അതിരമ്പുഴ പഞ്ചായത്തിലെ 35% ശതമാനത്തോളം കുന്നുകളും താഴ്വരകളും 40% ത്തോളം സമതലങ്ങളും 25 % നിലങ്ങളും ചതുപ്പു പ്രദേശങ്ങളുമാണ്. കുന്നിൻ പ്രദേശങ്ങളിൽ കൂടുതലും വെട്ടുകല്ലുകളും ചരൽ മണ്ണുമാണ്. നിലങ്ങളിൽ ചെളിമണ്ണും, എക്കൽ മണ്ണും കണ്ടുവരുന്നു.

ഭൂപ്രകൃതി അനുസരിച്ച് അതിരമ്പുഴ പഞ്ചായത്തിനെ മൂന്നായി തിരിക്കാം.

1. കുന്നിൻ പ്രദേശം

മിക്കവാറും എല്ലാ വാർഡുകളിലും കുന്നിൻ പ്രദേശങ്ങൾ ഉണ്ട്. 1, 2, 8, 9 എന്നീ വാർഡുകളും കുന്നിൻ പ്രദേശങ്ങൾ കൂടുതലുണ്ട്. ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയത് നാല്പത്തി മലയാണ്. ഇത് 8, 9, വാർഡുകളിൽ സ്ഥിതിചെയ്യുന്നു. കല്ലുമല, കൂമ്പൻ മല, ഉപ്പിടിയാൻ മല, വട്ടമല എന്നീ നാലു മലകൾ ഇതിനോടു ബന്ധപ്പെട്ടു കിടക്കുന്നു. ഈ മലകളിൽ വന്യമൃഗങ്ങൾ അധിവസിച്ചിരുന്നു എന്ന് മുൻ തലമുറക്കാർ പറയുന്നു. വേദഗിരി മല വേദങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. വേദഗിരിയിലും, ചാത്തുണ്ണി പാറയിലും പഞ്ചപാണ്ഡവന്മാർ വസിച്ചിരുന്നതായി ഐതിഹ്യം പറയുന്നു. അതിനുള്ള തെളിവുകൾ ഇന്നും ഇവിടെ കാണാവുന്നതാണ്. നീർമലകുന്ന്, കളമ്പുകാട്ടു മല, കളത്തുകുന്ന്, കട്ടാത്തിമല, ചാലാനികുന്ന്, എന്നീ മലകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു. അമലഗിരികുന്നിൽ, അമലഗിരി ബി.കെ. കോളേജും, മാന്നാനം കുന്നിൽ മാന്നാനം കെ. ഇ. കോളേജും സ്ഥാപിച്ചിരിക്കുന്നു.

2. താഴ്വരകൾ

കുന്നിൻ താഴ്വരകളിൽ റബ്ബർ, തെങ്ങ്. വാഴ, കപ്പ, മരച്ചീനി, കവുക്, കൊക്കോ മുതലായവ കൃഷിചെയ്യുന്നു.

നിലങ്ങളും ചതുപ്പുകളും

ഈ പഞ്ചായത്തിൽ 25% നിലങ്ങൾ വളരെയധികം നികത്തി പുരയിടങ്ങളും പാർപ്പിടങ്ങളുമായി കൊണ്ടിരിക്കുന്നു. ഇപ്പോഴുള്ള നിലങ്ങളിൽ നെല്ലും, പച്ചക്കറികളും കൃഷിചെയ്യുന്നു.

ജലസമ്പത്ത്

അതിരമ്പുഴ പഞ്ചായത്ത് പൊതുവിൽ പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്നു. വിവിധ തോടുകൾ പടിഞ്ഞാറോട്ട് ഒഴുകി പെണ്ണാർ തോട്ടിൽ പതിക്കുന്നു. ഒരിക്കലും വറ്റാത്ത വേദഗിരിക്കുളം, ചന്തക്കുളം മനയ്ക്കൽകുളം ചൂരകുളങ്ങരക്കുളം എന്നി കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

അതിരമ്പുഴയുടെ സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഐതിഹ്യങ്ങളും ചരിത്രങ്ങളും കൈകോർത്തുകിടക്കുന്ന പുണ്യപുരാതനമായ അതിരമ്പുഴ. ചരിത്രം ഉറങ്ങുന്ന നാട് മൊട്ടക്കുന്നുകളും പച്ചപ്പട്ടുവിരിച്ച നെൽപ്പാടങ്ങളും നിറഞ്ഞ നാട്. അവയെ തൊട്ട് തലോടിയൊഴുകുന്ന പുഴകൾ. ഇടതൂർന്ന് ആകാശം മുട്ടെ വളർന്നു നിൽക്കുന്ന കേരവൃക്ഷങ്ങൾ, നൃത്തം ചവിട്ടി വെഞ്ചാമരം വീശുന്ന കല്പകവൃക്ഷങ്ങൾ. പ്രകൃതി സൗന്ദര്യം കവിഞ്ഞൊഴുകുന്ന നാട്. കർഷക മക്കളുടെ നാട്. ജാതിയും മതവും മതിൽക്കെട്ടുകൾ സൃഷ്ടിക്കാത്ത സുന്ദര നാട്. ഇവിടെ മനുഷ്യനെ ബന്ധിപ്പിക്കുന്നത് മതങ്ങളോ സമുദായങ്ങളോ അല്ല സ്നേഹമാണ്. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയുമെല്ലാം ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്നു.

നൂറ്റാണ്ടുകൾക്കുമുമ്പ് അയൽ നാട്ടുരാജ്യങ്ങളുമായി വ്യാപാരബന്ധത്തിൽ ഏർപ്പെട്ടിരുന്ന നാട്. ജലമാർഗ്ഗവും കരമാർഗ്ഗവും കർഷകമക്കളുടെ ഉല്പന്നങ്ങൾ തേടി വൻ വ്യാപാരികൾ എത്തിയിരുന്ന നാട്. അയൽ നാടുകളിൽ ജനങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ എത്തിച്ചിരുന്ന നാട്.

അന്നും ഇന്നും ഈ നാടിന്റെ അഭിമാനമാണ് സെന്റ് മേരീസ് ഫൊറോനാ ദേവാലയം. അതിരമ്പുഴ തിരുനാൾ പ്രസിദ്ധമാണ്. മുദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാന ആഘോഷങ്ങളിൽ ഒന്നാണിത്. അതിരമ്പുഴയിലും സമീപ പ്രദേശങ്ങളിലുമുള്ളവർ ഒരു ദേശിയോത്സവമായി ഇതു കൊണ്ടാടുന്നു. ക്രൈസ്തവരോടൊപ്പം ഹിന്ദുക്കളും മുസ്ലിങ്ങളും ഇതിൽ പങ്കുചേരുന്നു.

വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഭൗതികാവശിഷ്ടം അടക്കം ചെയ്തിരിക്കുന്നത് മാന്നാനം ആശ്രമ ദേവാലയത്തിലാണ്. പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞിരിക്കുന്ന മാന്നാനത്തേക്ക് ധാരാളം തീർത്ഥാടകർ പ്രവഹിക്കുന്നു.

അതിരമ്പുഴയുടെ വികസനത്തിന് പുതിയ ശംഖ്നാദവുമായി മാഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം അതിരമ്പുഴയിൽ സ്ഥാപിതമായി. 150 ഏക്കറിൽ പരന്നു കിടക്കുന്ന യൂണിവേഴ്സിറ്റി കാമ്പസിൽ ഉന്നത വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നു.

പേരിന്റെ ആഗമനം

കടൽ മാറി കരയായ ദേശമെന്നാണല്ലോ കേരളത്തെപ്പറ്റി പറയുന്നത്. ചരിത്ര പണ്ഡിതനായ ഡോ. പി.ഐ. തോമസ്, മാർക്കോപോളോയുടെ യാത്രാവിവരണത്തിലും ടോളമിയുടെ ഭൂമിശാസ്ത്രത്തിലും പരാമർശിക്കുന്ന അതിരംകരി എന്ന തുറമുഖ പട്ടണം അതിരമ്പുഴ ആണെന്ന് കാര്യകാരണ സഹിതം ചൂണ്ടിക്കാണിച്ചിരുന്നു.

മണിയകരി, മൂലേക്കരി, പുറക്കരി തുടങ്ങി ഇപ്പോൾ ഇവിടെയുള്ള സ്ഥലനാമങ്ങൾക്ക് അതിരംകരിയുമായി സാധർമ്മ്യം കാണുന്നുണ്ട്. സമുദ്രം പുറകോട്ട് മാറുകയും വൈക്കം, വെച്ചൂർ, കടുത്തുരുത്തി തുടങ്ങിയ സ്ഥലങ്ങൾ ആവിർഭവിക്കുകയും ചെയ്തതുപോലെയാകാം സമുദ്രവ്യാപാരത്തിലും ഒരിക്കൽ പ്രസിദ്ധമായിരുന്നു എന്നു പറയപ്പെടുന്ന അതിരംകരി വെറുമൊരു കമ്പോളമായി ചുരുങ്ങിയെതെന്നാണ് വിശ്വാസം.

ചെമ്പകശ്ശേരി രാജകുടുംബത്തിലെ വാഴ്ചയ്ക്ക് ശേഷം തെക്കൻകൂറും വടക്കൻകൂറും രാജ്യങ്ങൾ തമ്മിൽ അതിർത്തി തർക്കം ഉണ്ടായി. ഇരുവർക്കും വ്യാപാരബന്ധം ഉണ്ടായിരുന്ന പറങ്കികൾ ആ തർക്കം രമ്യതയിൽ എത്തിച്ചു. പ്രകൃതി ദത്തമായ ഒരു അതിർത്തിയുടെ അഭാവത്തിൽ വേമ്പനാട്ടുകായൽ മുതൽ പൂഞ്ഞാർ വരെ മൂന്നാൾ ഉയരത്തിൽ ഒരു മൺ കോട്ടയും കിടങ്ങും പറങ്കികളുടെ കാര്യമായ സഹായത്തോടെ നിർമ്മിക്കപ്പെട്ടു. ഇപ്പോഴും ഈ കോട്ടയുടെ അവശിഷ്ടങ്ങൾ കാണാവുന്നതാണ്. കൂടാതെ കൊത്തളം, കോട്ട, കേട്ടയരിക്, കോട്ടമുറി, കോട്ടയ്ക്കുപുറം, കോട്ടവാതിൽ തുടങ്ങിയ സ്ഥലനാമങ്ങൾ ഈ കോട്ടയുമായി ബന്ധിച്ചുള്ളതാണ്. വേദഗിരി മലയിൽ നിന്ന് തുടങ്ങി ഇന്നത്തെ ചന്തക്കുളത്തിൽ വന്ന് ചേരുന്ന ഒരു പുഴയും അന്നുണ്ടായിരുന്നെന്ന് പറയപ്പെടുന്നു. പെരുമ്പുഴ, കാട്ടുതോട് തുടങ്ങിയ പേരുകൾ ഇതിനെ സൂചിപ്പിക്കുന്നു. ഈ പുഴയായിരുന്നു തെക്കൻകൂറിന്റെ അതിർത്തി. അതിരാകുന്ന പുഴ ലോപിച്ചാണ് അതിരമ്പുഴ എന്ന് പരിണമിച്ചതെന്ന് പറയപ്പെടുന്നു. ഇതു കൂടാതെ മറ്റ് ഐതീഹ്യങ്ങളും നിലവിലുണ്ട്.

വാണിജ്യ സിരാകേന്ദ്രം

കടന്നുപോയ ഒരു കാലഘട്ടംവരെ മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായിരുന്നു അതിരമ്പുഴ. അതിരമ്പുഴ മാർക്കറ്റ് അന്ന് അന്തർ സംസ്ഥാന നിലവാരത്തിൽ കയറ്റുമതി ഇറക്കുമതി വ്യാപാരത്തെ ഗണ്യമായ തോതിൽ കൈകാര്യം ചെയ്തിരുന്നു. ഇപ്രകാരമുള്ള ഒരു വ്യാപാരകേന്ദ്രമായി തീരുന്നതിനു വേണ്ട എല്ലാ സൗകര്യങ്ങളും അതിരമ്പുഴയിൽ ഉണ്ടായിരുന്നു.

അമേരിക്കയിലെ ന്യൂയേർക്കിനെ പറ്റി ഉറങ്ങാത്ത മഹാനഗരം എന്നു പറയാറുള്ളതുപോലെ ചന്തദിവസങ്ങളിൽ ഉറങ്ങാത്ത മാർക്കറ്റെന്ന് അതിരമ്പുഴയെപ്പറ്റി പറയുമായിരുന്നു. അക്കാലത്ത് മാർക്കറ്റ് ദിനത്തിന്റെ തലേരാത്രിമുതൽ കെട്ടുവള്ളങ്ങളിലും കാളവണ്ടികളിലുമായി അതിരമ്പുഴ മാർക്കറ്റിലെത്തുന്ന സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന പ്രക്രിയ പൂർത്തിയാകുമ്പോൾ നേരം വെളുക്കും. കടകമ്പോളങ്ങൾ പിന്നീട് അങ്ങനെതന്നെ തുടരുകയായിരുന്നു പതിവ്.

കൊച്ചി തുറമുഖം ഇന്നത്തെ നിലയിൽ വലിയകപ്പലുകൾ കയറിയിറങ്ങുന്ന വൻതുറമുഖമായി. വികസിക്കുന്നതിനുമുമ്പുള്ള മട്ടാഞ്ചേരി കമ്പോളത്തിന്റെ കായൽ തീരത്തെ കെട്ടുവള്ളങ്ങളുടെ കൂട്ടത്തെ അനുസ്മരിപ്പിക്കുമാറായിരുന്നു അതിരമ്പുഴചന്തക്കടവിൽ കെട്ടുവള്ളങ്ങൾ കെട്ടിക്കിടന്നിരുന്നത്. ചരക്കിറക്കാനും ചരക്കുകൾ കയറ്റിക്കൊണ്ട് പോകുവാനുമായുള്ള കേവലം പ്രാദേശികമായ ഒരു വ്യാപാരകേന്ദ്രം അല്ലായിരുന്നു അതിരമ്പുഴ. കൊച്ചി, ആലപ്പുഴ, കോട്ടാർ, കൊല്ലം, കോയമ്പത്തൂർ, പാലക്കാട്, വെല്ലൂർ, ഈറോഡ്, ചാവക്കാട്, പൊന്നാനി മുതലായ അന്യദേശങ്ങളുമായിട്ടായിരുന്നു അന്ന് അതിരമ്പുഴയിലെ കച്ചവടം. മീനച്ചിൽ തൊടുപുഴ, മൂവാറ്റുപുഴ, മുതലായ ഉൾപ്രദേശങ്ങളുമായി വൻ തോതിൽ കച്ചവടം നടന്നിരുന്നു. ജലമാർഗ്ഗമായും കരമാർഗ്ഗമായും എന്നു പറഞ്ഞാൽ വള്ളം വഴിയും കാളവണ്ടിവഴിയുമുള്ള ഗതാഗത സൗകര്യത്തെയാണ് അന്ന് അവലംബമാക്കിയിരുന്നത്.

പഴയകാലത്ത് അതിരമ്പുഴയിൽ നിന്നും കയറ്റി അയക്കുന്നതിൽ മുന്നിട്ടുനിന്ന ചരക്ക് ചുക്ക് ആണ്. അത് ആണ്ടൊന്നുക്ക് ശരാശരി ആയിരം കണ്ടി. അതിരമ്പുഴയിലും സമീപപ്രദേശങ്ങളിലും ഇഞ്ചികൃഷി ധാരാളമുണ്ടായിരുന്നു. കുരുമുളക് ആണ് മറ്റൊരു പ്രധാന കയറ്റുമതി ചരക്ക്, ഏതാണ്ട് 500 കണ്ടി. മറ്റൊന്ന് തുകൽ ആണ്. ഏതാണ് 200 കോടി. (20 എണ്ണം കൂടുന്നതാണ് ഒരു കോടി) കാഞ്ഞിരക്കുരു മറ്റൊരു പ്രധാനപ്പെട്ട കയറ്റുമതിയിനമായിരുന്നു. നെല്ല്, അരി, ഉപ്പ്, പുകയില, മത്സ്യം, മണ്ണെണ്ണ, വെളിച്ചെണ്ണ മുതലായവയായിരുന്നു പ്രധാനപ്പെട്ട ഇറക്കുമതി ചരക്കുകൾ.

വാണിജ്യപരമായി അതിരമ്പുഴ പുരോഗതി പ്രാപിക്കാനുള്ള പ്രധാന കാരണം ഭൂമിശാസ്ത്രപരമാണ്. പടിഞ്ഞാറൻ മേഘലയേയും കിഴക്കൻ മേഘലയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയായി അതിരമ്പുഴയെ മാറ്റിയത് പെണ്ണാർതോടും അതിവഴിയുള്ള ജലഗതാഗത

സൗകര്യവുമാണ്. കച്ചവട സ്ഥലത്തിന് തെട്ടു മുന്നിൽത്തന്നെ വള്ളങ്ങളിൽ ചരക്കുകൾ എത്തിക്കുവാനുള്ള ഇത്രയും സൗകര്യം ഇവിടെമാത്രമേ ഉണ്ടായിരുന്നുള്ളു. കിഴക്കൻ പ്രദേശത്തെ നാണ്യവിളകൾ മുഴുവൻ അതിരമ്പുഴയിൽ വിറ്റിട്ട് ഇവിടെനിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങിക്കൊണ്ട് പോയിരുന്നു. അരിമ്പുഴയിലെ കച്ചവടക്കാർ നാണ്യവിളകൾ തുറമുഖ പട്ടണങ്ങളായ കൊച്ചിയിലും ആലപ്പുഴയിലും എത്തിച്ചിട്ട് ആലപ്പുഴ നിന്നും അരിയും വെളിച്ചെണ്ണയും കൊച്ചിയിൽ നിന്ന് പലചരക്കും അതിരമ്പുഴയിലേക്ക് കൊണ്ടുവന്ന് തുടങ്ങിയതാണ് ആരംഭം. ഒരു വിപണനകേന്ദ്രമായി അറിയപ്പെട്ടതോടുകൂടി എല്ലാവിധ ചരക്കുകളുടേയും ക്രയവിക്രയ കേന്ദ്രമായിത്തീർന്നു അതിരമ്പുഴ

അതിരമ്പുഴ ചന്ത

അതിരമ്പുഴ ചന്ത ഔദ്യോഗികമായി ആരംഭിച്ചത് കൊല്ലവർഷം 1042 – ൽ ആയില്യം തിരുനാളിന്റെ ഭരണകാലത്താണ്. സർ. ടി. മാധവറാവുവാണ് ചന്തയ്ക്ക് അനുവാദം നൽകിയത്. ചേർത്തല ഡിവിഷൻ പേഷ്ക്കാരായിരുന്ന ശങ്കുണ്ണി മേനോനും ഏറ്റുമാനൂർ തഹസീൽദാരായിരുന്ന വൈക്കം നാരായണപിള്ളയും ചന്ത സ്ഥാപിക്കുന്നതിനു സഹായിച്ചിട്ടുണ്ട്.

ഇന്ന് ചേർത്തലയിൽ ഡിവിഷൻ പേഷ്ക്കാരുമില്ല ഏറ്റുമാനൂരിൽ തഹസിൽ ദാരുമില്ല. രൂപവും ഭാവവും മാറിയെങ്കിലും അതിരമ്പുഴ ചന്ത ഇപ്പോഴും ഗാംഭിര്യത്തോടെ നിലനിൽക്കുന്നു.

1012 – ൽ കണ്ടെഴുത്തു നടത്തിയപ്പോൾ അതിരമ്പുഴ ചന്തയിരിക്കുന്ന പ്രദേശത്തെ ഏറ്റുമാനൂർ പടിഞ്ഞാറ്റും ഭാഗം ആയിട്ടാണ് കാണിച്ചിരുന്നത്. സർവ്വേ റിക്കാർഡുകളിൽ പതിഞ്ഞുപോയിട്ടുള്ള സ്ഥലവിവരണങ്ങളെ കണ്ടെഴുത്തിൽ കാണാറുള്ളൂ. നിലവിലുള്ള സ്ഥലനാമങ്ങൾക്ക് അതിൽ പ്രസക്തിയുണ്ടാവില്ല. അതായിരിക്കണം അതിരമ്പുഴ എന്ന പേരിന് അതിൽ സ്ഥാനമില്ലാതെ പോയത്.

എന്നാൽ അക്കാലത്തും ഇവിടെ ഒരു അങ്ങാടി ഉണ്ടായിരുന്നു എന്നതിനുള്ള തെളിവായി 1012 – ൽ ഏറ്റുമാനൂർ പടിഞ്ഞാറ്റും ഭാഗം കരയിൽ 97–ാം മതു ലക്കം അങ്ങാടിപ്പറമ്പു പുരയിടം എന്ന് 'ഒഴുകിൽ' കാണുന്നത് മുൻ പുറഞ്ഞ റിപ്പോർട്ടിൽ ഉദ്ധരിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിലും ഇവിടെ ഒരു അങ്ങാടി (വ്യാപാര സങ്കേതം) ഉണ്ടായിരുന്നു എന്തിന് അതു തെളിവാണ്. പോരെങ്കിൽ 917 – ലും മറ്റും എഴുതിയിട്ടുള്ള കരണങ്ങളിൽ നെല്ലിനെപ്പറ്റി അതിരമ്പുഴയിൽ വമ്പിച്ച തോതിൽ നെല്ലു വ്യാപാരം ഉണ്ടായിരുന്നെന്നും അതിരമ്പുഴപറ ഒത്ത പറയായി അംഗീകരിക്കപ്പെട്ടിരുന്നു എന്നും വ്യക്തമാണ്.

ആ പുരാതന കാലത്തെ ജീവിതത്തെപ്പറ്റിയും ആ റിപ്പോർട്ട് വെളിച്ചം വീശുന്നുണ്ട്. പൂർവ്വകാലത്ത് ഇവിടെ ഏതാനും മാരാന്മാരും നസ്രാണികളും കുടിപാർത്തിരുന്നു. ഇപ്പോൾ ഏറ്റുമാനൂർ എന്നറിയപ്പെട്ടിരുന്ന സ്ഥലം അവികസിതമായി കിടക്കുമ്പോഴും അതിരമ്പുഴയിൽ ജനങ്ങൾ ധാരാളമായി അധിവസിച്ചിരുന്നു. എങ്കിലും സാംക്രമിക രോഗങ്ങൾ ഭയന്നോ മറ്റോ ധാരാളം ജനങ്ങൾ സ്ഥലം വിട്ടുപോയി. അനേകം ഇടിഞ്ഞുപൊളിഞ്ഞ വീടുകളുടെ ശൂന്യാവശിഷ്ടങ്ങൾ കണ്ണിനു കണ്ടിട്ടുള്ളവർ അടുത്തകാലം വരെ ഇവിടെ ജീവിച്ചിരിപ്പുണ്ടായിരുന്നു.

1042 – ൽ ചന്ത സ്ഥാപിക്കുന്ന കാര്യത്തിൽ മീരാപിള്ള റാവുത്തർ, കൃഷ്ണ എകടൻ, മർത്യ എകടൻ (ഗൗഡസാരസ്വകർ) മുതലായി ചില നാട്ടുകാർ ഉത്സാഹികളിരുന്നു. കല്ലുങ്കൽ കുരുവിള, ചക്കാളായിൽ മത്തായി, വടക്കേടത്തു ദേവസ്യ, കുറ്റിയിൽ മാണി, പണ്ടാരക്കളത്തിൽ ചെറിയത്, മുറിക്കൽ ചെറിയത് നടുവിലേടത്ത് ഉമ്മിണിപ്പിള്ള, കൊല്ലപ്പള്ളിൽ ഉതുപ്പ് മുതലായവരായിരുന്നു ആദ്യകാലത്തെ കച്ചവടക്കാർ.

കൊല്ലവർഷം 106–ൽ ശ്രീ. മൂലം തിരുനാൾ മഹാരാജാവിന്റെ കാലത്താണ് ചന്തയിലേക്കുള്ള വഴി പബ്ലിക്ക് റോഡാക്കി നന്നാക്കിയത്. കൊല്ലവർഷം 1068–ൽ ചന്തയിലേക്കുള്ള പുഴയും ഗതാഗതയോഗ്യമാക്കി. പിന്നീട് മാന്നാനത്തേക്കുള്ള റോഡ് വെട്ടുകയും ളാലം റോഡ് വളരെ പണം ചിലവാക്കി കരിങ്കൽ ചീളിട്ട് ഉറപ്പിക്കുകയും ചെയ്തു. മിനച്ചിലാറിന്റെ തീരത്തുകൂടി പാണ്ടിദേശം വരെ നീണ്ടുകിടന്നിരുന്ന നാട്ടുവഴി വീതികൂട്ടി വെട്ടിയാണ് അതിരമ്പുഴ ളാലം റോഡ് തീർത്തത്.

കൊല്ലവർഷം 1090–ൽ (എ.ഡി 1914) ചന്തക്കളം വീണ്ടും പരിഷ്ക്കരിക്കുകയും വള്ളങ്ങൾ കയറിക്കിടക്കുവാനും മറ്റുമുള്ള സൗകര്യങ്ങൾ ഇന്നുകാണുന്ന രീതിയിൽ ഉണ്ടാവുകയും ചെയ്തു. അക്കാലത്തു സ്ഥാപിച്ച അതിരമ്പുഴ മുതൽ പൂഞ്ഞാർ വരെയുള്ള ചുമടുതാങ്ങുകളിൽ പലതും ഇന്നു കാണാവുന്നതാണ്. പാറേമാക്കൽ

തോമ്മാ കത്തനാരുടേയും കരിയാറ്റിൽ മല്പാന്റെയും റോമായാത്രക്കു സ്വർണ്ണരാശി അളന്നു കൊടുത്ത പൂതത്തിൽ ഇട്ടിക്കുരുവിള താരകൻ അതിരുമ്പുഴയിലെ ഒരു പ്രമുഖ വ്യാപാരിയായിരുന്നു.

കനകജൂബിലി

1092 ലെ മനോരമ ദീപിക റിപ്പോർട്ട്

സാമ്പത്തികമായി ഉയർന്നു നിന്നിരുന്ന അന്നത്തെ കച്ചവട സമൂഹം 1917 -ൽ അവരുടെ നേതൃത്വത്തിൽ അതിരമ്പുഴ ചന്തയുടെ കനക ജൂബിലി ആഘോഷിച്ചു. കൊല്ലവർഷം 1092 മകരം 28-ന് 'നസ്രാണി ദീപികയും' 'മലയാളമനോരമ'യും പ്രസിദ്ധീകരിച്ച അതിരമ്പുഴ ചന്തയുടെ കനക ജൂബിലിയാഘോഷറിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു.

അതിരുമ്പുഴ ചന്തയുടെ ചിരകാല പ്രതിക്ഷിതമായ സ്വർണ്ണജൂബിലി മഹോത്സവം മകരം 11-ാം തീയതി ബുധനാഴ്ച വളരെ കേമമായി കൊണ്ടാടിയിരിക്കുന്നു. ഇതു പ്രമാണിച്ചു വളരെ സ്ഥലങ്ങളും കെട്ടിടങ്ങളും പുരോഭാഗങ്ങളും എത്രമാത്രം ഹൃദയാകർഷകമാംവണ്ണം അലംകൃതമായിരുന്നുവെന്ന് എഴുതി ഫലിപ്പിക്കുവാൻ പ്രയാസം. ജൂബിലിക്ക് ഏതാനം ദിവസം മുമ്പ് മുതൽക്കേ ചന്തയിലെ നിവാസികൾ അഹമഹമികയാ അലങ്കാരമാരംബിച്ചതാണ്. ബുധനാഴ്ച നേരം പുലർന്നപ്പോൾ ചന്തയുടെ സ്ഥിതി കാണേണ്ടതുതന്നെയായിരുന്നു. ചിത്രവേലകൾകൊണ്ടും വർണ്ണക്കടലാസുകൊണ്ടുള്ള പലതരം വേലകൾകൊണ്ടും കൊടിക്കൂറകൾകൊണ്ടും ഈന്തൽ, കുലവാഴ, കുലത്തേങ്ങാ മുതലായ അലങ്കാരപദാർത്ഥങ്ങൾകൊണ്ടും കാണികളെ വിസ്മയപരവശരാക്കത്തക്കവിധം ചന്ത മുഴുവൻ അത്യന്തം വർണ്ണിതമായിരുന്നുവെന്ന് ചുരുക്കിപറഞ്ഞാൽ കഴിഞ്ഞു.

കാലത്ത് 6 മണിക്ക് 50 കതിനാവെടികൾ മുഴങ്ങി. ദേവാലയങ്ങളിൽനിന്നും കൂട്ടമണികളുടെ ശബ്ദം നിരന്തരമായി കേൾക്കാറാവുകയും ചെയ്തു. ഇതിനുശേഷം ചന്തയുടെ അഭിവൃത്തിക്കായി ചില വൈദികകർമ്മങ്ങൾ നടന്നു. പൊതുയോഗം നാലുമണിക്കായിരുന്നു. കോട്ടയം ഡിസ്ട്രിക്റ്റ് ജഡ്ജി വി.എൻ. രാമചന്ദ്രയ്യർ ആയിരുന്നു അദ്ധ്യക്ഷൻ പ്രത്യേകം അയക്കപ്പെട്ടിരുന്ന കാറിൽ അദ്ദേഹം പള്ളി മൈതാനത്ത് എത്തിയപ്പോൾ ബാന്റ് നാഗസ്വരം, തംബേർ മുതലായ വാദ്യഘോഷങ്ങളോടും കുട, തഴ, കൊടി, ആലവട്ടം, ചാമരം മുതലായ അലങ്കാരങ്ങളോടും കൂടിയാണ് അദ്ദേഹത്തെ സ്വീകരിച്ചത്. തദവസരത്തിൽ വാദ്യഘോഷങ്ങളും കതിനാവെടികളും ജനങ്ങളുടെ കൂട്ടം കൂട്ടമായ ആർപ്പുവിളികളും കൊണ്ട് ആ പ്രദേശമാകെ മുഴങ്ങി.

അനന്തരം യോഗം കൂടുന്നതിനായി ചന്തക്കടവിൽ അതിരമണിയമാം വണ്ണം മുൻകൂട്ടി കെട്ടി അലങ്കരിച്ചിരുന്ന പന്തലിലേക്ക് ഒരു ഘോഷയാത്രയാണുണ്ടായത്.

ജൂബിലി സ്മാരകമായി ചന്തക്കുളക്കരെ സ്ഥാപിച്ചിട്ടുള്ള ദീപസ്തംഭം അദ്ധ്യക്ഷൻ കൊളുത്തുകയുണ്ടായി. അതിരമ്പുഴ ചന്തയുടെ അപ്പോഴത്തെ സവിശേഷം ദർശനിലേമായിരുന്നു.

ചന്ത സ്ഥാപിച്ചതിന്റെ സുവർണ്ണജൂബിലിയും ശതാബ്ദിയും യഥാക്രമം 1917ലും 1967 ലുമായി കൊണ്ടാടി. സ്മാരകമായി ഒരു ദീപസ്തംഭം ചന്തക്കടവിൽ സ്ഥാപിക്കുകയും ചെയ്തു. 1917 -ൽ സ്ഥാപിച്ച സുവർണ്ണ ജൂബിലിസ്തംഭത്തിന്റെ അടിസ്ഥാന ശിലയിൽ തന്നെയാണ് ഇരുപതടി ഉയരത്തിൽ ആധുനിക രീതിയിൽ നിർമ്മിച്ചിരിക്കുന്ന ശതാബ്ദിസ്മാരകസ്തംഭത്തിന്റെയും അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നത്.

വളർച്ചയുടെ പാതയിൽ

ഒന്നാം ലോകമഹായുദ്ധകാലത്ത് അതിരമ്പുഴ കമ്പോളം പൂർവ്വാധികം വളർന്നു. കച്ചവടം ക്രമേണ അടുത്ത തലമുറയിലേക്ക് പകർന്നു. വിദ്യാസമ്പന്നരും പരിശ്രമശാലികളുമായ യുവതലമുറവ്യാപാരത്തിന്റെ ചുക്കാൻ പിടിക്കുവാൻ തുടങ്ങി. ചരക്കുകൾ ദൂരെ ദേശത്തുള്ള ഉല്പാദന കേന്ദ്രങ്ങളിൽ പോയി വൻ തുകകൾ മുടക്കി നേരിട്ട് ഉല്പന്നങ്ങൾ കൊണ്ടുവന്നു. സേലത്തു നിന്നു വറ്റൽമുളക്, ഉള്ളി, സവോള തുടങ്ങിയവയും കോട്ടാർ, നാഗർകോവിൽ ഇരണിയിൽ തുടങ്ങിയസ്ഥലങ്ങളിൽ നിന്നും കവണിയും മറ്റു ജവുളികളും പല്ലടം, ചെട്ടിപാളയം തുടങ്ങിയ സ്ഥലങ്ങളിലെ തോട്ടങ്ങളിൽ നിന്ന് ഇടക്കെട്ടൻ, നടുക്കെട്ടൻ,ഞെട്ടേക്കെട്ടൻ തുടങ്ങിയ നാടൻ പുകയിലയും കൽക്കട്ടയിൽ നിന്നും നാടൻ പുകയിലയും മറ്റും കൊണ്ടുവരുവാൻ തുടങ്ങി. പുകയില തോട്ടങ്ങളിൽ പോയാൽ ചിലപ്പോൾ തോട്ടത്തിൽ തന്നെ കച്ചവടം നടത്തി. പാകപ്പെടുത്തി അയച്ചിട്ടായിരിക്കും 30-40 ദിവസങ്ങൾ കഴിയുമ്പോൾ തിരിച്ചുവരിക. തമിഴ്നാടുമായി വളരെ കച്ചവട

ബന്ധങ്ങൾ ഉണ്ടായിരുന്നതിനാൽ ഇവിടുത്തെ വ്യാപാരികൾക്ക് തമിഴ് സംസാരിക്കാവാനും വായിക്കുവാനും കഴിയുമായിരുന്നു.

വലിയ കെട്ടുവള്ളങ്ങളായിരുന്നു ഇറക്കുമതിക്ക് ഉപയോഗിച്ചിരുന്ന പ്രധാന വാഹനം. 16 റുപ്പിക വരെ പതിവ് കൊടുത്തിരുന്നതും 300-ഓളം അരിച്ചാക്കുകൾ കയറ്റാവുന്നതുമായ (ഉദ്ദേശ്യം 2 ടൺ ഭാരം) ചാവറക്കാരുടെ 60-70 കേവു വള്ളങ്ങൾ ഉപയോഗിച്ചുവന്നു. എല്ലാപ്രധാനവ്യാപാരികൾക്കും മൂന്നും നാലും സ്ഥിരം വള്ളങ്ങളും വള്ളക്കാരും ഉണ്ടായിരുന്നു. കരമാർഗ്ഗമുള്ള ഗതാഗതം നടത്തിയിരുന്നത് കാളവണ്ടികൾ വഴിയും തലച്ചുമടായിട്ടുമായിരുന്നു. 200-ൽ പരം കാളവണ്ടികൾ വീതം കയറ്റിയിടുവാൻ സാധിക്കുന്ന 2 വലിയ വണ്ടിപ്പേട്ടകളിൽ (കൊച്ചുപുരയ്ക്കൽ വകയും പീടിയേക്കൽ വകയും) തലേദിവസം തന്നെ കാളവണ്ടികൾ എത്തിച്ചേരുമായിരുന്നു. വൈക്കോലും കാലിത്തീറ്റയും തന്നെ ഒരു കച്ചവടച്ചരക്കായിരുന്നു.

കടലിൽ രാവിലെ പിടിക്കുന്ന മത്സ്യത്തെ ചേർത്തല വഴി മദ്ധ്യാഹ്നത്തോടെ 60 -70 വള്ളങ്ങളിലായി കടവിലെത്തച്ച് 200 -250 സ്ത്രീ പുരുഷന്മാരുടെ തലച്ചുമടായി വൈകുന്നതിനുമുമ്പ് തന്നെ മിനച്ചിലിലും മറ്റുമുള്ള വീടുകളിൽ എത്തിച്ചിരുന്നു.

അലൂമിനിയം പാത്രങ്ങളുടെയും സ്റ്റെയിൻലെസ് സ്റ്റീൽ പാത്രങ്ങളുടേയും ആവിർഭാവത്തിനുമുമ്പ് മൺകലം, ചട്ടി തുടങ്ങിയവ വൻതോതിലുള്ള കച്ചവടച്ചരക്കായിരുന്നു. കട്ടച്ചിറ, കുടമാളൂർ തുടങ്ങിയ സ്ഥലങ്ങളിലെ ചട്ടി, കലങ്ങളെക്കാൾ കോട്ടാർ മാർത്താണ്ഡം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വലിയ കെട്ടുവള്ളങ്ങളിൽ കൊണ്ടുവരുന്ന 'പാണ്ടിച്ചട്ടിക്കും' 'പാണ്ടിക്കലത്തിനും' ഗുണനിലവാരവും വിലയും കൂടുതലായിരുന്നു. ഇന്ന് സ്റ്റീൽ പാത്രക്കടകളിൽ കാണുന്നതുപോലെ, ചട്ടി കലങ്ങൾ ചുമക്കുവാൻ പണിയാളുകളുമായി 'കൊച്ചമ്മമാർ' കലക്കച്ചവടക്കാരുടെ സമീപം നില്ക്കുന്നത് കാണാമായിരുന്നു. അതിരമ്പുഴയിൽ മൂന്നു വലിയ മൊത്ത വ്യാപാരികളാണുണ്ടായിരുന്നത്.

പ്രധാന ചന്ത ദിവസങ്ങൾ തിങ്കളാഴ്ചയും വ്യാഴാഴ്ചയുമായിരുന്നു. ഈ ദിവസങ്ങളുടെ തലേദിവസം രാത്രി തന്നെ തലച്ചുമടമായി സമീപ പ്രദേശങ്ങളിൽ നിന്നെല്ലാം കൃഷിക്കാർ കാർഷികോല്പന്നങ്ങൾ, വെറ്റില, പാക്ക്, ചുണ്ണാമ്പ്, ചേന, ചേമ്പ്, കാച്ചിൽ മധുരക്കിളങ്ങ്, കൂർക്ക, പാവയ്ക്കാ, വെണ്ടയ്ക്ക, വഴുതനങ്ങാ, വാഴക്കുലകൾ, തുടങ്ങിയവ കൊണ്ടുവരും. 1952 - നും ശേഷം പഞ്ചായത്തുവക സസ്യമാർക്കറ്റിലാണ് ഈ കച്ചവടം നടക്കുന്നത്.

അക്കാലത്ത് ദീപാവലി നാളുകളിൽ കൊച്ചിയിലെ സേട്ടുമാർ അതിരമ്പുഴ വള്ളങ്ങളിൽ ആദ്യം ചരക്കിടിക്കുന്നത് ഐശ്യര്യപ്രദമാണന്ന് വിശ്വസിച്ചിരുന്നു.

റോഡ് ഗതാഗതം പുരോഗമിച്ചതോടുകൂടി ജലഗതാഗതത്തിന്റെ വാണിജ്യ വിപണി മന്ദീഭവിച്ചെങ്കിലും വ്യാവസായികമായി പുരോഗതിയിലേക്ക് ഉയർന്നു. ചെറുകിട വ്യവസായങ്ങൾ മുതൽ വൻകിട വ്യാവസായങ്ങൾ വരെ അതിരമ്പുഴയിൽ ഇപ്പോൾ പ്രവർത്തിക്കുന്നു.

1953 - ജനുവരി മാസം അതിരമ്പുഴ പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ചു. അതിരമ്പുഴ സെന്റ് മേരീസ് ഫോറോനാ പള്ളിവക കെട്ടിടത്തിലായിരുന്നു. 1959 വരെ പഞ്ചായത്താഫീസ് പ്രവർത്തിച്ചിരുന്നത്. 1959 -ൽ ആണ് ഇന്നു കാണുന്ന പഞ്ചായത്താഫീസ് കെട്ടിടം നിർമ്മിച്ചത്. പഞ്ചായത്താഫീസിനു വേണ്ട സ്ഥലം സംഭാവനയായി നല്കിയത് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ഹാജി ടി.എം. ഹസ്സൻ റാവുത്തർ ആയിരുന്നു.

പ്ലാന്ററും വാണിജ്യ പ്രമുഖനും സാമൂഹ്യ സ്നേഹിയുമായ ഹസ്സൻ റാവുത്തർ അതിരമ്പുഴ സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥാപക പ്രസിഡന്റ് കൂടിയായിരുന്നു ഇദ്ദേഹം ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയിട്ടുള്ള ആളാണന്ന് പ്രത്യേകം പ്രസ്താവ്യമാണ്. പഞ്ചായത്താഫീസിന്റെ ഉത്ഘാടനം 1959 ജനുവരി 11-ാം തീയതി പഞ്ചായത്ത് ഡയറക്ടർ കെ.ടി. മൈക്കിൾ നിർവ്വഹിച്ചു.

പഞ്ചായത്താഫീസിനോടുകൂടി കാണുന്ന പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ പണി 1992 -ൽ പൂർത്തിയായി. 1992 ഓഗസ്റ്റ് 7-ാം തീയതി റവന്യൂ മന്ത്രിയായിരുന്ന കെ. എം. മാണി കമ്മ്യൂണിറ്റാ ഹാൾ ഉദ്ഘാടനം ചെയ്തു.

അതിരമ്പുഴയുടെ സാമൂഹ്യ സാംസ്ക്കാരിക പുരോഗതിക്ക് വിവധ മതസമൂഹങ്ങൾ നല്കിയ പുരോഗതി വളരെ വലുതാണ്. സാമൂഹ്യ രംഗത്ത് ദേശീയ തലത്തിൽ ശ്രദ്ധേയരായ വ്യക്തികളെ സംഭാവന ചെയ്യാൻ അതിരമ്പുഴക്കു കഴിഞ്ഞാട്ടുണ്ട്.

ജസ്റ്റീസ് കെ. കെ. മാത്യു കുറ്റിയിൽ

കേരളാ ഹൈക്കോടതി ജഡ്ജിയായും സുപ്രീം കോർട്ട് ജഡ്ജി ആയും സേവനമനുഷ്ഠിച്ചു. റിട്ടയർ ചെയ്ത ശേഷം പ്രസ്സ് കമ്മിഷൻ, ലോ കമ്മിഷൻ, പഞ്ചാബ് - ഹരിയാന ഭൂതർക്ക പരിഹാര കമ്മീഷൻ, ലോകമ്മീഷൻ ചെയർമാൻ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പ്രൊഫസർ. വി.വി. ജോൺ വടക്കേടം

ജോഡ്പൂർ സർവ്വകലാശാലയുടെ വൈസ് ചാൻസിലർ, ദേശീയ ന്യൂനപക്ഷ കമ്മീഷനിലെ അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സി.ഐ. മാത്യു ചക്കാല ക്കൽ

പോസ്റ്റ് ആന്റ് ടെലഗ്രാഫ് ബോർഡിൽ ഡയറക്ടർ, ഒന്നിലധികം സംസ്ഥാനങ്ങളിൽ പോസ്റ്റ് മാസ്റ്റർ ജനറൽ തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദേശീയ ഫിഷറീസ് ഡയറക്ടർ ആയിരുന്ന **കെ. എം. ജോസഫ് കളരിക്കൽ** നിർമ്മിതി കേന്ദ്രം ഡയറക്ടർ **സി.വി. ആനന്ദബോസ് ഐ.എ.എസ്**. എന്നിവരും അതിരമ്പുഴയുടെ സംഭാവനയാണ്.

ഡോക്ടർ ജോർജ് ആനാത്തിൽ

മദ്ധ്യപ്രദേശിലെ ഇൻഡോർ രൂപതയുടെ ബിഷപ്പായി സേവനം അനുഷ്ഠിക്കുന്നു. **ഡോക്ടർ ജോർജ്ജ് പോൾ പണ്ടാരക്കളം,** കോട്ടയം മെഡിക്കൽ കോളേജ് പ്രൻസിപ്പലായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. **അഡ്വ. വി.വി. സെബാസ്റ്റ്യൻ വടക്കേടം,** അതിരമ്പുഴയിൽ നിന്നും തിരുക്കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ എം.എൽ.എ. ആയിരുന്ന **ശ്രീ. ജോർജ്ജ് ജോസഫ് പൊടിപാറ** അതിരമ്പുഴയിൽ നിന്നും കേരള നിയമസഭയെ ഒന്നിലധികം തവണ പ്രതിനിധീകരിച്ചു.


ഒരു നാടിന്റെ പുരോഗതി ആ നാടിന്റെ ജനതയുടെ കഠിനാദ്ധ്വാനവും സത്യസന്ധതയും ആണ്. പൊതു നന്മ ലക്ഷ്യമാക്കിയുള്ള സേവനമാണ് ഇന്ന് നമുക്ക് ആവശ്യമായിട്ടുള്ളത്..... ഒത്തിരിയേറെ വികസന പ്രവർത്തനങ്ങൾ കാതോർത്തുകിടക്കുന്ന അതിരമ്പുഴയിൽ ഈ ആസൂത്രണ പ്രക്രിയയിലൂടെ നല്ല പ്രവർത്തനങ്ങളുടെ നാന്നികുറിക്കുവാൻ കഴിയുന്നതിനുവേണ്ടി നമുക്കും പ്രയത്നിക്കാം.



V. വിവിധ വികസന മേഖലകൾ



അതിരമ്പുഴ പഞ്ചായത്ത് ആഫീസ്



അതിരമ്പുഴ പഞ്ചായത്ത് കമ്മറ്റി

I. കൃഷിയും ജലസേചനവും

കൃഷിയും ജലസേചനവും

അതിരമ്പുഴ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. നാല്പത്തിമല, വേദഗിരി, ആനമല, മണ്ണാർകുന്ന്, കരുവേലിമല, ചൂരമല, ഊപ്പിടിയാംമല, ഇടുക്കുതറ, ചാത്തുണ്ണിപ്പാറ, വേമ്പനിക്കുന്ന്, മോടങ്ങാമല, മാന്നാനം, അമലഗിര, കാട്ടാത്തി, ഭഗവതിമല, എന്നീ കുന്നിൻ പ്രദേശങ്ങളും അപ്പർ കുട്ടനാടിന്റെ കിഴക്കുഭാഗവുമായി ബന്ധപ്പെട്ടു കിടക്കുന്ന പാടശേഖരങ്ങളും മറർ പാടശേഖരങ്ങളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം.

സമുദ്രനിരപ്പിൽ നിന്നും ഏകദേശം 8 മുതൽ 75 മീറ്റർ വരെ ഉയരത്തിലുള്ള മിഡ്ലാന്റ് പ്രദേശമാണ്. അതിരമ്പുഴ പഞ്ചായത്തിന്റെ മൊത്ത വിസ്തീർണ്ണം 2073 ഹെക്ടർ ആണ്.

ആദ്യകാലത്തെ പ്രധാനകൃഷി മരച്ചീനിയായിരുന്നു. തെങ്ങ് വാഴ നെല്ല്, ഇഞ്ചി, മഞ്ഞൾ, കശുമാവ്, കിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറി, പയറു വർഗ്ഗങ്ങൾ എന്നിങ്ങനെ വൈവിദ്ധ്യാമായ വിഭവങ്ങളാണ് ഇവിടെ കൃഷിചെയ്തിരുന്നത്.

പണ്ട് ഭൂമി ചില ജന്മികുടുംബങ്ങളുടെ കൈവശമായിരുന്നു. പിന്നീട് സാമൂഹികവ്യവസ്തയിലുണ്ടായ മാറ്റത്തിന്റെ ഫലമായി ഇടത്തരം കൃഷിക്കാരുടെ എണ്ണം വളരെ കൂടുകയും ഭൂമി വളരെയധികം അവരുടെ കൈവശം വന്നുചേരുകയും ചെയ്തു.

കോട്ടയം മെഡിക്കൽ കോളേജ് ഗാന്ധിജി യൂണിവേഴ്സിറ്റി, ഐ.റ്റി.ഐ. പ്രൊഡക്ഷൻ സെന്റർ, അമലഗിരി, മാന്നാനം കോളേജുകളും, മാന്നാനം ബി.എഡ്. കോളേജും, വേദഗിരി സ്പിന്നിംഗ് മിൽ കെ.എസ്. കാലിത്തീറ്റാ കമ്പനി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മറ്റ് ഇതര പൊതുസ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളും ഈ പ്രദേശവുമായി ബന്ധപ്പെട്ടുകിടക്കുന്നതുകൊണ്ട് ധാരാളം ആളുകൾ ഇങ്ങോട്ട് താമസം മാറ്റി. തൻമൂലം ഈ പഞ്ചായത്തിലെ ഭൂവിനിയോഗത്തിന്റെ സ്വഭാവത്തിൽ കാര്യമായ മാറ്റം ഉണ്ടായി. കൃഷിഭൂമിയുടെ വിസ്തീർണ്ണം പൊതുവേകുറയുകയും 25 സെന്റിൽ താഴെ ഭൂമിയുള്ള കുടുംബങ്ങളുടെ എണ്ണം പൊതുവേകൂടുകയും ചെയ്തു.

പട്ടിക 1

നമ്പർ	ഭൂപരിധി	കുടുബഗങ്ങളുടെ എണ്ണം
1	1/2 ഹെ. താഴെ	6212
2	1 ഹെ. താഴെ	1740
3	1 ഹെ. മുകളിൽ 2 ഹെ. ഇടയിൽ	343
4	2 ഹെ. മുകളിൽ	64

ഭൂപ്രകൃതി

കുന്നിൻ പ്രദേശങ്ങളും ചെരിവുകളും സമതലപ്രദേശവും പാടശേഖരങ്ങളും അടങ്ങിയതാണ് ഈ പ്രദേശം ചരൾ മണ്ണ്, ചെമ്മണ്ണ്, പശിമയുള്ള മണ്ണ് എന്നിവകാണുന്നു.

കാർഷിക മുറ

ആദ്യകാലങ്ങളിൽ കാർഷികതൊഴിലാളികൾ ധാരാളം ഉണ്ടായിരുന്നു. ഒരുമിച്ചുകൂടി പാട്ടു പാടി പണിയെടുത്തിരുന്നു ഒരു കാലഘട്ടമായിരുന്നു. അതു പരസ്പരം സഹകരിച്ച പണികൾ തീർത്തിരുന്നു. കാളപൂട്ട്, ചക്രം ചവിട്ട് എന്നിവ കൃഷിരീതിയുടെ പ്രത്യേകത ആയിരുന്നു. അന്ന് കന്നുകാലികൾ ധാരാളം ഉണ്ടായിരുന്നു. അതിനാൽ ചാണകം സുലഭമായിരുന്നു. പച്ചിലയും ചാണകവും ചാരവും മാത്രമായിരുന്നു അന്നത്തെ വളങ്ങൾ

ഇന്നത്തെ കൃഷി

റബർ:

ആദ്യകാല പ്രധാനകൃഷികൾ റബറിനു വഴിമാറിക്കൊടുത്തു. നിലവിലുള്ള കൃഷികൾ ലാഭകരമല്ലാതെ വരുകയും നിത്യവരുമാനം ലഭിക്കുന്ന കൃഷിയായി റബർ അംഗീകരിക്കപ്പെടുകയും ചെയ്തു. കടുത്ത മഴയും കടുത്തവേനൽക്കാലവും നീക്കിയുള്ള 7-8 മാസങ്ങളിലായി 200 ദിവസത്തോളം ആദായമുള്ള കൃഷിയായി റബർ നാടൻ റബർ ഇനങ്ങൾ ഉപയോഗിച്ചിരുന്നപ്പോളുള്ള കർഷകരുടെ അനുഭവമാണിത്. ആർ.ആർ. 105 പോലുള്ള പുതിയ റബർ തൈകൾ പ്രചാരത്തിൽ വന്നപ്പോൾ വിളവെടുപ്പ് കൂടുകയും പട്ടമരപ്പ് കൂടുകയും തൊഴിൽ ദിനങ്ങളുടെ എണ്ണം ഗണ്യമായ കുറയുകയും ചെയ്തു. താരതമ്മ്യേന മറ്റ് കൃഷികൾ ഗണ്യമായ തോതിൽ പിറകോട്ടു പോയെന്നാണ് സൂചന.

തെങ്ങ്

അതിരമ്പുഴ പഞ്ചായത്തിന്റെ എല്ലാഭാഗത്തും തെങ്ങ് കൃഷിചെയ്യുന്നു. ഉല്പാദനക്ഷമതയിൽ നമ്മൾ സംസ്ഥാനശരാശരിയിൽ വളരെ താഴെയാണ്. കാറ്റുവീഴ്ച കൂമ്പുചീയൽ ചെമ്പൻ ചെല്ലി, മഞ്ഞളിപ്പ് എന്നീ രോഗങ്ങൾ തെങ്ങിനെ ആക്രമിക്കുന്നു. അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈയ്കൾ ആവശ്യമാണ്. ജൈവവളങ്ങത്തിന്റെ അഭാവവും ജലസേചനമില്ലായ്മയും നാളീകേര ഉല്പാദനത്തെ കാര്യമായി ബാധിച്ചു. രാസവള പ്രയോഗത്തിലെ ക്രമക്കേടുകൾ ഉല്പാദനം മുരടിപ്പിക്കുന്നു. തെങ്ങിൻ തോപ്പിൽ വാഴ, ഇഞ്ചി, മുതലായവയുടെ ഇടകൃഷി പ്രോത്സാഹിപ്പിക്കുകയും ഭംഗിയായ പരിചരണവും ജലസേചനം ഗണ്യമായി വർദ്ധിക്കും.

നെൽകൃഷി

മൊത്തം വിസ്തീർണ്ണത്തിന്റെ 15% ത്തോളം പാടങ്ങളായിരുന്നു. വേദഗിരിപാടം, പടകാരംപാടം, പാറേമ്മാക്കിൽ പാടം, ഇരുവേലി പാടം, തോട്ടനാനിപാടം, മനയ്ക്കപാടം, മുണ്ടകപ്പാടം, ചാത്തനിക്കരി, കുഴിമറ്റം, പാരാവേലി, അരീക്കൽപാടം, നടിവിലക്കരപാടം, കണമറ്റം, മാത്തന്നോട്ട് പാടം, വഞ്ചിപ്പാടം, കളമ്പുകാട്ടുപാടം, കല്ലിയ്ക്കൽ പാടം, മാന്നാനം പാടം, നടുവത്തൊടിപ്പാടം, ഇത്തമ്മത്തടം, കണ്ണാമ്പടം പാടം, എന്നിവയാണ്.

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ നെൽകൃഷി വളരെ കുറഞ്ഞിട്ടുണ്ട്. നെൽകൃഷി ലാഭകരമല്ലാതായതിനാലും കാർഷികതൊഴിലാളികളുടെ ലഭ്യതകുറവും കൂലി, വളം കീടനാശിനി എന്നിവയുടെ അമിത വില വർദ്ധനവും ശരാശരിയിൽ താഴ്ന്ന ഉല്പാദനവും കൃഷി ഉപേക്ഷിക്കുവാൻ കർഷകരെ പ്രേരിപ്പിച്ചു. അടുത്ത കാലത്ത് വഴിസൈഡിലുള്ള പാടങ്ങൾ നികത്തി നല്ല വിലയ്ക്ക് റെസിഡൻഷ്യൽ പ്ലോട്ട് ആക്കുന്നതും നെൽകൃഷിയെ ബാധിച്ചു. 12/85 ജ്യതി, പവിഴം ജയ, കാറ്റാടി, ഐ.ആർ. - 8, വെളുത്തിട്ടാര്യൻ എന്നിവ കൃഷിചെയ്യുന്നു. ഹെക്ടറിന് 1300 മുതൽ 1800 വരെയാണ് ഉല്പാദനക്ഷമത.

പച്ചക്കറി കൃഷി

ഈ പ്രദേശത്ത് വാഴ പാവൽ പടവലം, പയർ വെള്ളരി, പച്ചമുളക്, കോവൽ, വെണ്ടയ്ക്ക, തടിയൻകായ്, എന്നിവ വ്യാപകമായി കൃഷി ചെയ്തുവരുന്നു. തൽക്കാലത്ത് നെൽകൃഷി വ്യാപകമായി നടത്താവുന്നതാണ്. ജലസേചന സൗകര്യം ഉണ്ടായാൽ പച്ചക്കറി കൃഷി വർദ്ധിപ്പിക്കുവാൻ സാധിക്കും. തണ്ടുചീയൽ, ഇലപ്പുള്ളി രോഗം, ഇലമുരടിപ്പ് ഇവ തടയുവാനുമുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കണം.

കിഴങ്ങുവർഗ്ഗങ്ങൾ

കപ്പ ചേന, ചേമ്പ്, ചീനിക്കിഴങ്ങ്, കാച്ചിൽ, ചെറുകിഴങ്ങ് എന്നിവ ആദ്യകാലത്ത് ഏറ്റവും വിപുലമായ കൃഷിയായിരുന്നു . ഇപ്പോൾ ഇതുവ ളരെകുറഞ്ഞിരിക്കുന്നു കൂലിചെലവ് വളം എന്നി വയുടെ വർദ്ധനവ് എലിശല്യം ആണ്ടിൽ ഒരിക്കൽ മാത്രം ആദായം എന്നികാരണങ്ങൾ കൃഷിക്കാരെ ഇതിൽ നിന്നും പിൻതിരിപ്പിക്കുന്നു.

നാണ്യവിളകൾ

ഇഞ്ചി, മഞ്ഞൾ, കശുമാവ്,കുരുമുളക്, കൊക്കോ, കമുക്, കാപ്പി,ജാതി, ഗ്രാമ്പൂ മുതലായ കൃഷികൾ മിക്കവാറും എല്ലാ പുരയിടങ്ങളിലും മുൻകാലങ്ങളിൽ വളരെ കൂടുതലും ഇപ്പോൾ കുറ വായും കൃഷിചെയ്ത് വരുന്നു. കൃഷിഭൂമിയുടെ വിഭജനവും ബുദ്ധിമുട്ട് കൂടുതലും നിത്യവരുമാ നമല്ലാത്തതും കൃഷി കുറയുന്നതിന് ഇടയാക്കി.

ഔഷധ സസ്യങ്ങൾ

ഔഷധ സസ്യങ്ങളുടെ കൃഷി ഇവിടെ കുറ വാണ്. കച്ചോലം ആടലോടകം, ആര്യവേപ്പ്, കരി വേപ്പില, നറുനീണ്ടി, തുളസി, വാനില എന്നിവ ഇവിടെ ലാഭകരമായി കൃഷിചെയ്യുന്നു.

വൃക്ഷ സംരക്ഷണം

തടിയുടെ ഉപയോഗം നാൾക്കുനാൾ വർദ്ധി ച്ചുവരുന്നതിനാൽ തേക്ക് മഹാഗണി, മാഞ്ചിയം, ആഞ്ഞിലി, പ്ലാവ് എന്നിവ എല്ലാ പുരയിടങ്ങളിലും കൃഷിചെയ്യുന്നത് ലാഭകരമാണ്. 25 സെന്റിൽ താഴെയുള്ള കുടുംബങ്ങൾക്ക് മരംവച്ച് പിടിപ്പിക്കു ന്നത് കാലാവസ്തയിൽ വന്നിരിക്കുന്ന അസന്തു ലനാവസ്ത പരിഹരിക്കുന്നതിനും താമസം സുഖ കരമാക്കുന്നതിനും സഹായിക്കും.

പുഷ്പകൃഷി

പുഷ്പകൃഷി ഇവിടെ വികസനസാദ്ധ്യത യുള്ളതാണ്. കുറ്റിമുല്ല, ആന്തുറിയം ഓർക്കിഡ്, റോസ, പിച്ചകം മുതലായവയുടെ കൃഷികൾ പഠി പ്പിക്കുകയും ആവശ്യമായ സഹായം നൽകുകയും ചെയ്താൽ ഒഴിവുസമയം പ്രയോജനപ്പെടുത്തി സ്ത്രീകൾക്ക് ഒരു വരുമാനമാർഗ്ഗം ഉണ്ടാക്കാവു ന്നതാണ്. നേഴ്സറികളിൽ ചെടികൾ വ്യാപക മാണ്.

തേനീച്ച റബ്ബർ തോട്ടങ്ങളിൽ തേനീച്ച വളർത്തൽ സ്ക്കീം ഉണ്ടാക്കേണ്ടതാണ്.

പട്ടിക

വിള വിസ്തീർണ്ണം (കൃഷിഭവൻ രേഖ)	ഹെക്ടറിൽ
റബ്ബർ	965
തെങ്ങ്	502
നെല്ല്	150
പച്ചക്കറി	50
കിഴങ്ങുവർഗ്ഗങ്ങൾ	22
നാണ്യവിളകൾ	75
വാഴ	42
കൊക്കൊ	21
മറ്റുള്ളവ	15

മണ്ണ് സംരക്ഷണം

കാർഷികവൃത്തിയുടെ പുരോഗതിക്കും ഉല്പാദനക്ഷമതയ്ക്കും മണ്ണ് സംരക്ഷണം അത്യാ വശ്യമാണ്. മുൻപ് ഈടുമാടുകയ്യാലകൾ, മരങ്ങൾ എന്നിവ സ്ഥാപിച്ച് മണ്ണൊലിപ്പ് തടഞ്ഞിരുന്നു. ഇപ്പോൾ മണ്ണ് സംരക്ഷിക്കുന്നതിന് ഭീമമായ ചിലവ് വരുന്നു. മണ്ണ് സംരക്ഷണ പ്രവർത്തന ങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഉതകുന്ന സഹായ പദ്ധതികൾ അനിവാര്യമാണ്.

നേഴ്സറി

നടീൽ വസ്തുക്കളുടെ ലഭ്യത ക്ലേശകരമാ ണ്. പൊതുവേ നേഴ്സറികൾ ഒന്നുമില്ല. സ്വകാര്യ നേഴ്സറികൾ 5 എണ്ണം ഉണ്ടെങ്കിലും മിതമായ വിലയ്ക്ക് ആവശ്യത്തിന് നടീൽ വസ്തുക്കൾ ലഭി ക്കുന്നില്ല, കർഷകർക്കാവശ്യമായ വിത്തുകളും, നടീൽ വസ്തുക്കളും ന്യായവിലയ്ക്ക് സമീപത്ത് ഉത്തരവാദിത്വത്തിൽ കിട്ടുവാൻ പഞ്ചായത്തിൽ ഒരു നേഴ്സറി സ്ഥാപിക്കണം.

വളം

സഹകരണ മേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽ ഏഴും വള വിതരണ കേന്ദ്രങ്ങൾ ഉണ്ട്. കൃഷിയ്ക്ക് ഇന്ന് 75% വും രാസവളങ്ങൾ ആണ് ഉപയോഗിക്കുന്നത്. രാസവളത്തിന്റെ അശാ സ്ത്രിയവും ക്രമവിരുദ്ധവുമായ ഉപയോഗം കൃഷി

യുടെ ഉല്പാദനക്ഷമത കുറയുന്നതിനു കാരണ മാക്കി. ജൈവവള യൂണിറ്റ് സ്ഥാപിക്കുകയും, കമ്പോസ്റ്റ് കുഴി സംവിധാനം വിപുലപ്പെടുത്തു കയും ചെയ്താൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും. മണ്ണ് പരിശോധനാ സംവിധാനം വളപ്ര യോഗത്തെ ക്രമപ്പെടുത്തുന്നതുകൊണ്ട് മണ്ണ് പരി ശോധനാ സംവിധാനവും ആവശ്യമാണ്.

കീടനാശിനികൾ

കീടനാശിനികളുടെ ഉപയോഗം ഈ പ്രദേ ശത്ത് വളരെ കൂടുതലാണ്. കീടനാശിനികളുടെ പ്രയോഗം കുറയ്ക്കുന്നതിനും ഭക്ഷ്യവസ്തുക്ക ളുടെ ഗുണ നിലവാരം കൂട്ടന്നതിനുമുള്ള സംവി ധാനം ഉണ്ടാകേണ്ടിരിക്കുന്നു.

പട്ടിക 3

വളത്തിന്റെ ഉപയോഗം (ടൺ)

	91-92	92-93	93-94
ഫാക്ടംഫോസ്	75.65	86.30	78.5
10-10-4	58.375	62.250	60.25
10-10-10	12.75	15.150	16.1
പൊട്ടാഷ്	53.375	66.2	62.6
യൂറിയാ	23.85	29.15	25.8
സുപ്പർഫോസ്	12.25	14.25	11.7
മസൂറി	54.8	70.4	60.35
8-8-16	8.65	11.5	9.4
മഗ്നിഷ്യം സൾഫേറ്റ്	6.75	8.5	7.8
എല്ലുപൊടി	24.75	21.5	26.5
സാമീൽ	19.4	20.6	22.6
10-5-20	21.55	23.250	16.25
റോക്ക്			
ഫോസ്ഫേറ്റ്	.98	1.250	1.4
18-18-18	20.75	24.6	21.250

ജലസേചന സൗകര്യങ്ങൾ

കാർഷിക പ്രവർത്തനങ്ങൾ പ്രധാനമായും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. രണ്ട് ഘട്ടങ്ങ ളിലായി ജൂൺ മുതൽ നവംബർ വരെയാണ് ഇവിടെ മഴ ലഭിക്കുന്നത്. ഇടമഴയുടെ അഭാവം മൂലം ഇവിടെ കൃഷിയ്ക്ക് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. ഈ പഞ്ചായത്തിൽ ശരിയായ ഒരു ജലസേചന പദ്ധതി നിലിവിലില്ല

തോടുകൾ

ചെത്തി തോട്, പെണ്ണാർ തോട്, പെരുമ്പുഴ തോട്, അരിക്കൽ തോട്, ഇരുവേലിക്കൽ തോട്, മനയ്ക്കപ്പാടം തോട്, അടിച്ചിറ - വെട്ടൂർ മറ്റം തോട്, കാട്ടു തോട്, പൂച്ചേരി തോട്, എന്നിവ ഈ പഞ്ചായത്തിലുണ്ട്. ഇവയെ കൂടാതെ മാത്ത ത്തോട്, മാടപ്പള്ളിതോട്, പുല്ലാക്കാരി തോട്, എന്നിവയും നിലവിലുണ്ട്. എന്നിരുന്നാലും എല്ലാ തോടുകളും ഡിസംബർ മാസത്തോടെ വറ്റിവര ളുന്നു. പെണ്ണാർ തോട്ടിൽ മാത്രം എല്ലാ സമ യത്തും ആവശ്യത്തിന് വെള്ളം ഉണ്ടെങ്കിലും കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ ഇതു വരെ കഴിഞ്ഞിട്ടില്ല.

കുളങ്ങൾ

വേദഗിരി കുളം, മണ്ണൂർ കടത്തിനു സമീപ മുള്ള പാറക്കുളം, അതിരമ്പുഴ ചന്തക്കുളം, മന യ്ക്കപ്പാടം കുളം, പാറേമാക്കാൽ കുളം, തുർമ്മൽ കുളം, എന്നീ കുളങ്ങൾ മാത്രമേ ഈ പഞ്ചായ ത്തിലുള്ളു. ഈ കുളങ്ങളിലെ വെള്ളവും കൃഷി ആവിശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല. തോടു കളും കുളങ്ങളും സ്വകാര്യ വ്യക്തികളും അല്ലാ ത്തവരും കയ്യേറി രൂപമാറ്റം വരുത്തുകയും ചെയ്ത് ഉപയോഗപ്രദമല്ലാതാക്കിയിട്ടുണ്ട്.

കുഴൽ കിണറുകൾ

ഈ പഞ്ചായത്തിൽ ആകെ 12 കുഴൽകി ണറുകൾ ഉണ്ട്. പതിമൂന്ന് വർഷമായി നാല്പാ ത്തിമല ഹരിജൻ കോളനിയിൽ സ്ഥാപിച്ചിരി ക്കുന്ന കുഴൽ കിണറ്റിൽ നുന്നും സമീപപ്രദേശ ങ്ങളിലേക്ക് വെള്ളം പമ്പ് ചെയ്ത് കുടിവെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഈ കിണ റ്റിൽ നിന്നുമുള്ള ജലനിർഗ്ഗമനം ഇപ്പോൾ ഇല്ലാ തായി തുടങ്ങിയിരിക്കുന്നു. നമ്മുടെ പഞ്ചായ ത്തിലെ എല്ലാ കുഴൽ കിണറുകളും കുടിവെള്ള ത്തിനു വേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്.

പറമ്പ് ജലസേചനം

പുരയിടങ്ങളിൽ ജലസേചനം സുഗമമാക്കുന്നതിന് കൃഷിഭവൻ, ബ്ലോക്ക് എന്നിവ മുഖാന്തിരം 300 കിണറുകൾക്കും 350 പമ്പ്സെറ്റുകൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നിരുന്നാലും ജല സേചനം ആവശ്യമുള്ള മാസങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ ഇവ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. പറമ്പ് ജലസേചനം നടക്കുന്നില്ല എന്നുള്ള വാസ്തവം നിലനിൽക്കേ ഡ്രിപ്പ് ഇറിഗേഷൻ, കമ്മ്യൂണിറ്റി ഇറിഗേഷൻ സ്പ്രിങ്കർ ഇറിഗേഷൻ എന്നീ പദ്ധതികൾ ഇവിടെ ആരംഭിക്കുവാൻ പോലും കഴിഞ്ഞിട്ടില്ല.

കാർഷിക ഉപകരണങ്ങൾ

കർഷകത്തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി ആധുനിക കാർഷിക ഉപകരണങ്ങൾ പ്രചരിപ്പിക്കേണ്ടതും കൃഷിരീതികൾ മെച്ചപ്പെടുത്തേണ്ടതും ആവശ്യമാണ്. കൊയ്ത്ത് യന്ത്രം, നടീൽ യന്ത്രം, ട്രാക്ടർ, ട്രില്ലർ, സ്പ്രേയറുകൾ, തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ എല്ലാ കർഷകർക്കും കുറഞ്ഞ നിരക്കിലും സബ്സിഡി ലഭ്യമാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കണം.

കാർഷിക വായ്പ

കൃഷി ആവശ്യത്തിന് വേണ്ടിവരുന്ന മുഴുവൻ തുകയും ആവശ്യമുള്ള എല്ലാ കർഷകർക്കും പലിശയില്ലാത്ത വായ്പകളായി നൽകുവാൻ കൃഷിഭവനിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും സംവിധാനമുണ്ടാകണം. കർഷകരുടെ വിവിധ ആവശ്യങ്ങൾക്കായി ഫാർമേഴ്സ് കോ - ഓപ്പറേറ്റീവ് സൊസൈറ്റികളുടെ യൂണിറ്റുകൾ എല്ലാ വാർഡിലും സ്ഥാപിച്ച് അവരെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്.

കൂലിനിരക്ക്

കാർഷിക മേഖലയിൽ കർഷകന്റെയും തൊഴിലാളികളുടെയും എണ്ണം ദിനം പ്രതി കുറഞ്ഞുവരികയാണെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നുവല്ലോ. വിദ്യാഭ്യാസരംഗത്ത് വന്ന മാറ്റം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിവിധ തൊഴിൽ സേവന മേഖലകൾ, എന്നിവ കൃഷി മാന്യമായ തൊഴിലായി അംഗീകരിക്കപ്പെടാതിരിക്കുന്നതിന് കാരണമായി. പുരുഷതൊഴിലാളികൾക്ക് 110 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 75 രൂപയുമാണ് ഇവിടുത്തെ ശരാശരി കൂലിനിരക്ക്.

കർഷക സമിതികൾ

കൃഷിക്കാരുടെ വിവിധ സമിതികൾ നിലവിലുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനങ്ങൾ എല്ലാ കർഷകർക്കും പ്രയോജനപ്പെടുന്നില്ല. പാടശേഖര സമിതി, കേരവികസന സമിതി, പഴം പച്ചക്കറി സംഭരണകേന്ദ്രം എന്നി നിലവിലുണ്ടെങ്കിലും കർഷകർക്ക് പൂർണ്ണമായി പ്രയോജനപ്പെടുത്തക്ക സാഹചര്യം ഇവയ്ക്കില്ല.

ഉല്പന്ന വിലയും സംഭരണവും.

കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വർഷങ്ങളായി പ്രവർത്തിക്കുന്ന അതിരമ്പുഴ ചന്തയെ ആണ് കർഷകർ ആശ്രയിക്കുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിന് കർഷകർ ഇരയാകുന്നതിനാൽ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിച്ച് ഉല്പന്നങ്ങൾ വിലനിലവാരം നിലനിർത്തുന്നതിന് ഉള്ള സംവിധാനം ഉണ്ടാകണം.

നടപ്പുപദ്ധതികളുടെ അവലോകനം

ഇന്നുള്ള പല പദ്ധതികളും അനുപേക്ഷണീയമല്ല. പമ്പുസെറ്റ്, കിണർ, വിത്ത്, വളം എന്നിവയ്ക്കു കൊടുക്കുന്ന സബ്സിഡികൾ പ്രയോജനപ്രദമാകണമെങ്കിൽ എല്ലാവർക്കും ഇവ ലഭിക്കുന്നതിനുള്ള പദ്ധതി ഉണ്ടാകണം. പദ്ധതികൾ പലതും പ്രാദേശിക ആവശ്യമനുസരിച്ചല്ല രൂപപ്പെടുത്തിയിരിക്കുന്നത്.

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

1. ശരാശരിയിൽ താഴെ ഫലഭൂയിഷ്ടമാണ്.
2. മണ്ണൊലിപ്പ് കൃഷിയെ ബാധിക്കുന്നു.
3. പാടങ്ങൾ നികത്തപ്പെടുന്നു.

4. വിത്ത് നടീൽ വസ്തുക്കൾ എന്നിവ മിതമായ വിലയ്ക്ക് ലഭ്യമല്ല.
5. തൊഴിലാളികളുടെ അപര്യാപ്തത–കൂലിവർദ്ധനവ്.
6. ജലസേചനത്തിന്റെ അഭാവം.
7. ജൈവവളങ്ങളുടെ അഭാവം.
8. രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധനവ്.
9. നീർക്കെട്ട് കാരണം തരിശ്.
10. ആധുനിക കാർഷിക ഉപകരണങ്ങളുടെ അഭാവം.
11. ഉൽപ്പന്നങ്ങളുടെ വിലയിടിവ്.
12. വായ്പാ സൗകര്യം ആവശ്യത്തിന് ലഭ്യമല്ല.
13. ഉല്പന്ന സംസ്കരണത്തിനുള്ള സൗകര്യങ്ങളില്ല.
14. കൃഷി ഉദ്യോഗസ്ഥരുടെ സേവനം വാർഡ് തലത്തിൽ ലഭ്യമല്ല.
15. കർഷകരോടുള്ള അവഗണന.
16. പ്രകൃതി ക്ഷോഭം.
17. കീടാണുക്കളുടെ കടന്നാക്രമണത്തെ ഫലപ്രദമായി ചെറുക്കുവാൻ കഴിയാത്തത്
18. കൃത്യ സമയത്തുള്ള വളപ്രയോഗമില്ലായ്മ.

നിർദ്ദേശങ്ങൾ

1. മണ്ണൊലിപ്പ് തടയുന്നതിന് ഈടുമാടു കയ്യാലകൾ മുതലായവ തീർക്കുവാൻ 75% സബ്സിഡി നൽകുക.
2. വിത്ത് നടീൽ വസ്തുക്കൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് നേഴ്സറികൾ സ്ഥാപിക്കുക.
3. നീലിമംഗലം ആറ്റിൽ നിന്ന് വെള്ളം പമ്പ്ചെയ്ത് അടിച്ചിറ വെട്ടൂർമറ്റം തോടിലൂടെ നാല്പാത്തിമല താഴെ എത്തിച്ച് പുതിയ ജല സേചന പദ്ധതി ആവിഷ്ക്കരിക്കുക.
4. മൂവാറ്റുപുഴ നദീതടപദ്ധതിയുടെ പണി പൂർത്തിയാക്കുക.
5. പെണ്ണാർ തോട്ടിൽ നിന്നും വെള്ളം പമ്പ്ചെയ്ത് വിവിധ സ്ഥലങ്ങളിലെ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കുക.
6. നെൽകൃഷി, ഇടകൃഷി (ഇഞ്ചി മഞ്ഞൾ വാഴ, കൊക്കോ) എന്നിവയ്ക്ക് സബ്സിഡി നൽകുക.
7. നെൽകൃഷി നഷ്ടമായിരിക്കുന്ന പാടശേഖരങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക
8. നിലവിലുള്ള തോടുകളും കുളങ്ങളും കൈയ്യേറ്റക്കാരെ ഒഴിവാക്കി ജലസേചന യോഗ്യമാക്കിത്തീർക്കുക.
9. ജൈവവള യൂണിറ്റ് സ്ഥാപിക്കുകയും പച്ചിലവളത്തിന് പുരയിടത്തിന് ചുറ്റും പച്ചിലവള സസ്യകൃഷിയ്ക്ക് ആനുകൂല്യം നൽകുകയും കുറഞ്ഞ നിരക്കിൽ കീടനീശിനി ലഭിക്കുന്നതിന് പ്രത്യേക യൂണിറ്റ് സ്ഥാപിക്കുകയും ചെയ്യുക
10. ആധുനിക കൃഷി ഉപകരണങ്ങളുടെ ഉപയോഗവും പ്രശക്തിയും പ്രചരിപ്പിക്കുകയും വിതരണം ചെയ്യുകയും വേണം.
11. വിളനാശത്തിന് ഇൻഷുറൻസ് പദ്ധതികൾ വ്യാപകമായി നടപ്പാക്കുക.
12. കൃഷിമാത്രം ഉപജീവനമാർഗ്ഗമായിട്ടുള്ള കുടുംബങ്ങൾക്ക് ഉല്പാദന ക്ഷമതയയുമായി ബന്ധപ്പെടുത്തി ബോണസ്, ഇ.എസ്.ഐ., പെൻഷൻ, ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുക.
13. സെമിനാറുകളും, കാർഷിക, പരിശീലന പരിപാടികളും, ചർച്ചാക്ലാസ്സുകളും സംഘടിപ്പിച്ച് കർഷകരെ ശാസ്ത്രീ കൃഷിരീതിയിൽ പ്രബുദ്ധരാക്കുക.
14. ഫാർമേഴ്സ് കോ – ഓപ്പറേറ്റീവ് സൈസൈറ്റികൾ സ്ഥാപിക്കുക.
15. കാർഷിക തൊഴിൽസേനാ രൂപികരണവും ഗ്രൂപ്പ് ഫാംമിംഗ് സംവിധാനവും നടപ്പാക്കുക.

വാർഡുതലത്തിൽ നടപ്പാക്കേണ്ടവയുടെ നിർദ്ദേശങ്ങൾ

വാർഡ് 1.

പാറേമാക്കൽകുളം ജലസേചന പദ്ധതിയുമായി ബന്ധപ്പെടുത്തി ഔഷധപുഷ്പകൃഷി നടപ്പാക്കുക.

വാർഡ് 2.

മാലിയേൽപ്പടി വലിയതടം കാട്ടാത്തി ഭാഗത്ത് കുളം നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക

വാർഡ് 3.

മൂവാറ്റുപുഴ പദ്ധതി മൂന്നാം വാർഡിലേക്ക് നീട്ടി ജലസേചനം നടത്താൻ സംവിധാനം ഉണ്ടാക്കണം. മനക്കപ്പാടം, ചൂരക്കുളങ്ങര എന്നിവിടങ്ങളിൽ കുളം തീർത്ത് ജലസേചനം നടത്തുക.

വാർഡ് 4.

പാറോലിക്കൽ തലയ്ക്ക്ൽ എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് കൃഷിയ്ക്കാവശ്യമായ ജലസേചനം ഉറപ്പുവരുത്തുക. ഇവിടെ വാനില കൃഷിയ്ക്ക് സാദ്ധ്യത ഉണ്ട്.

വാർഡ് 5.

ഇരുവേലി തോടിന്റെ സൈഡ് കരിങ്കല്ലുകെട്ടി ബലപ്പെടുത്തുക. വാനില കൃഷി, പുഷ്പ കൃഷി, ഔഷദകൃഷി, എന്നിവ നടപ്പിലാക്കുവാൻ ഈ ജലസേചന പദ്ധതിക്കു സാധിക്കും.

വാർഡ് 6.

പന്നയ്ക്കൽ, കദളിമറ്റം, വേമ്പേനിക്കൽ എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് ജലസേചനം നടത്തുക. പുല്ലക്കരി തോടിന്റെ ഇരുവശവും കരിങ്കല്ലുകെട്ടി സംരക്ഷിക്കുക.

വാർഡ് 7.

പെണ്ണാർതോടിന്റെ മുടാവേലിഭാഗത്തു നിന്ന് വടക്കോട്ട് പൂഴിക്കനട, വഞ്ചിപ്പാടം ഇടുക്കുതറ ഭാഗംവരെ തോടു വികസിപ്പിച്ച് ജലസേചന സൗകര്യമുണ്ടാക്കുക.

വാർഡ് 8.

മാത്തത്തോട് ഭാഗത്തെ കുളം നിർമ്മിച്ച് സൈഡ്കെട്ടി ജലസേചനത്തിന് ഉപയോഗിക്കുക. പട്ടുനൂൽ കൃഷി കൂൺകൃഷി എന്നിവ ഇവിടെ ആവിഷ്ക്കരിക്കുന്നതിന് പദ്ധതി ഉണ്ട്.

വാർഡ് 9.

ഞരളിക്കോട്ടിൽ മുണ്ടകപ്പാടം എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് ജലസേചന സൗകര്യം നടപ്പാക്കുക.

വാർഡ് 10.

പൂഴിക്കുന്ന് കോശാക്കൽ ഭാഗത്ത് കുളം തീർത്ത് ജലസേചനം നടപ്പിലാക്കുക. അടിച്ചിറ, വെട്ടുമറ്റം പാറക്കൊടി റെയിവേ കുളം തോടുകൾ 15 അടി വീതി ഉണ്ടായിരുന്നു. പ്രസ്തുത തോട് കൈയ്യേറ്റക്കാരെ ഒഴിവാക്കി പുനസ്ഥാപിക്കുക.

വാർഡ് 11.

പൂച്ചേരി വരിക്കപ്പള്ളി തോടിന്റെ ഇരുവശവും കരിങ്കല്ലുകെട്ടി സംരക്ഷിക്കുക.


വാർഡ് 12.

ആലഞ്ചേരി ഓട്ടക്കാഞ്ഞിരം തോടിന്റെ വീതികൂട്ടി കരിങ്കല്ലുകെട്ടി ബലപ്പെടുത്തുക.

വാർഡ് 13.

തുർമേൽ കുളത്തിൽ നിന്നും വെള്ളം പമ്പ്ചെയ്ത് കൃഷിയ്ക്ക് ഉപയോഗിക്കുവാൻ സംവിധാനമുണ്ടാക്കുക. കുന്നേൽ പറമ്പ് ഓണശേരിക്കടവിന്റെ ഇരുഭാഗവും കരിങ്കല്ലുകെട്ടി ബലപ്പെടുത്തുക





2. മൃഗസംരക്ഷണം, മത്സ്യബന്ധനം

വീടിനോടനുബന്ധിച്ച് തൊഴുത്തും അതിൽ കറവയുള്ള പശുവും കിടാവും ഐശ്വര്യത്തിന്റെ പ്രതീകമായി കേരളത്തിലെ ആളുകൾ കണക്കാക്കിയിരുന്നു. അതിരമ്പുഴയിലും സ്ഥിതി വ്യത്യസ്ഥമല്ലായരുന്നു. എല്ലാ വീടുകളിലും തന്നെ പശു, ആട് തുടങ്ങിയവ പാലിന്റെ ആവശ്യത്തിനായി വളർത്തിയിരുന്നു. കോഴിവളർത്തലും വ്യാപകമായി ഉണ്ടായിരുന്നു. അപൂർവ്വം വീടുകളിൽ പന്നി വളർത്തലും ഉണ്ടായിരുന്നു. ഇവയെല്ലാം സ്വന്തമായ ആവിശ്യത്തിൽ ഒതുങ്ങി നിന്നിരുന്നു.

കാലം മാറിയപ്പോഴ് പശു, ആട്, കോഴി, പന്നി വളർത്തലുകൾ വ്യാവസായികാടിസ്ഥാനത്തിലായി. നാടൻ പശുക്കളുടെ സ്ഥാനം സങ്കരയിനം ജേഴ്സി, സിന്ധി തുടങ്ങിയവയിലേക്ക് മാറി. പണ്ടു കാലങ്ങളിൽ നായയും, പൂച്ചയും വീടുകളിൽ നിർബന്ധമായും വളർത്തിയിരുന്നു. ഇപ്പോൾ അക്കാര്യത്തിലും മാറ്റം വന്നിരിക്കുന്നു.

20 വർഷങ്ങൾക്ക് മുമ്പ് നാടൻ പശുക്കളെയാണ് വളർത്തിയിരുന്നത്. ഇപ്പോൾ ഉത്പാദനക്ഷമത കൂടിയ പശുക്കളെയാണ് വളർത്തുന്നത്. പഞ്ചായത്തിലെ ആകെയുള്ള ജനങ്ങളുടെ ആവശ്യത്തിനുള്ള പാൽ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നില്ല. മിൽമാ, ഇതര ഏജൻസികൾ നടത്തുന്ന പാൽ വിതരണ ശൃംഖലയുമാണ് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യം

നിർവ്വഹിച്ചുപോരുന്നത്. കൂടുതലായി പാൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപാദകരെ സംബന്ധിച്ചിടത്തോളം വിപണനം ചായക്കടകളേയും വീടുകളേയും ആശ്രയിച്ചിരിക്കുകന്നു. സംഭരണ, വിതരണത്തിനാവശ്യമായ സഹകരണ സംഘങ്ങൾ പഞ്ചായത്തിന്റെ വാർഡുകളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

മുൻകാലങ്ങളിൽ പുരയിടങ്ങളിൽ പുല്ല് ധാരാളമായിട്ടുണ്ടായിരുന്നു. നെൽകൃഷി വ്യാപകമായിട്ടുണ്ടായിരുന്നതിനാൽ വൈക്കോലും ലഭ്യമായിരുന്നു. എന്നാൽ ഇന്ന് ഇവരണ്ടിന്റെയും ലഭ്യത കുറഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ കർഷകർ കാലിത്തീറ്റയെ ആശ്രയിക്കുന്നു. അടിക്കടിയുള്ള കാലിത്തീറ്റയുടെ വിലവർദ്ധനവ് ഇതൊരു തൊഴിലായി സ്വീകരിക്കുവാൻ കർഷകർക്ക് തടസ്സമായിത്തീരുന്നു. ആയതിനാൽ കാലിവളർത്തൽ ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഇക്കാരണത്താൽ പല ക്ഷീരോത്പാദക സംഘങ്ങളും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

കോഴി വളർത്തൽ ഇപ്പോൾ നാമമാത്രമായിരിക്കുന്നു. അതോടൊപ്പം ആട്, പന്നിവളർത്തൽ എന്നിവയും ചുരുങ്ങിയിരിക്കുന്നു. വീടുകളുടെ എണ്ണം കൂടിയതുകൊണ്ടും അടിക്കടിയുണ്ടാകുന്ന രോഗങ്ങളും മൂലം ജനങ്ങൾ കോഴിവളർത്തൽ ക്രമേണ ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പശുക്കൾക്ക് കുളമ്പുരോഗങ്ങൾ, അകിടുവീക്കം, കാൽസ്യത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന അസുഖങ്ങൾ തുടങ്ങിയവ വ്യാപകമായി കണ്ടുവരുന്നു.

പന്നിവളർത്തൽ, താറാവുവളർത്തലും ചില വീടുകളിൽ ഉണ്ട്. എങ്കിലും ഇവ ആദായകരമല്ലാത്തതിനാൽ കുറഞ്ഞുവരുന്നു. ഇവയെ പ്രോത്സാഹിപ്പിച്ചാൽ തൊഴിലില്ലായ്മയടക്കമുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കും.

വളർത്തുനായ മിക്കവീടുകളിലും ഉണ്ടെങ്കിലും അവയെ പരിപാലിക്കുന്നതിൽ വീട്ടുടമസ്ഥർ ശ്രദ്ധിക്കുന്നില്ല. പേ വിഷത്തിന് പ്രതിരോധകുത്തിവെയ്പ്പു നടത്തുന്ന കാര്യത്തിൽ വിമുഖതയുണ്ട്. മരുന്നിന്റെ താങ്ങാനാവാത്ത വിലയും മൃഗഡോക്ടറുടെ സേവനത്തിന്റെ അപര്യാപ്തതയുമാണ് പ്രതിരോധ കുത്തിവെയ്പെടുക്കുന്നതിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നത്.

പ്രശ്നങ്ങൾ

1. പശുക്കൾക്കുണ്ടാകുന്ന രോഗങ്ങൾ
2. ഉൽപാദനക്ഷമതയുള്ള ബീജസങ്കലനത്തിന്റെ അപര്യാപ്തത
3. തിറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ക്ഷാമം
4. കാലിത്തീറ്റയുടെ വിലവർദ്ധനവ്
5. സംഭരണ വിതരണ സൗകര്യങ്ങളുടെ കുറവ്

പരിഹാരങ്ങൾ, സാദ്ധ്യതകൾ

1. സഹകരണ കോഴിവളർത്തൽ ആരംഭിക്കുക
2. പഞ്ചായത്തിലെ മൃഗാശുപത്രി 9,10,11,12,13 വാർഡുകളിലെ കർഷകർക്കു പ്രയോജനം ലഭിക്കുന്ന രീതിയിൽ അതിന്റെ സേവന പരിധി വ്യാപിപ്പിക്കുക.
3. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
4. ഐ.സി.ഡി.പി. സബ് സെന്റർ ഇപ്പോൾ രാവിലെ രണ്ടു മണിക്കൂർ മാത്രം പ്രവർത്തിക്കുന്നത് രാവിലെയും ഉച്ചയ്ക്കുശേഷവും അവധി ദിവസങ്ങളിലും പ്രവർത്തിപ്പിക്കുക.
5. പേവിഷത്തിനും, കുളമ്പു രോഗത്തിനുമുള്ള മരുന്നുകൾ ലഭ്യമാക്കുക.
6. തീറ്റപ്പുൽ, വൈക്കോൽ തുടങ്ങിയവ വർദ്ധിച്ച തോതിൽ ലഭ്യമാക്കുക.

റിപ്പോർട്ട്

നമ്മുടെ ആഹാരത്തിൽ പാലിന്റെ പ്രാധാന്യം വളരെ വലുതാണ്. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് പ്രയാപൂർത്തിയായ ഒരു വ്യക്തി 250 ഗ്രാം പാൽ എങ്കിലും കുറഞ്ഞത് ഒരു ദിവസം കഴിച്ചിരിക്കണം. അതിനാവശ്യമായ പാൽ ഉൽപ്പാദിപ്പിക്കുക. തന്മൂലം കൂടുതൽ കുടുംബങ്ങൾക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുവാൻ കഴിയും. പശു വളർത്തൽ ലാഭകരമാക്കുവാൻ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് തീറ്റപ്പുല്ല് കൃഷി

1. തീറ്റപ്പുല്ലുകൃഷി

പശുക്കളുടെ തീറ്റ ക്രമത്തിൽ പച്ചപ്പുല്ലിന്റെ പ്രാധാന്യം വളരെ വലുതാണ്. പ്രതിദിനം 5 ലിറ്റർ പാൽ കിട്ടുന്ന പശുവിന് ഗുണമേന്മയുള്ള പച്ചപ്പുല്ല് നല്കുവാൻ ഉണ്ടെങ്കിൽ കാലിത്തീറ്റ നല്കേണ്ട ആവശ്യമില്ല.

2.പുല്ലുകൃഷി

പുല്ലുകൃഷിയുടെ പ്രാധാന്യം കണക്കിലെ

ടുത്ത് വിവിധ ഇനം ഗുണമേന്മയേറിയ പുല്ലുക ളുടെ കടയാണ് കൃഷി ചെയ്യുന്നത്. ഈ പദ്ധ തിക്കു ഇപ്പോൾ ഒരു ഹെക്ടറിനു 1000 രൂപാ നിര ക്കിൽ സബ്സിഡി നൽകുന്നുണ്ട്.

പുല്ലുവിത്തു വിതരണം നടത്തി കൃഷി ചെയ്യിക്കൽ

തീറ്റപ്പുല്ലു പയറു വർഗ്ഗ മിശ്രിതം, ഗിനി, സ്റ്റൈലോ തുടങ്ങിയ പുല്ലു വിത്തുകൾ സബ്സി ഡിയായി നല്കുന്നുണ്ട്. മൊത്തം 14 ഹെക്ടർ സ്ഥലം ഈ വർഷം കൃഷി ചെയ്തിട്ടുണ്ട്. 1 ഹെക്ടറിന് 500/- രൂപാ നിരക്കിൽ ധനസഹായം (രാസവള സബ്സിഡി) നൽകുന്നുണ്ട്.

ഹൃസ്വകാല വിളകൾ

കൃഷി ചെയ്ത് 45-60 ദിവസത്തിനുള്ളിൽ വിളവെടുപ്പ് നടത്താവുന്ന മച്ചോളം, മണിച്ചോളം, വിത്ത് പയർ എന്നിവയുടെ വിത്തുകളും അവ ക്കുള്ള രാസവള സബ്സിഡിയും നല്കുന്നുണ്ട്. ചോളം കൃഷി ചെയ്യുന്ന ആളിന് ഹെക്ടറിന് 750 രൂപയും വൻപയർ കൃഷി ഹെക്ടറിന് 300 രൂപയും രാസവള സബ്സിഡി നൽകുന്നു. കൂടാതെ ദീർഘ കാല കൃഷി (3-4 വർഷം) യായി തീറ്റപ്പുല്ലു ലഭി ക്കുന്ന സ്റ്റൈലോ വർഗ്ഗത്തിൽപ്പെട്ട പയറു വിത്തും സബ്സിഡി നിരക്കിൽ ലഭിക്കുന്നതാണ്. അവക്ക് ഹെക്ടറിന് 500/- രൂപാ രാസവള സബ്സിഡി ലഭി ക്കും.

വാണിജ്യാടിസ്ഥാന ത്തിൽ പുൽകൃഷി

സ്വന്തമായി സ്ഥലമുള്ള ആളോ അല്ലെങ്കിൽ പാട്ടത്തിനു സ്ഥാലമെടുത്തോ ഈ പദ്ധതി അനു സരിച്ച് കൃഷി ചെയ്യാം. ഈ പദ്ധതിയനുസരിച്ച് സ്ഥലം ഒരുക്കുന്നതിന് 7000/- രൂപയും ജലസേ ചനത്തിന് 20,000/- രൂപയും പാട്ടകാശ് ഇനത്തിൽ 1,000/- രൂപയും വകകൊള്ളച്ച് മൊത്തം 30,000/- രൂപ ചെലവഴിക്കുന്ന ഒരാൾക്ക് 15,000/- രൂപാ ധന സഹായം ലഭിക്കും.

2. വയ്ക്കോൽ സംപുഷ്ടീകരിക്കൽ

വയ്ക്കോലിനു പോഷക ഗുണം തീരെ ഇല്ല. വെറുതേ വയ്ക്കോൽ നൽകുന്നതുകൊണ്ട് കന്നു കാലിക്കു വയറു നിറയും. വയ്ക്കോലിൽ യൂറിയ ചേർത്ത് അതിന്റെ പോഷകഗുണം മെച്ചപ്പെടുത്താ വുന്നതാണ്. ഇപ്രകാരം 500 കിലോ വയ്ക്കോൽ സംപുഷ്ടീകരിക്കാൻ 500 രൂപാ ധനസഹായം നല്കുന്നുണ്ട്.

3. മോഡൽ ഡയറി യൂണിറ്റ്

രണ്ടു കറവ പശുവും ഒരു കാലിത്തൊ ഴുത്തും 50 സെന്റു സ്ഥലത്തു പുൽകൃഷിയും ജല സേചന സൗകര്യവും കണക്കിലെടുത്ത് മൊത്തം 21,000/- രൂപ ചെലവാക്കുന്ന ഒരാൾക്ക് അതിന്റെ മൂന്നിലൊന്ന് സബ്സിഡി 7,000/- രൂപ നൽകിവ രുന്നു.

4. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

ഒരു കറവ പശു ഉള്ള കർഷകന് തൊഴു ത്ത് പണിയുന്നതിന് മൊത്തം പണിചെലവിന്റെ 1/3 സബ്സിഡി അതായത് 1,2000/- രൂപ ഇപ്പോൾ നൽകിവരുന്നു.

5. കർഷക സമ്പർക്ക പരിപാടി

ക്ഷീരകർഷകരെ ഈ മേഖലയിൽ ബോധ വാൻമാരാക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. അതനുസരിച്ച് 30 ൽ കുറയാത്ത കർഷകർ അട ങ്ങുന്ന ഒരു മീറ്റിംഗിന് നോട്ടീസ് അടിക്കുന്നതിന് ലഘുഭക്ഷണം നല്കുവാനുമായി 200/- രൂപ വക കൊള്ളച്ചിട്ടുണ്ട്.

6. ക്ഷീരോൽപ്പന്ന നിർമ്മാണ പ്രദർശനം

പാലിന്റെ ഉപഭോഗം കൂട്ടുക എന്ന ലക്ഷ്യം കണക്കിലെടുത്ത് നടപ്പാക്കുന്ന ഒരു പദ്ധതിയാ ണിത്. ഈ പദ്ധതിയനുസരിച്ച് ചോക്കലേറ്റ്, പേഡ, സിപ്പ്അപ്പ്, ഹൽവ തുടങ്ങി വിവിധതരം പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി കാണിച്ചു കൊടു ക്കുകയാണ് ചെയ്യുന്നത്. ഇതിൽ 30 ൽ കുറയാതെ കർഷകരോ, വനിതകളോ പങ്കെടുക്കേണ്ടതുണ്ട്. ഇതിന്റെ ചെലവിലേക്ക് 100/- രൂപ വീതം വക കൊള്ളിച്ചിട്ടുണ്ട്.

6. കന്നുകാലി പ്രദർശനം

ഇപ്പോൾ ബ്ലോക്കിൽ ഒരു കന്നുകാലി പ്രദർശനം എന്ന നിരക്കിൽ നടത്തി വരുന്നു. ഒരു പഞ്ചായത്തിൽ ഒരു ഷോ എന്ന രീതിയിൽ നട ത്തിയാൽ അത് കർഷകർക്ക് ഒരു പ്രോത്സാഹന മായിരിക്കും. കറവപശു കിടാരി, കിടവ് ഇവയ്ക്ക് പ്രത്യേകം പ്രത്യേകം സമ്മാനങ്ങൾ നൽകി വരുന്നു.

8. മിനറൽ മിക്സർ, വിറ്റമിൻ സപ്ളിമെന്റ് വിതരണം

കറവപശുക്കൾക്ക് മിനറൽ മിക്സർ വളരെ ആവശ്യമാണ്. കാൽസ്യം, ഫോസ്ഫറസ് തുടങ്ങി വിവധ ധാതുക്കൾ അടങ്ങിയ മിശ്രിതം പശുക്കൾക്ക് വളരെ അത്യാവശ്യമാണ്. അത് സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. വിറ്റാമിൻസപ്ളിമെന്റ്, മീനെണ്ണ അരകിലോയ്ക്ക് 28 രൂപാ നിരക്കിൽ സബ്സിഡി ആയി നൽകുന്നുണ്ട്. വിറ്റാമിൻ സപ്ലിമെന്റ് വളർന്നുവരുന്ന കിടാരി, കിടാക്കൾ ഇവയ്ക്കു വളരെ പ്രയോജനകരമാണ്.

9. വതിതാ ക്ഷീരോത്പന്ന യൂണിറ്റ്

പാലിന്റെ ഉപഭോഗം കൂട്ടുക, തൊഴിലവസരം നൽകുക, ക്ഷീരസഹകരണസംഘങ്ങളിൽ മിച്ചമുള്ള പാലിനു വിപണി കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ മുന്നിട്ടുകൊണ്ടാണ് വതിതാ ക്ഷീരോത്പന്ന യൂണിറ്റ് പദ്ധതി നടപ്പാക്കുന്നത്.

95 – 96 ൽ ഏറ്റുമാനൂർ ബ്ളോക്കിൽ 12 ക്ഷീരോത്പന്ന യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. പാൽ സഹകരണ സംഘം, ചാരിറ്റബിൾ സൊസൈറ്റി, ക്ളബ്, മഹിളാസമാജങ്ങൾ തുടങ്ങി ഏതെങ്കിലും ഓർഗനൈസേഷൻ സ്പോൺസർ ചെയ്യുന്ന നാലു ഗുണഭോക്താക്കൾക്കായിരിക്കും യൂണിറ്റു നൽകുക. ഈ പദ്ധതിക്ക് 66% സബ്സിഡി അതായത് 21750/– രൂപാ സബ്സിഡി നൽകും.

10. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കു പശുവിനെ നൽകുന്ന പദ്ധതി.

പ്രത്യേക ഘടക പദ്ധതി കേന്ദ്രസഹായ പദ്ധതി ഇയയിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് കറവ പശുവിനെ നൽകുന്ന പദ്ധതിയും ക്ഷീരവികസന വകുപ്പും നടത്തി വരുന്നു. ഈ പദ്ധതി പ്രകാരം 7000/– രൂപ സബ്സിഡി നൽകുന്നു.

ശുദ്ധമായ പാൽ ഉത്പാദന കിറ്റ് വിതരണം

പശുക്കളെ ബ്രഷുചെയ്യാൻ പറ്റിയ ബ്രഷ്, ലോഷൻ, പൊട്ടാസ്യം പെർമാംഗനേറ്റ് ഇവ അടങ്ങിയ 75 രൂപയുടെ കിറ്റ് 10 രൂപക്കു കർഷകർക്കു നൽകുന്ന പദ്ധതിയുമുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണം, സംഘത്തിന്റെ ഭരണ നിയന്ത്രണം ഇവയും ക്ഷീരവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നു. ക്ഷീര സംഘങ്ങൾ പ്രവർത്തന മൂലധനമായി 10,000 രൂപയും, ഫർണിച്ചർ സബ്സിഡി ആയി 5000 രൂപയും മാനേജീരിയൽ സബ്സിഡിയായി 4200 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. കെട്ടിടം പണിയുന്നതിന് 20,000 രൂപയും സബ്സിഡി നൽകുന്നുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ 97 – 98 വർഷം ഉൾക്കൊള്ളിക്കാവുന്ന മറ്റു ചില പദ്ധതികൾ

1. കന്നുകാലി ഇൻഷൂറൻസ് പദ്ധതി

വലിയ വിലകൊടുത്തു വാങ്ങി വളർത്തുന്ന തന്റെ പശു ചത്തു പോകുകയാണെങ്കിൽ കർഷകനു വരുന്ന നഷ്ടം ഊഹിക്കാമല്ലോ. ഇതിൽ നിന്നും ക്ഷീര കർഷകനെ രക്ഷിക്കുവാനായി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാവുന്നതാണ്. ഈ പദ്ധതി ക്ഷീരസഹകരണ സംഘങ്ങൾ വഴി നടപ്പാക്കാം. പഞ്ചായത്തിലുള്ള മൊത്തം പശുക്കളേയും കിടാരികളേയും (ചനപിടിക്കാറായവ) ഇൻഷ്വർ ചെയ്യണം. ഒരു ചെറിയ തുക മെമ്പർഷിപ്പായി ഫീസ് അടച്ച് കർഷകന് ഇതിൽ മെമ്പറാകാം. ഇൻഷ്വറൻസ് പ്രീമിയം 50% സബ്സിഡിയായി നൽകാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കിയാൽ ഒരു അതിരുവരെ കർഷകരെ സഹായക്കാൻ പറ്റും.

2. മാതൃകാ പുൽകൃഷി തോട്ടം.

ഇപ്പോൾ നടപ്പാക്കുന്ന 1 ഹെക്ടർ സ്ഥലം പുൽകൃഷി നടപ്പാക്കുക എന്നത് ഗുണഭോക്താവിനെ കിട്ടാൻ അത്ര എളുപ്പമല്ല. എന്നാൽ 50 സെന്റു സ്ഥലം പുൽകൃഷി ചെയ്യുന്ന ഗുണഭോക്താക്കളെ ലഭിക്കാൻ ബുദ്ധിമുട്ടില്ല. സ്വന്തമായി കറവപശു ഉള്ള കർഷകന് അതിലുള്ള 50 സെന്റ് സ്ഥലം പുൽകൃഷി ചെയ്യുവാൻ അതിനാവശ്യമായ ജലസേചന സൗകര്യവും കണക്കിലെടുത്ത് മൊത്തം 9000/– രൂപ വകയിരുത്തി 1/3, 3000/– സബ്സിഡി നൽകുന്ന പദ്ധതി വളരെ അഭിലഷണീയമാണ്. പഞ്ചായത്തിന്റെ ഓരോ വർഡിലും ഇത്തരം രണ്ടോ മൂന്നോ യൂണിറ്റു വച്ച് നടപ്പാക്കാവുന്നതാണ്.

3. കറവ പശു വിതരണം.

ദാരിദ്ര രേഖ്ക്കു താഴെയുള്ള (വർഷിക വരുമാനം 7,00/- രൂപയിൽ താഴെ) വരെ ഉദ്ദേശിച്ചാണ് ഈ പദ്ധതി ഈ പദ്ധതി അനുസരിച്ച് ഗുണഭോക്താവിന് പ്രതിദിനം 10 ലിറ്റർ പാൽ ലഭിക്കുന്ന പശുവിനെ വാങ്ങാനും, കാലിതൊഴുത്തു പണിയുവാനും അതിനെ ഇൻഷ്വർ ചെയ്യുവാനും, പശുവിനെ വാങ്ങിയ ശേഷം ആദ്യത്തെ രണ്ടു മാസത്തേക്കുള്ള കാലിത്തീറ്റയും കണക്കാക്കി മൊത്തം 15,000 രൂപ വകവെച്ച് അതിന്റെ 7,500 രൂപ നൽകും. ഈ പദ്ധതി പ്രകാരം ക്ഷീരസഹകരണ സംഘങ്ങളിലെ പാൽ കൂട്ടുകയും ചെയ്യുന്നു.

4. കാലിത്തീറ്റ സബ്സിഡി

കാലിത്തീറ്റയുടെ വർദ്ധിച്ചു വരുന്ന വിലയും അതിനനുസരിച്ച് പാലിനു വില കിട്ടാതെയും വരുന്ന സാഹചര്യമാണ് ഇപ്പോൾ. ക്ഷീര സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകന് 50% കാലിത്തീറ്റ സബ്സിഡിയായി നൽകുന്ന പദ്ധതി. ഈ പദ്ധതി ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം വലിയ ഒരു സഹായമായിരിക്കും.

5. പാലിന്റെ ഗുണ നിയന്ത്രണം

പാൽ പരിശേധിച്ച് മായം ചേർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്ന ചുമതല ക്ഷീരവികസന വകുപ്പിലെ ഉദ്യാഗസ്ഥർക്കു നൽകിയാൽ നന്നായിരുക്കുമെന്ന് ഒരു നിർദ്ദേശമുണ്ട്. ഇപ്പോൾ ഫുഡ് ഇൻപെക്ടറന്മാരാണ് അതു നടത്തുന്നത്. സംഘത്തിന്റെ ഭരണ നിയന്ത്രണം ഉള്ള ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ പല പ്രാവശ്യം സംഘം പരിശോധിക്കുന്നതുകൊണ്ട് പാലിന്റെ ഗുണനിലവാരവും പരിശോധനയും റഗുലർ ആയി ചെയ്യുവാൻ സാധിക്കും.

6. പാൽ സൊസൈറ്റികൾ

ഇല്ലാത്ത സ്ഥലത്ത് പുതിയ സംഘങ്ങൾ രൂപികരിക്കുന്നതിനുള്ള നിർദ്ദേശവും കൂടി വയ്ക്കാവുന്നതാണ്. രണ്ടു വാർഡിന് ഒരു സൊസൈറ്റി എന്ന രീതിയിൽ ക്ഷീര സഹകരണ സംഘങ്ങൾ ഉണ്ടാക്കുവാൻ വേണ്ട നീക്കങ്ങൾ ചെയ്യാവുന്നതാണ്.

7. വനിതകൾക്കു കിടാരികളെ വിതരണം ചെയ്യുന്ന പദ്ധതി.

മേൽപ്പറഞ്ഞ പദ്ധതി അനുസരിച്ച് കാലിത്തൊഴുത്ത്, കിടാരിയുടെ വില, പ്രസവിക്കുന്നിടംവരെയുള്ള കാലിതീറ്റ (പ്രതിദിനം 2 1/2 കിലോ നിരക്കിൽ) ഇൻഷ്വറൻസ് തുക, വെറ്റിനറി ചെലവു കണക്കിലെടുത്ത് മൊത്തം 16,000/- രൂപ കണക്കാക്കി 50% സബ്സിഡി നൽകാവുന്നതാണ്. ഈ പദ്ധതി വളരെ പ്രയോജനകരമായിരിക്കും.

8. പ്രീപ്രൈമറി കുട്ടികൾക്കു പാൽ നൽകുന്ന പദ്ധതി

നമ്മുടെ പഞ്ചായത്തിലെ അംഗൻവാടികളിലെ കുട്ടികളിൽ ഭൂരിഭാഗവും ദുർബല വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളിൽ നിന്നാണ്. അവരുടെ ആരോഗ്യം കണക്കിലെടുത്ത് പ്രതിദിനം 200 മില്ലിലിറ്റർ പാൽ നല്കുകയാണെങ്കിൽ ആരോഗ്യമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കാൻ സാധിക്കും. നൽകുന്ന പാലിന്റെ ഗുണനിലവാരം വേണ്ടവിധത്തിലുള്ള നടത്തിപ്പ് ഇവ ഏറ്റുമാനൂർ ക്ഷീരവികസന ആഫീസിൽ നിർവ്വഹിക്കുന്നതാണ്.

9. കാലിത്തീറ്റാ ഫാക്ടറി

വർദ്ധിച്ചു വരുന്ന കാലിത്തീറ്റയുടെ വില, ക്ഷീരകർഷകർക്കു പാലിനു വിലക്കുറവ് ഇവ രണ്ടും കർഷകരെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന ഉമ്മി, തവിട്, പുളിങ്കുരു, റേഷൻ കടയിലെ അരി തുടങ്ങിയവ ഉപയോഗിച്ചു ഈ പഞ്ചായത്തിൽ തന്നെ കാലിത്തീറ്റ ഉണ്ടാക്കുന്ന പദ്ധതി നടപ്പാക്കാവുന്നതാണ്. ഗുണമേന്മയുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കും. കൂടാതെ 4 ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കും. പദ്ധതിയുടെ നടത്തിപ്പ് ക്ഷീര സംഘം വഴിയോ ഏതെങ്കിലും സന്നദ്ധസംഘടനകൾ വഴിയോ നടപ്പാക്കാവുന്നതാണ്.പദ്ധതിയുടെ സുഗമമായ നടത്തിപ്പ് പഞ്ചായത്തു പ്രസ്ഡന്റ്, ക്ഷീരവികസന ആഫീസർ അടങ്ങിയ കമ്മിറ്റി അവലോകനം ചെയ്യാവുന്നതാണ്. ഈ പദ്ധതി വളരെ പ്രയോജനകരമാണ്.

മത്സ്യബന്ധനം

കാലിവളർത്തൽ പോലെതന്നെ കേരളത്തിലെ ജനങ്ങളുടെ ഒരു പ്രധാനഉപജീവനമാർഗ്ഗമാണ് മത്സ്യബന്ധനം. ഈ പഞ്ചായത്തിലെ 13, 7 എന്നീ വാർഡുകളിൽ സ്ഥിതിചെയ്യുന്ന പാടശേഖരങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനും, പുതുതായി ഈ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും നമുക്കു സാധിക്കും. പരിമിതമായ സാങ്കേതിക പരിജ്ഞാനവും, കുറഞ്ഞ മുതൽ മുടക്കും കൊണ്ട് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന രണ്ട് പ്രാഥമിക മേഖലകളാണ് കാലിവളർത്തലും, മത്സ്യബന്ധനവും. രണ്ടു മേഖലകളും വേണ്ടത്ര വികസിപ്പിച്ചാൽ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും, പാലും പാലുല്പന്നങ്ങളും അസംസ്കൃത അടിസ്ഥാന വിഭവങ്ങളായിട്ടുള്ള വ്യാവസായികളുടെ വളർച്ചയ്ക്കും വഴിയൊരുക്കുന്നതിന് ഇത് സഹായകമാകും എന്ന കാര്യത്തിൽ തർക്കമില്ല.

3. വ്യവസായം, ഊർജ്ജം, തൊഴിൽ

വ്യവസായം

വികനസ റിപ്പോർട്ട്

കോട്ടയം ജില്ല ഒരു കാർഷിക മേഖലയാണ് – പ്രത്യേകിച്ചും നാണ്യവിളകളുടെ കാര്യത്തിൽ. വ്യാവസായികമായി അധികം വികസിക്കാത്ത ഈ ജില്ല സാമ്പത്തികമായി ഉന്നതി പ്രാപിച്ചിട്ടുള്ളതാണ്. നാണ്യവിളകളിൽ നിന്നുള്ള വരുമാനവും വിദേശ ഇന്ത്യക്കാരുടെ സമ്പാദ്യവും സേവനമേഖലയിലുള്ള പ്രതിഫലവുമാണ് ഈ ജില്ലയുടെ സാമ്പത്തിക സ്ഥിതിയെ ഉയർത്തിപിടിച്ചിരിക്കുന്നത്. ഉയർന്ന സാക്ഷരതയുള്ള ഈ ജില്ല കാർഷിക മേഖലയിൽ റബ്ബർ കൃഷിയിൽമുന്നിട്ടു നിൽക്കുന്നുണ്ടെങ്കിലും വ്യാവസായിക മേഖലയിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. സേവനമേഖലയാകട്ടെ വിരളമായ സാധ്യകതളോടെ മരവിച്ച് നിൽക്കുകയാണ്. ലോകത്തുണ്ടാകുന്ന ഏതൊരു മാറ്റത്തിനും ഈ ജില്ലയുടെ സാമ്പത്തികാവസ്ഥ ഒരു പരിധിവരെ ഉലയ്ക്കുവാൻ സാധിക്കുന്നതാണ്. ഈ ജില്ലയുടെ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങളാണിവ.

കോട്ടയം ജില്ലയിലെ ജനസാന്ദ്രതകൂടിയ പഞ്ചായത്തുകളിൽ ഒന്നാണ് അതിരമ്പുഴ (1806 / Sq Km., 1991 – ലെ സെൻസസ്) ജനസംഖ്യയിൽ മുമ്പിലാണ് (36,140) വ്യവസായികമായും മറ്റ് പല പഞ്ചായത്തുകളെക്കാളും മുമ്പിലാണ് ഈ പഞ്ചായത്ത്. നിലവിലുണ്ടായിരുന്ന കൃഷിസമ്പ്രദായത്തിലുണ്ടായ മാറ്റം കാർഷിക മേഖലയെ മൊത്തത്തിൽ ബാധിച്ചു. വ്യാവസായികമായി വലിയ മുന്നേറ്റം ഉണ്ടായില്ലെങ്കിലും വിദ്യാഭ്യാസ സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഇവിടെ ഒരു മുന്നേറ്റം തന്നെ ഉണ്ടായിട്ടുണ്ട്. വ്യാവസായം പോലെയുള്ള മേഖലകളുടെ വികസനത്തിന് ഈ സാംസ്ക്കാരിക മേഖലയാണ് ചവിട്ടുപടിയായി ഉപയോഗിക്കേണ്ടത്.

ജനങ്ങൾ

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 36,140 ആണ്. അതിൽ 18,031 പുരുഷന്മാരും 18,109 സ്ത്രീകളും ഉൾപ്പെടുന്നു. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർ 7,335 ആണ്. തൊഴിൽ ഇല്ലാത്തവർ 5,447 ആണ്. കാർഷിക മേഖലയിൽ പണിചെയ്യുന്നവർ കൂടുതലും ഭാഗികമായിമാത്രം തൊഴിലുള്ളവരാണ്. കാർഷികമേഖല പൂരിതമായതിനാൽ കൂടുതൽ തൊഴിലവസരങ്ങൾക്ക് സാധ്യതയില്ല. അതുപോലെതന്നെയാണ് സേവനമേഖലയും. പ്രത്യാശയുള്ളത് വ്യാവസായിക മേഖലമാത്രമാണ്.

തൊഴിലില്ലാത്ത പുരുഷന്മാരിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരാണ്. സ്ത്രീകളാകട്ടെ പ്രത്യേകവരുമാനമില്ലാത്ത ഗൃഹനായികമാരായിമാറുന്നു.

ഇന്നത്തെ വ്യാവസായിക കാലാവസ്ഥ

മുൻകാലങ്ങളിൽ ഒരു വാണിജ്യകേന്ദ്രമായിരുന്നു അതിരമ്പുഴ. വ്യവസായികമായും മുമ്പിലായിരുന്നു. കൃഷിയെപോലെതന്നെ മുമ്പ് ഇവിടെ ഉണ്ടായരുന്ന വ്യവസായങ്ങളും അധഃപതിച്ചു. കോട്ടയം ജില്ലയിൽ കൈത്തറി നെയ്ത്ത് കേന്ദ്രീകരിച്ചിരുന്നത് അതിരമ്പുഴയിലാണ്. അതിന്റെ വളർച്ചയ്ക്കായി അവിശ്രമം പരിശ്രമിച്ച പ്ലാത്തോട്ടത്തിൽ പാപ്പച്ചേട്ടനെ ഈ അവസരത്തിൽ സ്മരിക്കേണ്ടിയിരിക്കുന്നു. അക്കാലത്ത് സ്ഥാപിച്ച കൈത്തറി വ്യവസായ സഹകരണസംഘങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. തിരുവിതാംകൂറിലെ ആദ്യാകാല നെയ്ത്ത് ഫാക്ടറികളിൽ ഒന്ന് ഇവിടെയായിരുന്നു. തുശ്ചമായ വരുമാനം മാത്രമുള്ളതിനാൽ തൊഴിലാളികൽ ഈ മേഖല വിട്ടു പോവുകയാണ്.

കുട്ടനാടിനോടുള്ള സാമീപ്യംകൊണ്ട് ഒരു കാലത്തിവിടെ വളരെയധികം അരിയുല്പാദന യൂണിറ്റുകളും അഞ്ചോളം വലിയ റൈസ്മില്ലുകളും ഉണ്ടായിരുന്നു. ഇപ്പോൾ ആകെയുള്ളത് മൂന്ന് റൈസ്മില്ലുകളാണ്. അവയിൽ പ്രവർത്തിക്കുന്നത് ഒന്ന് മാത്രവും മറ്റ് അരിയുല്പാദക യൂണിറ്റുകൾ നിന്നുപോയി.

തേയിലപ്പെട്ടി നിർമ്മാണം ഒരു കാലത്ത് ഇവിടെ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ നിലവിലില്ല. കക്കാ ലഭിക്കുവാനുള്ള സൗകര്യം കൊണ്ട് ഒരു കാലഘട്ടത്തിൽ നാല് കുമ്മായചൂളകൾ പ്രവർത്തിച്ചിരുന്നു. കിഴക്കൻ പ്രദേശങ്ങളിലെ ആവശ്യങ്ങൾക്ക് കുമ്മായവും നീറ്റുകക്കയും നൽകിയിരുന്നത് ഇവിടെ നിന്നാണ്. ഇന്ന് ഒറ്റ ചൂളപോലും പ്രവർത്തിക്കുന്നില്ല.

ഈ പ്രദേശത്ത് പ്രവർത്തച്ചിരുന്ന ഏക ഓട് നിർമ്മാണ ഫാക്ടറിയും പ്രവർത്തിനരഹിതമായി. വളരെയധികം ബീഡിതെറുപ്പുകാർ ഉണ്ടായിരുന്ന ഈ പ്രദേശത്ത് ഇന്ന് ഏതാനും പേർ മാത്രമേ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളു.

മറ്റൊരു പ്രധാനമേഖലയായിരുന്ന ബുക്ക്ബൈന്റിംഗ് വ്യവസായവും തകർച്ചയെ നേരിട്ടുകൊണ്ടിരിക്കയാണ്.

ഇങ്ങനെ നിലവിലിരുന്ന വ്യവസാങ്ങൾ ഒരു വശത്ത് നശിക്കുമ്പോൾ പുതിയ മേഖലകളിൽ കുറച്ച് അഭിവൃദ്ധികൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ഇന്നത്തെ അവസ്ഥ

പഞ്ചവത്സര പദ്ധതികൾ പലത് കഴിഞ്ഞകിലും വ്യാവസായിക മേഖലയിൽ നമുക്ക് ഉണ്ടായനേട്ടവും വളരെ അഭിമാനകരമല്ല, കണക്കുകൾ അനുസരിച്ച് 305 ചെറുകിട വ്യവസായ യൂണിറ്റുകളും 65 കുടിൽ പാരമ്പര്യ വ്യവസായ യൂണിറ്റുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

	വ്യവസായ യൂണിറ്റുകൾ എണ്ണം	മുതൽ മുടക്ക്	തൊഴിലാളികളുടെ എണ്ണം.
1. റബ്ബർ വ്യവസായങ്ങൾ	26	520	250
2. തടിവ്യവസായം	35	175	175
3. ബുക്ക് ബൈൻഡിംഗ്	57	60	300
4. എൻജിനിയറിംഗ്	24	50	120
5. ഓട്ടോമൊബൈൽ	18	10	55
6. ഭക്ഷണ പദാർത്ഥങ്ങൾ	22	58	65
7. കെട്ടിടനിർമ്മാണ ഉപകരണങ്ങൾ	5	15	30
8. റെഡിമേയ്ഡ് വസ്ത്രങ്ങൾ	51	15	50
9. അച്ചടി	13	15	50
10. മറ്റുള്ളവ	119	15	340
മൊത്തം	370	880	1535

ഇവയിൽ ഭൂരിപക്ഷവും ഉല്പാദനയൂണിറുകളല്ല. റബ്ബർ അരയ്ക്കുന്ന യൂണിറ്റുകളാണ് കൂടുതലും. തടി അടിസ്ഥാനമാക്കിയുള്ള വ്യാവസായങ്ങളാണ് കൂടിതലായി തുടങ്ങുന്നത്. ബുക്ക് ബൈന്റിംഗ്, എൻജിനിയറിംഗ്, റെഡിമേയ്ഡ് വസ്ത്രങ്ങൾ, കന്നുകാലിതീറ്റ ഭക്ഷ്യപദാർത്ഥങ്ങൾ കെട്ടിടനിർമ്മാണ ഉപകരണങ്ങൾ എന്നിവയിലും ഈ അടുത്താകാലത്തായി പുരോഗതി കാണുന്നുണ്ട്.

കുടിൽ വ്യാവസായം മേഖലയിൽ നെയ്ത്ത്, തയ്യൽ, കൊല്ലപണി, ബീഡിതെറുപ്പ്, മുതലായവയാണ് മുമ്പിൽ.

വ്യാവസായികമേഖലകൾ

ഈ പഞ്ചായത്തിലെ വ്യാവസായങ്ങളിൽ ഭൂരിപക്ഷവും 3-ാം വാർഡിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 1, 5 വാർഡുകളിലും പുരോഗതിയുണ്ട്. 8-ാം വാർഡിലെ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് പ്ലോട്ട് വ്യവസായ മേഖലയായി ഉയരുവാനുള്ളതാണ്.

വ്യവസായവൽക്കരണത്തിന് പ്രതികൂലമായ ഘടകങ്ങൾ : വ്യവസായവൽക്കരണത്തിന് സഹായകമായ ചില അടിസ്ഥാന ഘടകങ്ങൾ ഉണ്ട്. അവയുടെ അഭാവം വ്യവസായവൽക്കരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

1. സ്ഥലദൗർലഭ്യം : യൂണിവേഴ്സിറ്റി, മെഡിക്കൽ കോളേജ്, എന്നിവയുടെ സ്ഥാപനത്തോടുകൂടി ജനസാന്ദ്രത വളരെയധികം വർദ്ധിച്ചു. ഈ വർദ്ധനവിനോടു കൂടി വാസസ്ഥലങ്ങൾ കൂടുകയും സ്ഥലവില വളരെയധികം ഉയരുകയുമുണ്ടായി. സ്ഥലദൗർലഭ്യവും അമിതവിലയും വ്യവസായവൽക്കരണത്തിന് പറ്റിയ ഘടകങ്ങളല്ല.
2. ജനവാസം കൂടിയതോടെ അന്തരീക്ഷമലിനീകരണം കൂടുതൽ പ്രശ്നങ്ങളുണ്ടാക്കി. ഈ പ്രദേശം ഒരു ജനവാസകേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്.
3. വ്യവസായത്തിനാവശ്യമായ അസംസ്കൃതവസ്തുക്കളുടെ അഭാവം. റബ്ബറോ, റബ്ബർ തടിയോ അല്ലാതെ മറ്റ് യാതൊരു അസംസ്കൃതവസ്തുക്കളും ഇവിടെ ലഭ്യമല്ല.
4. ഒരു വാണിജ്യ കേന്ദ്രമായ ഇവിടെ ഒരു വ്യവസായ സംസ്കാരം ഇല്ല. വ്യവസായത്തിനുപകരം വാണിജ്യത്തിലേക്കും സേവനമേഖലയിലേക്കും ആണ് ജനശ്രദ്ധ തിരിയുന്നത്.
5. കായിക അദ്ധ്വാനത്തിന് ജനങ്ങൾ പൊതുവെ വിമുഖരാണ്.
6. ഭൂരിപക്ഷം ജനങ്ങളും ചെറുകിടകർഷകരും വ്യാപാരികളും നിശ്ചിത വരുമാനമുള്ള സേവനമേഖലയിലെ ജീവനക്കാരുമാണ്. വിദേശജോലിക്കാരുടെ എണ്ണം കുറവാണ്. ആയതിനാൽ മുതൽമുടക്കിനുള്ള കഴിവ് കുറവാണ്. ഇവിടെ പ്രവർത്തിക്കുന്ന ബാങ്കുകളിൽനിന്നും ലഭിക്കുന്ന സാമ്പത്തികസഹായം വളരെ പരിമിതമാണ്.
7. ഗതാഗത മേഖലയിലുണ്ടായ യന്ത്രവൽക്കരണം കുറഞ്ഞ ചിലവിലുള്ള ജലഗതാഗത സൗകര്യങ്ങളെ ഇല്ലാതാക്കി.
8. വ്യവസായവല്ക്കരണത്തിന് പ്രേരക ശക്തികളാകേണ്ട ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ഗവ. ഓഫ് ഇൻഡ്യ പ്രൊഡക്ഷൻ സെന്ററും പ്രവർത്തനയോഗ്യമല്ല.
9. അതിരമ്പുഴയിലെ വ്യവസായ വികസന പ്ലോട്ടിൽ പ്രതീക്ഷിച്ച വ്യവസായ യൂണിറ്റുകൾ തുടങ്ങിയിട്ടില്ല. 10. കൈത്തറി നെയ്ത്ത്. ശരിയായ ആസൂത്രണത്തിന്റെയും നവീകരണത്തിന്റെയും അഭാവത്താൽ നിലച്ചിരിക്കുകയാണ്.
11. ബീഡി തുറുപ്പ്, കക്കാനീറ്റ്, നെല്ല് പുഴുക്ക് മുതലായ കുടിൽ വ്യവസ്യങ്ങളിലേക്ക് പുതിയ തലമുറക്കാർ വരുന്നില്ല.
12. ഇന്ന് നിലനിലുള്ള നിയമങ്ങൾ വ്യവസായികളെ നിരുൽസാഹപ്പെടുത്തുന്നതാണ്.

വ്യവസായത്തിന് അനുകൂലമായ ഘടകങ്ങൾ

1. സ്ഥലപരിമിതിയാൽ വികസിക്കാത്ത ജില്ലാതലസ്ഥാനമായ കോട്ടയത്തോടുള്ള സാമീപ്യം. കോട്ടയത്തിന്റെ ഉപവികസന കേന്ദ്രമായി ഇവിടം വളർത്താവുന്നതാണ്.
2. റോഡ്,റെയിൽ,തോട് മുതലായ ഗതാഗത മാർഗ്ഗങ്ങളുടെ സാന്നിദ്ധ്യം.
3. സുലഭമായി ലഭിക്കുന്ന ജലം
4. വിദ്യാസമ്പന്നരായ ജനങ്ങൾ.
5. പൗരാണികമായ വാണിജ്യ കേന്ദ്രം.
6. വാർത്താ വിനിമയ സൗകര്യങ്ങൾ.
7. പരിമിതമെങ്കിലും ഈ പ്രദേശത്തുള്ള റബർ, തടി മുതലായ അസംസ്കൃത സാധനങ്ങൾ.
8. പരിമിതികൾ ഉണ്ടെങ്കിലും വൈദ്യുതിയുടെ ലഭ്യത.

നിർദ്ദേശങ്ങൾ

ഇങ്ങനെ നോക്കുമ്പോൾ പ്രതികൂലമെങ്കിലും ശരിയായ ആസൂത്രണത്തിന്റെ ഫലമായി ഈ പ്രദേശത്ത് കൂടുതൽ പുരോഗതി പ്രാപിക്കുവാൻ സാധ്യതയുണ്ട്. പദ്ധതികളുടെ ആസൂത്രണത്തിൽ മുമ്പ് പ്രസ്താവിച്ച ഘടകങ്ങൾ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

1. സ്ഥലദൗർലഭ്യം പരിഹരിക്കുവാൻ ഇപ്പോൾ തരിശായി കിടക്കുന്നതും ആദായകരമായ കൃഷിയ്ക്ക് ഉപയുക്തമല്ലാത്തതുമായ പ്രദേശങ്ങൾ കണ്ടുപിടിച്ച് ഒരു വാർഡിൽ രണ്ട് ഏക്കർ സ്ഥലമെങ്കിലും ഏറ്റെടുത്ത് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ചെയ്തു വ്യവസായികൾക്ക് ഹയർ പർച്ചേസ് വ്യവസ്ഥയിൽ നൽകുവാൻ കമ്മിറ്റി ഉദ്ദേശിക്കുന്നു. കുറഞ്ഞ ചിലവിൽ എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ ഭൂമി ലഭിക്കുമ്പോൾ വ്യവസായികൾ ധാരാളമായി മുൻപോട്ട് വരും.

   100 ച.മീ.വീതമുള്ള മുറികൾ തിരിച്ച് നൽകിയാൽ ഒരു വാർഡിൽ കുറഞ്ഞത് 50 യൂണിറ്റുകൾ വീതമെങ്കിലും ഉണ്ടാകും. ബാക്കി സ്ഥലം റോഡ്, വാട്ടർ സപ്ലൈ, മുതലായവയ്ക്കായി വിനിയോഗിക്കാം. ഇപ്രകാരം 13 വാർഡുകളിലായി 650 യൂണിറ്റുകൾ വീതമെങ്കിലും ഉണ്ടാകും. മൂന്നാം വാർഡിലെ എസ്റ്റേറ്റിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറപ്പിക്കുവാനും വ്യവസായവികസന പ്ലോട്ടിൽ വ്യവസായികൾക്ക് കൊടുത്ത സ്ഥലത്ത് കൂടുതലായി 6 യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. വ്യക്തികൾക്കും ഈ പദ്ധതി ഏറ്റെടുക്കുവാൻ അനുവാദം നൽകണം.

2. ജി.റ്റി.പി.സി. പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററായി പുനസംഘടിപ്പിക്കുക. 100 സാങ്കേതികവിദഗ്ധൻമാർക്ക് ഇവിടെ പരിശീലനം നൽകുവാൻ സാധിക്കുന്നതാണ്.

3. മേൽപറഞ്ഞ കേന്ദ്രങ്ങളിലല്ലാതെ അന്തരീക്ഷമലിനീകരണം ഉണ്ടാകാത്ത റെഡിമെയ്ഡ് വസ്ത്രങ്ങൾ, എൻജിനീയറിംഗ് യൂണിറ്റ്, ബുക്ക് ബൈൻഡിംഗ്, മുതലായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ പ്രത്യേകിച്ച് വനിതകളെ വ്യവസായ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.

4. വളരെയധികം വികസനസാധ്യതയുള്ള ഒന്നാണ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം. സാമ്പത്തികശേഷി കുറഞ്ഞ തയ്യൽക്കാരെ ഉൾപ്പെടുത്തി പഞ്ചായത്തിലാകെ 6 വനിതാ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണത്തിന് - കറിപൗഡർ, പലഹാരങ്ങൾ, പാലുൽപന്നങ്ങൾ, ധാന്യപ്പൊടികൾ മുതലായവ - . ഈ പഞ്ചായത്തിൽ പല വാർഡുകളിലായി മൂന്ന് വനിതാ സഹകരണസംഘങ്ങൾആരംഭിക്കാൻ സാധ്യതയുണ്ട്. മെഡിക്കൽ കോളജ്, അതിരമ്പുഴ ടൗൺ, ഏറ്റുമാനൂർ, കാരിത്താസ്, മുതലായ കേന്ദ്രങ്ങൾ ഇവയുടെ വിപണന കേന്ദ്രങ്ങളാണ്.

5. ഈ പഞ്ചായത്തിലെ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കെട്ടിടനിർമ്മാണ വസ്തുക്കൾ (തടി, ലോഹങ്ങൾ, സിമന്റ് മുതലായവകൊണ്ടുള്ള ഉൽപന്നങ്ങൾ) നിർമ്മിക്കുന്ന ഒരു യൂണിറ്റ് സഹകരണമേഖലയിൽ സ്ഥാപിച്ചാൽ ആ വിഭാഗത്തെ പുനരധിവസിപ്പിക്കാവുന്നതാണ്. നിർമ്മിതി കേന്ദ്രത്തിന്റെ സഹായം ഇതിന് ലഭ്യമാക്കാവുന്നതാണ്.

6. കൈത്തറി വികസനത്തിനായി ഒരു ഫാക്ടറി ടൈപ്പ് സഹകരണസംഘം സ്ഥാപിച്ചാൽ പുതിയ തലമുറയെ, പ്രത്യേകിച്ച് വനിതകളെ ഈ മേഘലയിൽ കൊണ്ടുവരാവുന്നതാണ്. കണ്ണൂർ കോമൺ ഫെസിലിറ്റി സെൻടറിൽ ഇവർക്ക് വിദഗ്ധ പരിശീലനം നൽകുവാൻ,സൗകര്യമുണ്ട്.

7. ഈ പഞ്ചായത്തിലെ റബർ ഉൽപാദനം കുറവാണ്. ഇവിടെയുള്ള റബർ ഫാക്ടറികൾ 5,000 ടൺ റബർ ഉപയോഗിക്കുന്നുണ്ട്. പക്ഷേ ഈ പ്രദേശത്തെ റബറിന്റെ 1% പോലും ഇവിടെ വിനിയോഗിക്കപ്പെടുന്നില്ല. റബർ വ്യവസായ യൂണിറ്റുകൾ ഭൂരിപക്ഷവും എം.ആർ.എഫ്., മിഡാസ് മുതലായ വൻകിട കമ്പനികൾക്കുവേണ്ടി അയയ്ക്കുന്ന റബർ മറ്റു സ്ഥലങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. റബർ പാൽ ഉപയോഗിക്കുന്ന 5 യൂണിറ്റുകളും അവ മറ്റ് പ്രദേശങ്ങളിൽനിന്നാണ് കൊണ്ടുവരുന്നത്. റബർ കൊണ്ടുള്ള ഏകദേശം 200 ഓളം ഓട്ടോമൊബൈൽ പാർട്ട്സുകൾ ഉണ്ട്. ഇവയുടെ ഉൽപ്പാദനം കേരളത്തിൽ കാര്യമായിട്ടില്ല. ടയർ,ട്യൂബ് മുതലായവ ഒഴിച്ചുള്ള മറ്റ് ഭാഗങ്ങൾ (ബുഷ്,

വാഷർ,ഫ്ലാപ്പ് തുടങ്ങിയവ) നിർമ്മിക്കുന്ന ഒരു യൂണിറ്റിന് ഇവിടെ സാധ്യതയുണ്ട്. 25 ചെറുകിട ഹോം യൂണിറ്റുകൾ ഒരു കേന്ദ്രയൂണിറ്റിന്റെ നിയന്ത്രണത്തിൽ ഈ വ്യവസായം സംഘടിപ്പിക്കാവുന്നതാണ്.

8. ഉൽപ്പാദനത്തെ കാര്യമായി ബാധിക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ വ്യവസായ കേന്ദ്രീകരണമുള്ളിടത്ത് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.

9. ട്രാൻസ്പോർട്ടിംഗ് സൗകര്യമുള്ളതിനാൽ കൂടുതൽ തടി വ്യവസായ യൂണിറ്റുകൾ(പാക്കിംഗ് കേയ്സ്, കെട്ടിടനിർമ്മാണസാമഗ്രികൾ മുതല്പായവ) സ്ഥാപിക്കുവാൻ സാധ്യതയുണ്ട്. ഇതുമൂലം ഇന്ധന ക്ഷാമവും ഒരു പരിധിവരെ പരിഹരിക്കാം.

10. ചെറിയ യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചുള്ള മരപ്പണി, കൊല്ലപ്പണി, സ്വർണ്ണപ്പണി മുതലായവയ്ക്ക് ഇവിടെ സാധ്യതയുണ്ട്. ഐ.ആർ.ഡി.പി., ആർ.എ.പി. മുതലായ പദ്ധതികൾ ഇവപെടുത്താം.

11. പട്ടികജാതിക്കാർ കൂടുതൽ വസിക്കുന്ന 9-ാം വാർഡിൽ ഒരു വ്യവസായ സഹകരണസംഘം വസ്ത്രങ്ങൾ, കുട, കുട്ട, മുറം മുതലായവ നിർമ്മിക്കുവാനായി സ്ഥാപിക്കാവുന്നതാണ്.

12. റബർബാന്റ് നിർമ്മാണത്തിനാവശ്യമായ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

13. ഇവകൂടാതെ എല്ലാ വാർഡുകളിലും വ്യക്തിപരമായി സഘടിപ്പിക്കാവുന്ന യൂണിറ്റുകളാണ്, ബുക്ക് ബൈൻഡിംഗ്, അച്ചാറ് നിർമ്മാണം പ്രൻന്റിംഗ്, ഹവ്വായ് ചെരുപ്പ്, തുകൽ ചെരുപ്പ്, മൊസൈക്ക്, പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ, പേപ്പർ ഉല്പന്നങ്ങൾ, ഇലക്ട്രിക്കലും, ഇലക്ട്രോണിക്സിലും ഉപകരണങ്ങളുടെ റിപ്പേയറിംഗ്, റബ്ബർ മിക്സിംഗ് മുതലായവ

14. നിരവധി പ്രോത്സാഹനങ്ങൾ വ്യാവസായത്തിന് ലഭിക്കുന്നുണ്ടെങ്കിലും സർക്കാർ ഭരണ സംവിധാനത്തിലെ ചുവപ്പുനാടയും അഴിമതിയുമാണ് വ്യവസായ വികസനത്തിന് വിലങ്ങ് തടയിയായി നിൽക്കുന്നത്.

15 വ്യവസായവും അതുപോലുള്ള വികസന പരിപാടികളെകുറിച്ച് ജനങ്ങളെ പ്രബുദ്ധരാക്കുവാൻ ഒരു ഇൻഫർമേഷൻ സെന്റർ പഞ്ചായത്തിനോടനുബന്ധിച്ച് തുടങ്ങുക.

16. വ്യാവസായ വൽക്കരണത്തിന് പര്യാപ്തമായ സാമ്പത്തിക നിലയല്ല ഈ നാട്ടിലേത്. ഇവിടുത്തെ ബാങ്കുകൾ വ്യാവസായികളോട് ഒരു നിഷേധനയമാണ് സ്വീകരിച്ചിരിക്കുന്നത്. സഹകരണ ബാങ്കുകൾ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങളും നിക്ഷേപത്തിന്റെ ഒരു നിശ്ചിത ശതമാനം വ്യാവസായ വായ്പയായി നൽകുന്ന വ്യവസ്ഥയെപ്പറ്റിയോ അതു സാധ്യമല്ലെങ്കിൽ വ്യവസായികൾക്ക് സാമ്പത്തിക സഹായം നൽകുവാനായി ഒരു വ്യവസായ വികസന സഹകരണ ബാങ്ക് ഈ പഞ്ചായത്തിൽ സ്ഥാപിക്കുകയോ ചെയ്യേണ്ടതാണ്.

17. വ്യവസായ ഉല്പന്നങ്ങൾ പ്രത്യേകിച്ചും വനിതകളും പട്ടികജാതി പട്ടികവർഗ്ഗക്കാരും മറ്റ് കുടിൽ വ്യവസായ യൂണിറ്റുകളുടെയും ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ ഒരു വ്യവസായ മാർക്കറ്റിംഗ് സഹകരണ സംഘം സ്ഥാപിക്കുക. അസംസ്കൃത സാധനങ്ങളുടെ വിതരണവും ഈ സംഘത്തിൽ നടത്താവുന്നതാണ്.

വ്യവസായ നടത്തിപ്പിന് ഇപ്പോൾ ലഭിക്കുന്ന പ്രോത്സാഹനങ്ങൾ

വ്യവസായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുമ്പ് ഗവൺമെന്റും മറ്റ് ഏജൻസികളും നൽകുന്ന പ്രോത്സാഹനത്തെ കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. പദ്ധതികളുടെ സാമ്പത്തിക വിശകലനത്തിന് ഇത് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

1. ഇലക്ട്രിസിറ്റി, ഫോൺ, ഗ്യാസ് മുതലായവ ലഭിക്കുവാനുള്ള മുൻഗണന
2. പ്രദേശിക ലൈസൻസുകൾ എളുപ്പം ലഭിക്കുവാൻ ഉള്ള സാദ്ധ്യത വളരെയാണ്.
3. ഗവൺമെന്റ് പർച്ചേയ്സിൽ സംസ്ഥാനത്തെ യൂണിറ്റുകളുടെ ഉല്പന്നങ്ങൾക്കുള്ള വിലക്കൂടുതലും മുൻഗണനയും
4. ഉല്പാദന പരമായ വ്യാവസായങ്ങൾക്ക് സ്ഥിരം മൂലധനം മുടക്കിന്മേൽ 15% സബ്സിഡി സെയിൽ ടാക്സ് ഒഴിവ്, മർജിൻ മണിലോൺ മുതലായവ.
5. വ്യവസായങ്ങൾക്കാവശ്യമായ ഇരുമ്പ്, മെഴുക്, ടൈടാനിയം ഡയോക്സൈഡ് മുതലായവ അസംസ്കൃത സാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് നൽകുവാനും അവയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ ലസഹായിക്കുകയും ചെയ്യുന്നു.

6. വനിതാ വ്യവസായങ്ങൾക്കുള്ള വിവിധയിനം ഗ്രാന്റ്
7. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ഗവൺമെന്റ് ഓഹരി പങ്കാളിത്തം, ഗ്രാന്റ് മുതലായവ.
8. പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പലിശ രഹിത വ്യവസായ വായ്പ.
9. പട്ടികജാതി, പട്ടിക വർഗ്ഗ വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി ഗ്രാന്റ്, ഓഹരി പങ്കാളിത്തം, മെഷിനറി ഗ്രാന്റ് മുതലായ സാമ്പത്തിക സഹായം
11. ചെറുകിട വിദഗ്ദ്ധ തൊഴിലാളികൾക്ക് ആ.എ.പി. ഐ.ആർ.ഡി.പി മുതലായ പദ്ധതികൾ പ്രകാരം സബ്സിഡിയോടുകൂടിയ ബാങ്ക് വായ്പ വ്യവസായ എസ്റ്റേറ്റ്, വ്യവസായ വികസന പ്ലോട്ട്, വികസന ഏരിയ മുതലായ പദ്ധതികൾ പ്രകാരം സ്ഥലവും കെട്ടിടങ്ങളും നൽകുന്നു.
13. കരകൗശല വ്യവസായികൾക്ക് ഗ്രാന്റ്
14. കരകൗശല വിദഗ്ദ്ധർക്ക് വാർദ്ധക്യകാല പെൻഷനും ആവാർഡുകളും
15. കരകൗശല വ്യവസായ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായവും നിയന്ത്രിത വിലയ്ക്ക് അസംസ്കൃത സാധനങ്ങളും
16. കൈത്തറി തൊഴിലാളികൾക്ക് വിവിധ ഇനം ഗ്രാന്റുകൾ, പെൻഷൻ മുതലായവ
17. കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് വിവിധ ഇനം സാമ്പത്തിക സഹായങ്ങൾ
18. വ്യവസായ യൂണിറ്റുകൾക്ക് കൊമേഴ്സിയൽ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്ക്, ഭൂവികസന ബാങ്ക്, മുതലായവയുടെ സാമ്പത്തിക സഹായങ്ങൾ
19. ഖാദി ഗ്രാമവ്യവസായങ്ങൾക്ക് ഖാദി ബോർഡിന്റെ സബ്സിഡിയോട് കൂടിയുള്ള വായ്പ
20. വ്യവസായ തല്പരർക്കായി മാനേജ്മെന്റും സാങ്കേതികമായ വിഷയങ്ങളിൽ പരിശീലനം
21. റബ്ബർ വ്യവസായ വികസനത്തിന് റബ്ബർബോർഡിന്റെ സാങ്കേതിക പരിശീലനം
22. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം സബ്സിഡിയോടു കൂടിയ വായ്പ (പി.എം.ആർ.വൈ)
23. വ്യവസായ, വാഹനങ്ങൾ, ടൂറിസം മുതലായവയ്ക്ക് കെ.എഫ്.സി. യുടെ സാമ്പത്തിക സഹായം
24. പഴ സംസ്ക്കരണം ലെതർ ഉല്പന്ന നിർമ്മാണം എന്നിവയ്ക്ക് സ്മോൾ ഇന്റസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പരിശീലനം നൽകുന്നു.
25. എൻ. എസ്.ഐ.സി. ഹയർ പർച്ചേയ്സ് വ്യവസ്ഥയിൽ മെഷിനറികൾ കൊടുക്കുന്നു.
26. കയർ തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും
27. കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക വായ്പ.

ഒൻപതാം പദ്ധതിയുടെ ലക്ഷ്യങ്ങൾ

ഇപ്രകാരം വ്യവസായവല്ക്കരണത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്താൽ ആസൂത്രിതമായ രീതിയിൽ നീങ്ങിയാൽ 9-ാം പദ്ധതിയിൽ താഴെപറയുന്ന ലക്ഷ്യങ്ങൾ നേടാവുന്നതാണ്.

ഈ പദ്ധതിയുടെ നടത്തിപ്പിന് ഏകദേശം 65 കോടിരൂപ ആവശ്യമാണ്. പക്ഷെ ഇവയിൽ ഭൂരിഭാഗവും വ്യവസായ സംരംഭകരിൽ നിന്നും ബാങ്കുകളിൽ നിന്നും സമാഹരിക്കാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടി ഗവൺമെന്റ് മുടക്കുന്ന തുക കാലക്രമത്തിൽ തിരികെ ലഭിക്കുന്നതുമാണ്

അവലോകനം

ഈ പദ്ധതിമൂലം ജനസാന്ദ്രതയേറിയ ഈ പ്രദേശത്ത് അന്തരീക്ഷ മലിനീകരണം ഉണ്ടാകാം. പക്ഷെ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഇങ്ങനെയുള്ള വ്യവസായങ്ങൾ നടത്തുന്നതുകൊണ്ട് ഇത് ജനങ്ങളെ ബാധിക്കുന്നില്ല. സ്ഥലദൗർലഭ്യമുള്ള ഈ പ്രദേശത്ത് വ്യാവസായത്തിന് വേണ്ടി ഇത്രയും സ്ഥലം മാറ്റി വെച്ചാൽ കൃഷിയെയോ ജനവാസത്തെയോ ബാധിക്കുകയില്ല. കാരണം തരിശു ഭൂമികളും കൃഷിലാഭകരമല്ലാത്തതുമായ ഭൂമികളുമാണ് ഇവയ്ക്ക് തെരഞ്ഞെടുക്കുന്നത്. ഈ പഞ്ചായത്തിലെ 4175 പേർക്ക് വ്യാവസായ മേഖലയിൽ തൊഴിൽ നല്കിയാൽ തൊഴിലില്ലായ്മയ്ക്ക് ഭാഗികമായി തൊഴിലുള്ള കാർഷിക മേഖലയിൽ ഇതൊരു പുത്തൻ ഉണർവ് സൃഷ്ടിക്കും. സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ വനിതകൾ, ഹരിജനങ്ങൾ, കൈതൊഴിലുകാർ, അഭ്യസ്ത വിദ്യർ മുതലായവർക്ക് മുൻഗണന നൽകുന്ന ഈ പദ്ധതി നമ്മുടെ നാടിന്റെ സാമൂഹ്യ ബാധ്യത നിറവേറ്റാൻ കൂടിയാണ് മൊത്തത്തിലുള്ള സാമ്പത്തിക ഉന്നതിക്കും ഉല്പാദന വർദ്ധനവിനും ഈ പദ്ധതികൾ ഉപകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

പദ്ധതി	യൂണിറ്റുകളുടെ എണ്ണം	തൊഴിൽ സാദ്ധ്യത
1. 1,3 വാർഡുകളിൽ വ്യവസായ എസ്റ്റേറ്റ്/ ഡവലപ്പെമെന്റ് പ്ലോട്ട്	650	3250
2. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പുനരുദ്ധാരണം	10	100
3. ഡവലപ്പ്മെന്റ് പ്ലോട്ട് പുനരുദ്ധാരണം	6	30
4. മോഡൽ നെയ്ത്ത് ഫാക്ടറി	1	25
5. വനിതാ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ സംഘം	3	30
6. വനിതാ റബർബാൻഡ് നിർമ്മാണ സംഘം	2	20
7. ഭക്ഷ്യവസ്തു നിർമ്മാണം	3	30
8. ഹരിജൻ വ്യവസായ സഹകരണ സംഘം	1	10
9. കെട്ടിട നിർമ്മാണ വ്യവസായസംഘം	1	25
10. ബുക്ക് ബൈൻഡിംഗ് സംഘം2	40	
11. വാർഡുകളിൽ മലിനീകരണം ഇല്ലാത്ത യൂണിറ്റുകൾ	130	390
12. റബർ ഉല്പന്നങ്ങളുടെ സംഘം	1	125
13. കുടിൽ പരമ്പരാഗത വ്യവസായങ്ങൾ	50	100
മൊത്തം	860	4175

വികസനറിപ്പോർട്ട് (ഊർജ്ജം)

നമ്മുടെ നാടിന്റെ ഒരു പ്രധാന പ്രശ്നം ആണ് ഇത്. ഇലക്ട്രിസിറ്റി, പെട്രോൾ,ഡീസൽ, മണ്ണെണ്ണ, എൽ.പി.ജി.വിറക്,സൗരോർജ്ജം, ഗോബർഗ്യാസ് മുതലായവയാണ് നമ്മുടെ നാട്ടിൽ ഇപ്പോഴുള്ള ഊർജ്ജത്തിന്റെ ഉറവിടങ്ങൾ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഊർജ്ജം അത്യാവശ്യമായതിനാലും ഇവയ്ക്ക് നമ്മുടെ നാട്ടിൽ ദൗർലഭ്യമുള്ളതിനാലും ഊർജ്ജം സംബന്ധിച്ച് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ചില കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1. നിലനിലുള്ള ഊർജ്ജത്തിന്റെ അപര്യാപ്തത
2. ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കാനുള്ള പുതിയ മാർഗ്ഗങ്ങൾ
3. പുതിയ ഊർജ്ജ സ്രോതസ്സുകളുടെ വിനിമയം
4. ഉള്ള ഊർജ്ജത്തിന്റെ നഷ്ടം ഒഴിവാക്കൽ
5. അനാവശ്യവിനിയോഗം ഒഴിവാക്കി ന്യായമായ വിതരണം.

മേൽ അടിസ്ഥാനത്തിൽ വിവിധ ഊർജ്ജ മാർഗ്ഗങ്ങളെക്കുറിച്ച് നമുക്ക് ആലോചിക്കാം.

A. ഇലക്ട്രിസിറ്റി

നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാന ഊർജ്ജ സ്രോതസ്സാണ് ഇലക്ട്രിസിറ്റി. ഇപ്പോൾത്തന്നെ വളരെയധികം ദൗർലഭ്യം ഇതിനുണ്ട്. പോരെങ്കിൽ പ്രതിദിനം ആവശ്യം കൂടിവരികയുമാണ്. വ്യവസായം, കൃഷി മുതലായവയ്ക്കെല്ലാം ഇലക്ട്രിസിറ്റി ഇല്ലാതെ അഭിവൃദ്ധി ഉണ്ടാകുകയില്ല.

അതിരമ്പുഴ പഞ്ചായത്ത് പ്രദേശം 3 സബ് എൻജിനീയർ ഓഫീസുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. പ്രധാനമായത് അതിരമ്പുഴ സെക്ഷനാണ്. കൂടാതെ ഏറ്റുമാനൂർ, ഗാന്ധിനഗർ എന്നീ സെക്ഷനുകളുടെ ചില ഭാഗങ്ങളും ഈ പഞ്ചായത്തതിർത്തിയിൽ വരുന്നുണ്ട്. അതിരമ്പുഴ സബ് എൻജിനീയറുടെ കീഴിലാണ് ഈ പഞ്ചായത്തിന്റെ പ്രധാനഭാഗങ്ങളിലെ വിതരണമേഖല. ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഏറ്റുമാനൂർ മേഖലയിലും അമ്മഞ്ചേരി പ്രദേശം ഗാന്ധിനഗറിന്റെ കീഴിലും വരുന്നു.

അതിരമ്പുഴ മേഖലയുടെ കീഴിൽ 5000 കണക്ഷനുകൾ നിലവിലുണ്ട്. കൂടുതലും എൽ.റ്റി. വിഭാഗത്തിലുള്ള ഹൗസ് കണക്ഷനുകളാണ്. 13 കി.മി. ദൂരത്തിൽ 11 കെ.വി.എ. ലൈനും 130 കി.മി.

ദൂരത്തിൽ എൽ.ടി. ലൈനുമുണ്ട്.730 സാധാരണ സ്ട്രീറ്റ് ലൈറ്റുകളും 3 മെർക്കുറിയും ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും സ്ഥാപിച്ച 30 സോഡിയം വേപ്പർ ലാമ്പുകളിൽ 17 എണ്ണത്തിന് കണക്ഷൻ ലഭിക്കുവാനുണ്ട്. ഇവിടെ മൊത്തം 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ തന്നെ മറ്റ് ഭാഗങ്ങളിലും വൈദ്യുതവിതരണത്തിന് സജ്ജീകരണങ്ങളുണ്ട്.

പ്രശ്നങ്ങൾ

1. വോൾട്ടേജ്ക്ഷാമമാണ് പൊതുവെ അനുഭവപ്പെടുന്ന ബുദ്ധിമുട്ട്. ചില ഭാഗങ്ങളിൽ ഇത് പരിഹരിച്ചെങ്കിലും മൊത്തത്തിൽ വോൾട്ടേജ് ക്ഷാമം തുടരുകയാണ്.
2. സ്ട്രീറ്റുലൈറ്റുകളുടെ അപര്യാപ്തത
3. ത്രീഫെയിസ് ലൈനിന്റെ കുറവ്
4. ഇനിയും ലഭിക്കുവാനുള്ള കണക്ഷൻ
5. ഭൂരിപക്ഷം സോഡിയം വേപ്പർ ലാമ്പുകളും ശിരിയായി പ്രവർത്തിക്കുന്നില്ല.

മെറ്റീരിയൽസിന്റെ അഭാവംവും വൈദ്യുതിയുടെ ഉൽപ്പാദനകുറവുമാണ് ഈ പ്രദേശത്ത് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ. വൈദ്യുതി ഉൽപ്പാദനകേന്ദ്രങ്ങൾ തുടങ്ങുവാനുള്ള യാതൊരു സാഹചര്യവും ഈ പ്രദേശത്തില്ല.

നിർദ്ദേശങ്ങൾ

1. അതിരമ്പുഴ പഞ്ചായത്തിന്റെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും എൽ.റ്റി. ലൈൻ വലിച്ചിട്ടുണ്ട്. വേദഗിരി – പാറേമാക്കിൽ റോഡിൽ എൽ. റ്റി. ലൈൻ വലിക്കേണ്ടതായിട്ടുണ്ട്.
2. അതിരമ്പുഴ ഏരിയായിൽ 250 – ഉം ഏറ്റുമാനൂർ അമ്മൻചേരി പ്രദേശങ്ങളിൽ 200 ഉം സ്ട്രീറ്റുലൈറ്റുകൾ കൂടിതലായി സ്ഥാപിക്കേണ്ടതാണ്. കൊട്ടാരം, ലിസ്യൂ – വേലംകുളം റോഡ്, കോട്ടമുറി – റയിൽവേ റോഡ് ഐ.റ്റി. ഐ. – തച്ചിലേട്ട് റോഡ്, ആനമല – വായനശാല റോഡ്,കുറിച്ചിയാനി – ചൂരക്കുളം റോഡ്, അമ്മഞ്ചേരി – കാരിത്താസ് റോഡ്, മറ്റപ്പള്ളി – ഇ.എസ്.ഐ. റോഡ്, പുല്ലാട്ടുകാല റോഡ്, ളാപ്പള്ളി – വാടപ്പള്ളി റോഡ്, കുറ്റിയേൽക്കവല – ഇടുക്കുതറ റോഡ്, ഐക്യരക്കുഴി – റയിൽവേ ലൈൻ റോഡ്, കൂറ്റാരപ്പള്ളി – കോന്തരറോഡ്, കുറ്റാരപ്പള്ളി – റെയിൽവേ ലൈൻ റോഡ് കാണിരക്കാട്ടുകുഴി– ചിറ്റേഴത്തു റോഡ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്– വലിയകുളം റോഡ് മുതലായ റോഡുകളിൽ പുതുതായി സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്.
3. വോൾട്ടേജില്ലാത്ത സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
4. ഗതാഗതത്തിനു തടസ്സമായി നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം
5. ആവശ്യമായ സ്ഥലങ്ങളിൽ ത്രീഫെയിസ് ലൈനുകൾ സ്ഥാപിക്കണം.
6. ഇലക്ട്രിക് ലൈൻ വലിക്കുവാൻ തടസം നിൽക്കുന്നവർക്കെതിരെ അടിയന്തിര നടപടി സ്വീകരിച്ചു ലൈൻ വലിക്കുവാൻ സംവിധാനം ഉണ്ടാക്കണം.
7. വൈദ്യുതി വിതരണത്തിൽ വളരെയധികം വികസനം നടക്കുന്ന അതിരമ്പുഴ പഞ്ചായത്തിൽ ഇപ്പോൾ ഉള്ള സബ്എൻജീനിയർ ഓഫീസ് അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് എൻജിനിയറുടേതാക്കുക ഇപ്പോഴത്തെ ഓഫീസ് കൂടുതൽ സൗകര്യമുള്ള കെട്ടിടത്തിലേക്കായി മാറ്റിസ്ഥാപിക്കുക
8. 11, 66 കെ.വി.എ. ലൈനുള്ള ഏറ്റുമാനൂർ സബ് സ്റ്റേഷനിൽ 220 കെ.വി.എ. ലൈനാക്കിയാൽ സമീപ പ്രദേശങ്ങളിലെ വൈദ്യുതി വിതരണം സുഗമമാക്കാം.
9. വിതരണ നഷ്ടം ഒവിവാക്കാൻ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
10. കണക്ഷൻ ലഭിക്കാത്ത വീടുകൾക്ക് അടിയന്തിരമായി കണക്ഷൻ നൽകുക.

പെട്രോൾ, ഡീസൽ, എൽ.പി.ജി. മണ്ണെണ്ണ മുതലായ പെട്രോളിയം ഉല്പന്നങ്ങൾ

വൈദ്യുതി പോലെ തന്നെ പ്രധാനമാണ് പെട്രോളിയം ഉല്പന്നങ്ങളും. ഇവയിൽ പെട്രോൾ, ഡീസൽ മുതലായവ ട്രാൻസ്പോർട്ട് വ്യവസായത്തിനും, മണ്ണെണ്ണ, എൽ.പി.ജി. എന്നിവ ഗാർഹികവും, വ്യവസായികവുമായ ആവശ്യങ്ങൾക്കും കൂടുതലായി ഉപയോഗിക്കുന്നു. വളരെ അധികം വിദേശനാണ്യം നഷ്ടപ്പെടുത്തുന്ന ഈ സാധനങ്ങളുടെ ഉപയോഗം കുറയ്ക്കുകയാണ് ഏറ്റവും കരണീയമായിട്ടുള്ളത്, പെട്രോൾ വാഹനങ്ങൾ ഡീസൽ വാഹനങ്ങളാക്കിയും, ഇന്ധനം ആവശ്യ

ത്തിന് ഉപയോഗിച്ചും ഇത് പരിഹരിക്കാവുന്നതാണ്.

വിറക്, ഗോബർഗ്യാസ്, സൗരോർജ്ജം മുതലായവ

ഈ കാർഷികമേഖലയിൽ വിറക് ദുർലഭമാവുകയണ്. ഇവിടെ പ്രവർത്തിക്കുന്ന തടിവ്യവസായ യൂണിറ്റുകളാണ് ഈ കാര്യത്തിലുള്ള ഏക ആശ്രയം. വിറക് ആവശ്യത്തിന് ഉതകുന്ന തടികൾ വച്ചുപിടിപ്പിക്കുവാൻ പ്രോത്സാഹനം നൽകേണ്ടാതാണ്. വിറകു ക്ഷാമം പരിഹരിക്കുവാൻ കുറഞ്ഞ വിറകുകൊണ്ട് പ്രവർത്തിപ്പിക്കാവുന്ന അടുപ്പുകൾ ജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. വനഭൂമിയിൽ ഇത്തരം മരങ്ങൾ വളർത്തി നിയന്ത്രിത വിലയ്ക്ക് വിതരണം ചെയ്യേണ്ടതാണ്. തടിക്കു പകരം കരി, കടുപ്പം കുറഞ്ഞ കൽക്കരി (ലിഗ്നൈറ്റ്) മുതലായവ ഉപയോഗിക്കുവാൻ പ്രോത്സാഹനം നൽകേണ്ടതാണ്.

രണ്ടിൽകൂടുതൽ കന്നുകാലികളെ വളർത്തുന്ന ഇരുന്നൂറോളം വീട്ടുകാർ ഈ പഞ്ചായത്തിലുണ്ട്. ഈ വീടുകളിൽ ഗോബർഗ്യാസ് ഏർപ്പെടുത്തിയാൽ അവരുടെ ഇന്ധനാവശ്യങ്ങൾക്ക് അതുമതിയാകും. ഇപ്പോൾ 50 ഗോബർഗ്യാസ് പ്ലാന്റുകൾ ഇവിടെയുണ്ട്. 150 എണ്ണം കൂടി സബ്സിഡിയോടുകൂടി ഒൻപതാം പദ്ധതിയിൽ നടപ്പക്കേണ്ടതാണ്.

സൗരോർജ്ജം ഇന്ധനമായി വിനയോഗിക്കുന്ന സാങ്കേതിക വിദ്യാഭ്യാസവും ചിലവുകൂടിയതുമാണ്.വേണ്ട പ്രചരണം നടത്തിയാൽ ഇത് കൂടുതലായി സ്ഥാപിക്കുവാൻ സാധിക്കും.

കരി ദുർലഭമാവുകയാണ്. ലിഗ്നൈറ്റ് ഉപയോഗത്തിന് ശരിയായ പ്രചരണം നൽകാത്തതിനാൽ ജനങ്ങൾക്ക് ഇതിന്റെ ഉപയോഗം അറിയുവാൻ പാടില്ല.

തൊഴിൽ

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക നില ആ രാജ്യത്തെ തൊഴിൽ നിലവാരമനുസരിച്ചായിരിക്കും. കാർഷിക, വ്യാവസായിക, സേവന പുരോഗതിയെ തൊഴിലാളികളുടെ സാമ്പത്തിക പുരോഗതിയാണ് രാജ്യത്തിന്റെ പുരോഗതിയെ കാണിക്കുന്നത്. ഏത് മേഖലയിലായാലും ഉല്പാദനത്തിന്റെ ഒരു പ്രദാന ഘടകമാണ് തൊഴിലാളി. കായികശേഷിക്കൊപ്പം മറ്റ് കഴിവുകളും ഈ വിഭാഗത്തിൽ വരും.

ഒരു കാർഷിക സംസ്ഥാനമായ കേരളത്തിലെ പ്രധാന തൊഴിൽ കൃഷിഭൂമിയെ ആശ്രയിച്ചാണിരിക്കുന്നത്. പരമ്പരാഗതമായി നടത്തിയിരുന്ന കൃഷിരീതിയിൽ ഉണ്ടായ മാറ്റം ഈ മേഖലയിലെ തൊഴിലാളികളിൽ ഭൂരിപക്ഷവും അസംഘടിതരായ ചെറുകിട കർഷകരാണ്. ഇവർക്ക് കൃഷി ഒരു ഉപതൊഴിൽ മാത്രമേ ആകുന്നുള്ളു. മറ്റ് മേഖലകളിൽ സാദ്ധ്യതകൾ കുറവായതതിനാൽ ഇവർ കാർഷിക മേഖലയെത്തന്നെ ആശ്രയിച്ചു കഴിഞ്ഞുകൂടുന്നു. ഇവരെ ഉദ്ധരിക്കേണ്ടത് പുതിയ തൊഴിൽ നയത്തിന്റെ അനിവാര്യതയാണ്. കാർഷിക മേഖലയിലെ മറ്റ് തൊഴിലാളികൾ സംഘടിതരാണ്. ഉയർന്ന വേതന നിരക്കും യന്ത്രവൽക്കരണവും ഈ വിഭാഗത്തിന്റെ തൊഴിൽ സാധ്യതകൾ ഇല്ലാതാക്കി. ഉയർന്ന സാക്ഷരതാനിരക്കും കൃഷികൊണ്ടുള്ള കുറഞ്ഞ വരുമാനവും ഈ മേഖലയിലേക്ക് പുതിയ തലമുറ കടന്നുവരുന്നില്ല.

വ്യവസായികമായി നമ്മുടെ നാട് മുന്നേറാത്തതിൽ വ്യവസായ തൊഴിലവസരങ്ങളും കുറവാണ്. വ്യവസായ മേഖലയിലെ തൊഴിലാളികൾ സംഘടിതരാണെങ്കിലും ഉയർന്ന ജീവിത ചെലവുമായി താരതമ്യപ്പെടുത്തിയാൽ അവരുടെ വേതനവും ഒട്ടും മെച്ചമല്ല.

സാമ്പത്തികമായ കുറെയെങ്കിലും ഭദ്രതയുള്ളത് സേവന മേഖലയിലാണ്. പ്രാദേശികമായി പറയുമ്പോൾ സർക്കാരിലും പൊതുമേഖലാസ്ഥാപനങ്ങളിലും ഉള്ള തൊഴിലവസരങ്ങളാണ് ഈ മേഖല. സേവന മേഖലയിൽ പ്രധാനമായത് വിദേശജോലിയാണ്. നമ്മുടെ ഉയർന്ന സാക്ഷരതയും തൊഴിലാളികളുടെ കഴിവും ലോകത്തപ്പാടെ നമുക്കുള്ള തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നുണ്ട് പക്ഷെ മറ്റ് രാജ്യങ്ങളും പുരേഗമിക്കുന്നതിനാൽ ഇനിയും ഈ മേഖലയിലെ തൊഴിലവസരങ്ങൾ കുറയുവാനാണ് സാദ്ധ്യത.

അങ്ങനെ പൊതുവേ പറഞ്ഞാൽ നമ്മുടെ തൊഴിൽ മേഖല തളരുകയാണ്. കൂടുതൽ പേർക്ക്

തൊഴിൽ നൽകുവാൻ ഇന്നത്തെ നമ്മുടെ പദ്ധതികൾ പ്രയോജനകരമല്ല. കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്ന പദ്ധതികളായിരിക്കണം 9-ാം പദ്ധതിയിൽ നാം വിഭാവനം ചെയ്യേണ്ടത്. അതിന് ഏറ്റവും പറ്റിയ പരിപാടി വ്യവസായ വൽക്കരണം മാത്രമാണ്.

1991 ലെ സെൻസസ് അനുസരിച്ച് അതിരമ്പുഴ പഞ്ചായത്തിൽ തൊഴിൽ ചെയ്യുവാൻ കഴിവുള്ള (18 മുതൽ 60) വയസുവരെ പ്രായക്കാർ) 12,782 പേരാണുള്ളത്. (6,69 പുരുഷന്മാരും 6.090 സിത്രീകളും) ഇവരിൽ ഏകദേശ കണക്കനുസരിച്ച് വിവധ മേഖലകളിൽ ജോലി ചെയ്യുന്നവർ താഴെ പറയുന്ന പ്രകാരമാണ്.

ഇവരിൽ കാർഷിക മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നവരിൽ എല്ലാവരും തന്നെ ഭാഗികമായി തൊഴിലുള്ളവരും ഇടത്തരം കർഷകരും ആണ്. സേവനമേഖലയിലുള്ളവർ പൊതുമേഖലാ സ്ഥാപനങ്ങളിലും വിദേശത്തും ജോലിയുള്ളവരാണ്. വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവർ

തൊഴിൽ മേഖല	തൊഴിലുള്ളവർ		
	പുരുഷന്മാർ	സ്ത്രീകൾ	മൊത്തം
കാർഷികമേഖല	3000	1000	4000
സേവന മേഖല	600	1200	1800
വ്യവസായ മേഖല	1200	335	1535
ആകെ	4800	2535	1535
തൊഴിലില്ലാത്തവർ	1892	3555	5447
മൊത്തം	6692	6090	12782

സംഘടിത തൊഴിലാളികളും കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ആണ്. കാർഷിക മേഖലയിലും കുടിൽ വ്യവസായമേഖലയിലും പ്രവർത്തിക്കുന്നവർക്ക് മിനിമം വേതനം പോലും ലഭിക്കുന്നില്ല.

ഒൻപതാം പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മേല്പറഞ്ഞ വിഭാഗങ്ങൾക്ക് ന്യായമായ വേതനം ലഭിക്കത്തക്കവിധം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട് ഇത് താഴെ പറയുന്ന ലക്ഷ്യങ്ങളോടു കൂടിയായിരിക്കണം.

1. കാർഷികമേഖലയിലെ ഭാഗികമായി ജോലിയുള്ളവർക്ക് മുഴുവൻ സമയം തൊഴിൽ നല്കണം.

   ഇതിൽ കാർഷികമേഖലയും മൃഗസംരക്ഷണവുമാണ് കൂടുതലായി പ്രയോജനപ്പെടുത്തേണ്ടത്. കാർഷികമേഖലയിൽ പച്ചക്കറി, പുഷ്പ ചെടി, കൂൺ , പച്ചമരുന്നുകൾ എന്നിവയുടെ കൃഷി വികസിപ്പിക്കാവുന്നതാണ്. മൃഗസംരക്ഷണവിഭാഗത്തിൽ അതിരമ്പുഴയിൽ ആരംഭിക്കുന്ന നാല്പത്തിമല കോഴിവളർത്തൽ സഹകരണസംഘം 1000 കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാനാണ് പദ്ധതിയ്ക്ക് രൂപം കൊടുത്തിരിക്കുന്നത്. കന്നുകാലിവളർത്തൽ ആടുവളർത്തൽ മത്സ്യകൃഷി, പന്നിവളർത്തൽ മുതലായവയും നടപ്പിൽ വരുത്താവുന്നതാണ് 9-ാം പദ്ധതിയിൽ ഈ വിഭാഗത്തിൽ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.
2. കൂടുതൽ സാങ്കേതിക പരിശീലന സൗകര്യങ്ങൾ നല്കിയാൽ കുറെപേർക്ക് സേവന മേഖലയിൽ തൊഴിൽ ലഭിക്കും.
3. കുടിൽ വ്യവസായങ്ങൾ നവീകരിച്ചാൽ ഈ വിഭാഗത്തിലുള്ളവർക്ക് കൂടുതൽ തൊഴിൽ സുരക്ഷിതത്വം ലഭിക്കും.
4. ഇപ്പോൾ തൊഴിലില്ലാത്ത 5,447 പേരിൽ വ്യവസായ പദ്ധതി പ്രകാരം 3,675 പേർക്ക് കയറ്റിയിറക്ക്, ട്രാൻസ്പോർട്ടിംഗ് നിർമ്മാണ പ്രവർത്തനം മുതലായ മറ്റ് മേഖലകളിൽ ബാക്കിയുള്ള 1,772 പേർക്ക് തൊഴിൽ ലഭ്യമാക്കാവുന്നതാണ്.
5. തൊഴിൽ മേഖലയുടെ ലക്ഷ്യം സാമ്പത്തിക ഉയർച്ച മാത്രമല്ല. തൊഴിലാളികളെ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നതിനുകൂടിയാണ്.
6. തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ അവർക്കുവേണ്ടി വായനശാലകളും, റിക്രിയേഷൻ ക്ലബ്ബുകളും സ്ഥാപിക്കേണ്ടതാണ്.
7. തൊഴിലാളികളുടെ സുരക്ഷിതത്വത്തിന് വേണ്ടി ഗവർൺമെന്റും മാനേജുമെന്റും ചേർന്ന് ഒരു ഇൻഷ്വറൻസ് പദ്ധതി തുടങ്ങുക.
8. ദേശീയ സമ്പാദ്യപദ്ധതിയിൽ തൊഴിലാളികളെ കൂടുതലായി പങ്കാളികളാക്കുക.
9. ഇപ്പോൾ നിലവിലുള്ള പെൻഷൻ പദ്ധതികൾ (കർഷകപെൻഷൻ, കെട്ടിടനിർമ്മാണ തൊഴിലാളി പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. 60 വയസ്സുകഴിഞ്ഞ എല്ലാവിഭാഗം തൊഴിലാളികളെയും ഈ പദ്ധതിയിൽപെടുത്തി പെൻഷൻ നല്കുക. വിവിധ പദ്ധതികളെ ഏകീകരിക്കുവാനും കൂടുതൽ തൊഴിലാളികളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുവാനും തന്മൂലം സാധിക്കും.

ആസൂത്രിതമായ മേൽപദ്ധതികൾ ആവിഷ്കരിച്ചാൽ 21-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നമ്മുടെ പഞ്ചായത്തിൽ എല്ലാവർക്കും തൊഴിൽ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻസാധിക്കും. കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും തൊഴിലാളികളുടെ സാമ്പത്തിക സാംസ്കാരിക ഉന്നമനത്തിന് ഉപകരിക്കുമെന്നുകരുതുന്നു,

4. ഗതാഗതം

ഒരു പ്രദേശത്തിന്റെ സാമ്പത്തിക സാമൂഹ്യ പുരോഗതിയുടെ കണ്ണാടിയാണ് മെച്ചപ്പെട്ട ഗതാഗതസംവിധാനം എന്നു പറയാറുണ്ട്. ഗതാഗതവികസനവും സാമ്പത്തിക സാമൂഹ്യപുരോഗതിയും പരസ്പരാശ്രിതങ്ങളാണ്. എന്നാൽ ഈ പൊതുതത്ത്വത്തിന് അപവാദമായിട്ടുള്ളതാണ് അതിരമ്പുഴയുടെ അവസ്ഥ.

മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാരകേന്ദ്രങ്ങളിൽ ഒന്നായിരുന്നു അതിരമ്പുഴ റോഡുമാർഗ്ഗം കിഴക്കൻ പ്രദേശങ്ങളുമായും ജലമാർഗ്ഗം ആലപ്പുഴ കൊച്ചിപ്രദേങ്ങളുമായും ദൃഢമായ വ്യാപാരബന്ധം പുലർത്തിയിരുന്നു. അതിരമ്പുഴയ്ക്ക് കാലാനുസൃതമായ പുരോഗതിഉണ്ടായില്ല എന്നു മാത്രമല്ല നിലവിലുണ്ടായിരുന്ന പ്രധാനപ്പെട്ട വ്യാപാര പ്രവർത്തനങ്ങളൊക്കെത്തന്നെ ഇവിടെ നിന്നും മാറിപോകുകയും ചെയ്തു. മലഞ്ചരക്കുവ്യാപാരം മത്സ്യവ്യാപാരം തുടങ്ങിയവ ഉദാഹരണങ്ങൾ.

ഈ കാലഘട്ടത്തിൽ ശ്രദ്ധേയമായ ഒട്ടേറെ സ്ഥാപനങ്ങൾ അതിരമ്പുഴയിൽ ഉയർന്നു വന്നിട്ടുണ്ട്. ഒരുപക്ഷെ സമീപസ്ഥങ്ങളായ പല പഞ്ചായത്തുകൾക്കും അവകാശപ്പെടാൻ കഴിയുന്നതിൽ കൂടുതൽ സ്ഥാപനങ്ങൾ അതിരമ്പുഴയ്ക്ക് ലഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയൂണിവേഴ്സിറ്റി അതിരമ്പുഴയിൽ സ്ഥിതി ചെയ്യുന്നു. കോട്ടയം മെഡിക്കൽ കോളജിന്റെ ഒരുഭാഗം ഈ പഞ്ചായത്തിലാണ്. മാന്നാനം കെ. ഇ കോളേജും സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജും, ഏറ്റുമാനൂരപ്പൻ കോളജും, അമലഗിരി കോളജും അതിരമ്പുഴയുടെ സമ്പത്താണ്. വ്യവസായ എസ്റ്റേറ്റും റയിൽവേസ്റ്റേഷനും അതിരമ്പുഴ പഞ്ചായത്തിൽ സ്ഥാപിതമായിരിക്കുന്നു. മിഡാസ്, കോഹിനൂർ മിൽസ്, ജാസ് ഫ്ളവർ മിൽ, കെ.എസ്. കാലിത്തീറ്റ ഫാക്ടറി തുടങ്ങി ഇടത്തരവും , ചെറുകിടവുമായ പല വ്യവസായ സ്ഥാപനങ്ങളും ഈ കാലഘട്ടത്തിൽ ഉയർന്നുവന്നിട്ടുണ്ട്. നിലവാരമുള്ള ഓഡിറ്റോറിയങ്ങളും കളിസ്ഥലങ്ങളും അതിരമ്പുഴ പഞ്ചായത്തിൽ ഉണ്ട്. ഇതെല്ലാം ഉണ്ടായിട്ടും അതിരമ്പുഴയുടെ സാമ്പത്തികസാംസ്കാരി ജീവിതത്തിൽ അർഹമായ പുരോഗതി കൈവന്നിട്ടില്ല.

മുകളിൽ പറഞ്ഞ പശ്ചാത്തലം വിലയിരുത്തുമ്പോൾ അതിരമ്പുഴയുടെ പ്രതികൂലസ്ഥിതിക്കുമുഖ്യകാരണം ഗതാഗതസംവിധാനത്തിലെ അപാകതകൾ ആണെന്ന് കാണാൻ കഴിയും. അതിരമ്പുഴ ചന്തക്കടവിലേയ്ക്കുള്ള ജലപാതയ്ക്കു മുകളിൽ കുട്ടാമ്പുറത്തും നടയ്ക്കൽ ഭാഗത്തും ഭാവനാശൂന്യമായി പാലങ്ങൾ നിർമ്മിച്ച് ജലഗതാഗതം തടസ്സപ്പെടുത്തിയത് കൂനിന്മേൽ

കുരുവായി. ബോട്ട് സർവ്വീസ് നിലച്ചതും ചരക്കു വള്ളങ്ങൾ വരാതായതും അതിരമ്പുഴ മാർക്കറ്റിനെ മാത്രമല്ല പഞ്ചായത്തിലെ ഭൗതിക ചലനത്തെ മൊത്തത്തിൽ ബാധിച്ചു. എന്നാൽ ജലഗതാഗതത്തിന് പ്രസക്തി കുറയുകയും റോഡുഗതാഗതം കൂടുതൽ പ്രസക്തിയാർജ്ജിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് നാം എത്തി നില്ക്കുന്നത് എന്നു കാണാം. റോഡുഗതാഗതത്തിന്റെ കാര്യത്തിൽ ഉണ്ടായ പുരോഗതി അതിരമ്പുഴയുടെ വളർച്ചയെ സഹായിച്ചില്ല എന്നതാണ് ആത്യന്തികമായ തകരാറ്.

റോഡ് ദൈഘ്യത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ അതിരമ്പുഴ പഞ്ചായത്ത് ശരാശരിക്കു താഴെയല്ല. മൊത്തം 34 കി.മീ. ദൈർഘ്യം വരുന്ന പതിനാല് റോഡുകൾ പൊതുമരാമത്തു വകുപ്പിന്റേതായി പഞ്ചായത്തിലുണ്ട്. ഇവ പഞ്ചായത്തിന്റെ വിവിധ മേഖലകളെ സ്പശിച്ചു കടന്നു പോകുന്നു. പൊതുമരാമത്തു റോഡുകളുടെ ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു.

1. എം.സി. റോഡ്
2. ഏറ്റുമാനൂർ അതിരമ്പുഴ റോഡ്
3. ഏറ്റുമാനൂർ നീണ്ടൂർ റോഡ്
4. പാറോലി മുട്ടപ്പള്ളിറോഡ്
5 ആനമല കുറമുള്ളൂർ റോഡ്
6. ഓണംതുരുത്ത് കുറമുള്ളൂർ റോഡ്
7. അതിരമ്പുഴ ലിസ്യൂ-കൈപ്പുഴ റോഡ്
8. അതിരമ്പുഴ മാന്നാനം -അടിച്ചിറ റോഡ്
9. മാന്നാനം പുലിക്കുട്ടിശ്ശേരി റോഡ്
10. മാന്നാനം കൈപ്പുഴ റോഡ്
11. മാന്നാനം കുടമാളൂർ റോഡ്
12. യൂണിവേഴ്സിറ്റി, അമലഗിരി, അമ്മഞ്ചേരി റോഡ്
13. അമ്മഞ്ചേരി മെഡിക്കൽ കോളജ് റോഡ്
14. കാരിത്താസ്- അമ്മഞ്ചേരിറോഡ്

മൊത്തം 105 കി.മീ. ദൂരം വരുന്ന പഞ്ചായത്തു റോഡുകളുണ്ട്. ഇതിൽ 24 കി.മീ. ടാർ ചെയ്ത റോഡാണ് ഐക്കരക്കുന്ന് ഒറ്റക്കപ്പലുമാവ് റോഡ്, അതിരമ്പുഴ-ആട്ടുകാരൻ കവലറോഡ്, ദേവഗിരി അതിരമ്പുഴ റോഡ് തുടങ്ങി ഏതാനും റോഡുകൾ പൊതുമരാമത്തു റോഡുകളുടെ പ്രതീതി ജനിപ്പിക്കുന്നവയുമാണ്. ഇതിൽ നിന്നും നമ്മുടെ പ്രതിസന്ധിക്കു നിദാനമായിട്ടുള്ളത് റോഡുശൃംഘലയുടെ വിന്യാസത്തിലെ തകരാറാണ് എന്ന് മനസ്സിലാക്കാം.

ഈ പശ്ചാത്തലത്തിൽ അതിരമ്പുഴ പഞ്ചായത്തിൽ തെക്കുവടക്ക് സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ പുഴയിൽ ചെറിയതോതിലെങ്കിലും പുരോഗതിയുടെ സ്പന്ദനം ഉളവായത് എം.ജി. യൂണിവേഴ്സിറ്റി വന്നതിനുശേഷമാണ്. എം.ജി. യൂണിവേഴ്സിറ്റി മദ്ധ്യകേരളത്തിൽ വിദ്യാഭ്യാസകേന്ദ്രമാണ്. അതിൽ അതിരമ്പുഴ വൈക്കം റോഡിൽ കോതനല്ലൂർ പള്ളിക്കവലയിൽ തുടങ്ങി വേദഗിരി, അതിരമ്പുഴ മാർക്കറ്റ്യ യൂണിവേഴ്സിറ്റി, അമലഗിരിവഴി അമ്മഞ്ചേരിയിൽഎത്തുന്ന റോഡ് വികസിപ്പിക്കുകഎന്നതാണ് നമ്മുടെ മുമ്പിലുള്ള പോംവഴി.അതോടൊപ്പം വേദഗിരി എം.സി. റോഡ്, അതിരമ്പുഴ ആട്ടുകാരൻകവല റോഡും, സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ വികസിപ്പിക്കണം. സമാന്തരമായി കാണക്കാരി, ആനമല, അതിരമ്പുഴ പള്ളി, നാല്പാത്തിമല, ഓട്ടക്കാഞ്ഞിരം റോഡ് ജില്ലാ റോഡ് നിലവാരത്തിലും പഞ്ചായത്തിന്റെ പൊതുവികസനപരിപാടിയായി ഏറ്റെടുക്കുന്നതോടൊപ്പം ഗതാഗത ശൃംഘലയുടെ പുനർസംവിധാനത്തിലുള്ള അടിസ്ഥാനം രൂപപ്പെടും. ഈ കാഴ്ചപ്പാടിൽ ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഗതാഗതവികസന പരിപാടിയുടെ വിശദരൂപം താഴെ വിവരിക്കുന്നു.

പൊതുമരാമത്തു റോഡുകൾ

1. ഏറ്റുമാനൂൽ അതിരമ്പുഴ മാന്നാനം സ്റ്റേറ്റ് ഹൈവേ

ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഏറ്റുമാനൂർ ഈരാറ്റുപേട്ട സ്റ്റേറ്റ് ഹൈവേ മാന്നാനം വരെ നീട്ടുന്നതിന് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. അതിരുമ്പുഴ ടൗണിലെ ഗതാഗതകുരുക്ക് ഒഴുവാക്കുന്നതിനും യൂണിവേഴ്സിറ്റി, മാന്നാനത്തെ കോളജുകൾ എന്നിവയിലേക്കുള്ള യാത്ര സുഗമമാക്കുന്നതിനും ഈ പദ്ധതി വളരെ സഹായകമാണ്. സ്റ്റേറ്റ് പ്ലാനിൽ മുൻഗണന നല്കി ഈ പദ്ധതി ഉൾപ്പെടുത്തുന്നതിനും ഏറ്റവും വേഗം പ്രാവർത്തികമാക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

ഏറ്റുമാനൂർ മാന്നാനം റോഡിൽ ഏറ്റുമാനൂർ മുതൽ അതിരമ്പുഴ പള്ളി മൈതാനം വരെയുള്ള ഭാഗത്തിന് ഇപ്പോൾ തന്നെ മതിയായ വീതിയുണ്ട് പക്ഷെ ടാറിംഗിനിരുപുറവുമുള്ള സ്ഥലത്ത് അവിടവിടെയായി മൺതിട്ട പൊങ്ങിനില്ക്കുന്നു. റോഡിലേക്കിറങ്ങി ചില വീടുകൾക്ക് അപ്രോച്ച് നിർമ്മിച്ചിരിക്കുന്നു. അനധികൃത കൈയ്യേറ്റവും

ചില ഭാഗങ്ങളിൽ നടന്നിട്ടുണ്ട്. ഒരിടത്തും ഓട യില്ല. അതിനാൽ വർഷകാലത്ത് റോഡിലൂടെ വെള്ളം ഒഴുകുകയും, കാൽനടക്കാർക്കും, ടൂവീ ലർ യാത്രക്കാർക്കും സഞ്ചരിക്കാൻ കഴിയാത്ത സ്ഥിതിയുമാണ്. റെയിൽ പാലത്തിന് കിഴക്കുവ ശത്ത് വെള്ളം കുറുകെ ഒഴുകി റോഡ് പൊളിയു ന്നതു പരിഹരിക്കുന്നതിന് ഒരു കലുങ്ക് നിർമ്മി ക്കേണ്ടതുണ്ട്. റെയിൽ പാലത്തിനു പടിഞ്ഞാറ് വശത്ത് കലുങ്ക് (റയിൽവേ വക) വീതി കൂട്ടണം. മറ്റം കവലയിലെ കലുങ്ക് പൊളിച്ച് ഉയരം കൂട്ടി പണിയണം. പള്ളിക്കവല മുതൽ ചന്തക്കടവ് വരെ ഓട നവീകരിക്കണം. സ്റ്റേറ്റ് ഹൈവേയുടെ പണി പൂർത്തിയാകാൻ കാത്തിരിക്കാതെ അടിയന്തിര മായി കച്ചേരിപ്പടി മുതൽ അതിരമ്പുഴ ചന്തക്കടവ് വരെയുള്ള ഭാഗത്ത് അനധികൃത കൈയേറ്റം ഒഴി പ്പിച്ച് വീടുകളുടെ അപ്രോച്ച് പൊക്കി മൺതിട്ട കളും വെട്ടിനിരപ്പാക്കി മനയ്ക്കപ്പാടത്തെയും പള്ളിമൈതാനത്തിനു കിഴക്കുവശത്തേയും വള വുകൾ നിവർത്ത് മുഴവൻ നീളവും ഓടതീർത്ത് കലുങ്കുകൾ പുനരുദ്ധരിച്ച് ഗതാഗതം സുഗമമാ ക്കുന്നതിന് പൊതുമരാത്തു വകുപ്പ് നടപടികൾ സ്വീകരിക്കണം.

2. ഏറ്റുമാനൂർ നീണ്ടൂർ സ്റ്റേറ്റ് ഹൈവേ

ഏറ്റുമാനൂർ വെച്ചൂർ റോഡ് സ്റ്റേറ്റ് ഹൈവെ ആക്കുവാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടു ണ്ട്. ഈ പദ്ധതി സ്റ്റേറ്റ് പ്ലാനിൽ മുൻഗണന നല്കി ഉൾപ്പെടുത്തി ഏറ്റവും വേഗം നടപ്പിലാക്കാൻ ശ്രമി ക്കേണ്ടതാണ്.

ഏറ്റുമാനൂർ മുതൽ പ്രാവട്ടം വരെ നല്ല വീതിയുണ്ട്. സ്റ്റേറ്റ് ഹൈവേയുടെ പണിക്കുകാത്തി രിക്കാതെ അടിയന്തിരമായി ടാറിംഗിന് ഇരുപു റവും ഉള്ള സ്ഥലം നിരപ്പാക്കി വശങ്ങളിൽ ഓട തീർത്ത് ഗതാഗതം സുഗമമാക്കുവാൻ പൊതുമ രാമത്തുവകുപ്പ് ശ്രദ്ധിക്കണം.

3. യൂണവേഴ്സിറ്റി അമലഗിരി –അമ്മഞ്ചേരി റോഡ്

അടുത്ത കാലത്തു പൊതു മരാമത്തു വകു പ്പിനു കൈമാറിയ റോഡാണിത്. രൊതുമരാമത്തു വകുപ്പ് ഏറ്റെടുത്തതുകൊണ്ട് മത്രം പുനർനിർമ്മാണം നടന്നുകൊള്ളും എന്ന ധാരണം നമുക്കില്ല. ഈ റിപ്പോർട്ടിൽ നേരത്തെ നിർദ്ദേശിച്ച കോതനല്ലൂർ അമ്മഞ്ചേരി സ്റ്റേറ്റു ഹൈവേ നിലവാരത്തിൽ ഉള്ള റോഡിന്റെ ഭാഗ മായി വരുന്ന റോഡാണിത്. അതിനാൽ യൂണി വേഴ്സിറ്റി അമലഗിരി അമ്മഞ്ചേരി റോഡ് സ്റ്റേറ്റ് ഹൈവേ ആയി12 മീറ്റർ വീതിയിൽ പുതുക്കിപ്പ ണിയുന്നതിന് സ്റ്റേറ്റു പ്ലാനിൽ ഉൾപ്പെടുത്തേണ്ട താണ്.

4. മാന്നാനം ആർപ്പൂക്കര അമ്പലക്കവലറോഡ്

ഏറ്റുമാനൂർ മാന്നാനം സ്റ്റേറ്റ് ഹൈവേയും കോട്ടയം ആർപ്പൂക്കര അമ്പലക്കവല സ്റ്റേറ്റ് ഹൈവേയും സർക്കാർ അനുമതിയായി കഴിഞ്ഞി രിക്കുന്നു. ഇവയെ ബന്ധിപ്പിക്കുന്ന മാന്നാനം അമ്പലക്കല ഭാഗം കൂടി സ്റ്റേറ്റ് ഹൈവേ ആക്കേ ണ്ടത് അതിരമ്പുഴയുടെ ഗതാഗത ശൃംശലയുടെ പുനർ സംവിധാനത്തിലെ അനിവാര്യഘടകമാണ്. അതിനാൽ ഈ പദ്ധതി സ്റ്റേറ്റുപ്ലാനിൽ ഉൾപ്പെടു ത്തേണ്ടതാണ്.

5. പാറോലി– മുട്ടപ്പള്ളി റോഡ്

ടി. റോഡിന് പലയിടത്തും ആറ് മീറ്റർ വീതി യേയുള്ളു. എല്ലാകാലത്തും ഏതെങ്കിലും ഭാഗം പൊട്ടി പൊളിഞ്ഞു കിടക്കും ഈ റിപ്പോർട്ടിൽ നേരത്തെ നിർദ്ദേശിച്ച കാണക്കാരി നാല്പാത്തി മല ഓട്ടക്കാഞ്ഞിരം റോഡിന്റെ ഭാഗമായി വരുന്ന റോഡാണിത്. അതിനാൽ ഇത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പുതുക്കിപ്പണിയേണ്ടതാണ്.

6. മറ്റുറോഡുകളുടെ അറ്റകുറ്റപ്പണികൾ

മറ്റ് പൊതുമരാമത്തു റോഡുകളും ഓടയി ല്ലാതെ വശങ്ങൾ നിരപ്പാക്കിയെടുക്കാതെ അനാ ഥാവസ്ഥയിലാണ്. അവയുടെ പുനരുദ്ധാരണമേ ഖലകൾ സമയബന്ധതമായി ചെയ്തു തീർക്കു വാൻ പൊചുമരാമത്തുവകുപ്പ് തയ്യാറാകണം.

ബി. പഞ്ചായത്തിന്റെ പൊതുവികസന പദ്ധതികൾ

1. കോതനല്ലൂർ വേദഗിരി അതിരമ്പുഴ റോഡ്

കോതനല്ലൂർ പള്ളിക്കവലയിൽ തുടങ്ങി വേദഗിരി അതിരമ്പുഴ യൂണിവേഴ്സിറ്റി അമല ഗിരിവഴി അമ്മഞ്ചേരി വരെ സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ ഒരു റോഡ് വികസിപ്പിച്ച് അതിരമ്പുഴയുടെ ഗതാ

ഗത ശൃംഗല പുനസംവിധാനം ചെയ്യേണ്ടതിന്റെ അനിവാര്യത ഈ റിപ്പോർട്ടിൽ സവിസ്കാരം പ്രതിപാദിച്ചിട്ടുണ്ടല്ലോ. ടി റോഡിൽ അതിരമ്പുഴ മുതൽ യൂണിവേഴ്സിറ്റിവരെയുള്ള ഭാഗം ഏറ്റുമാനൂർ മാന്നാനം സ്റ്റേറ്റ് ഹൈവേയിൽ ഉൾപ്പെടുന്നതാണ്. യൂണിവേഴ്സിറ്റി- അമലഗിരി-അമ്മഞ്ചേരി റോഡ് പൊതുമരാമത്തുവകുപ്പിനെ ഏല്പിച്ചിരിക്കുന്നു. അവശേഷിക്കുന്നത് കോതനല്ലൂർ മുതൽ അതിരമ്പുഴ വരെയുള്ള ഭാഗമാണ്. ഇത് മാഞ്ഞൂർ, കാണക്കാരി, അതിരമ്പുഴ പഞ്ചായത്തുകളിൽ പെടുന്നു. ആകയാൽ കോതനല്ലൂർ വേദഗിരി അതിരമ്പുഴ റോഡ് 12 മീറ്റർ വീതിയിൽ റയിൽ ക്രോഡിൽ ഓവർ ബ്രിഡ്ജു സഹിതം സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ പുതുക്കിപ്പണിയുന്നതിന് ജില്ലപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുന്നതാണ്.

2.അതിരമ്പുഴ നാല്പാത്തിമല-ഓട്ടക്കാഞ്ഞിരം റോഡ്

കാണക്കാരിയിൽ നിന്ന് അതിരമ്പുഴപള്ളി-നാല്പാത്തിമല വഴി- ഓട്ടക്കാഞ്ഞിരം വരെയുള്ള റോഡ് ജില്ലാ റോഡ് നിലവാരത്തിൽ പുതുക്കിപ്പണിയേണ്ടതിന്റെ ആവശ്യകത ഈ റിപ്പോർട്ടിൽ നേരത്തെ പറഞ്ഞിട്ടുണ്ട്. അതിൽ കാണക്കാരിമുതൽ അതിരമ്പുഴ പള്ളിക്കവല വരെയുള്ള ഭാഗം പൊതുമരാമത്ത് റോഡാണ്. ശേഷിക്കുന്നത് അതിരമ്പുഴ നാല്പാത്തിമല ഓട്ടക്കാഞ്ഞിരം ഭാഗമാണ്. ഇത് കയറ്റവും വളവുകളും കഅനുവദനിയമായ പരിധിയിൽ കൊണ്ടുവന്ന് പുതുക്കിപ്പണിയുന്നതിന് പഞ്ചായത്തിന്റെ വികസനപദ്ധതിയിൽ മുൻഗണന നല്കി ഉൾപ്പെടുത്തേണ്ടതാണ്.

2. അതിരമ്പുഴ ആട്ടുകാരൻ കവലറോഡ്

ഏറ്റുമാനൂർ വെച്ചൂർ ഹൈവേയും ഏറ്റുമാനൂർ മാന്നാനം ഹൈവേയും തമ്മിൽ ബന്ധിപ്പിക്കുന്ന അതിരമ്പുഴ ആട്ടുകാൻകവല റോഡിന് വലിയ പ്രാധാന്യമാണ് കൈവരാൻ പോകുന്നത്. അതിനാൽ ഇത് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലുള്ള റോഡായിവികസിപ്പിക്കുന്നത്. പഞ്ചായത്തിന്റെ പൊതുവികസനപരിപാടിയിൽ ഏറ്റെടുക്കേണ്ടതാണ്.

3. വേദഗിരി എം.സി. റോഡ്

എം.സി. റോഡുമായി അതിരമ്പുഴയെ ബന്ധിപ്പിക്കുന്നതിന് വേദഗിരിയിൽ നിന്ന് നമ്പ്യാകുളം കളത്തൂർ വഴി ഒരു ലിങ്ക് റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇത് കുറവിലങ്ങാട്, കാണക്കാരി പഞ്ചായത്തുകളിൽ കൂടി ഉൾപ്പെടുന്ന റോഡാകയാൽ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യേണ്ടതാണ്.

സി. പ്രാദേശിക റോഡുകളുടെ ഉദ്ധാരണമേഖലകൾ

വാർഡുകളെ തമ്മിലും പ്രധാനനിരത്തുമായും ബന്ധിപ്പിക്കുന്ന ഒട്ടേറെ റോഡുകൾ പഞ്ചായത്തിന്റെ വികസന പദ്ധതിയിൽപെടുത്തി ടാർ ചെയ്യുന്നതിനും പുനരുദ്ധാരണവേലകൾ നടത്തുന്നതിനും ഗ്രാമ സഭകൾ നിർദ്ദേശിച്ചിരുന്നു. അവയുടെ ലിസ്റ്റ് പട്ടിക 1-ൽ ചേർത്തിരിക്കുന്നു. വാർഡുകളെ തുല്യമായി പരിഗണിച്ചും ഗ്രാമസഭകൾ നിർദ്ദേശിച്ചമുൻഗണനാക്രമം പാലിച്ചും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതാണ്.

ടാറിംഗും അതുപോലുള്ള സ്പെഷ്യൽ സർഫഡിംഗും, ആവിഷ്ക്കരിച്ചിരിക്കുന്നത് ട്രാഫിക് ഇന്റൻസിറ്റി റോഡുകൾക്കുവേണ്ടിയാണ്. മാറിംഗിൽ തന്നെ സർഫസ് ഡ്രസ്സിംഗ്, ചിപ്പിംഗ് കാർപ്പറ്റ്, ഡെമിഗ്രൗട്ടിംഗ്, ഫുൾഗ്രൗട്ടിംഗ് പല കനത്തിലുള്ള ബിറ്റുമിൽ കോൺക്രീറ്റുകൾ എന്നിങ്ങനെ ട്രാഫിക് ഇന്റൻസിറ്റിക്കനുസരിച്ച് നടത്തേണ്ട പല രീതികളുമുണ്ട്. ഓട്ടോറിക്ഷായും, കാറും, വല്ലപ്പോഴും ഓരോ ലോറിയും ഓടേണ്ട വഴികൾ കയറ്റം താഴ്ത്തുകയും ഓടയും കലുങ്കുകളും തീർക്കുകയും ചെയ്താൽ ട്രാഫിക് കുറഞ്ഞ നമ്മുടെ ഗ്രാമീണ റോഡുകൾ മിക്കതും സഞ്ചാരയോഗ്യമായി കിടക്കും. പക്ഷെ കയറ്റം താഴ്ത്തുന്നതിനും ഓടതീർക്കുന്നതിനും എത്ര പൈസാ മുടക്കിയാലും പറയത്തക്കതോതിൽ പണി നടക്കാറില്ല. പലതിനും ഓട തീർക്കാൻ വീതിയുമില്ല. തൽഫലമായി മൺറോഡുകൾ ഒന്നും തന്നെ വീതിയുമില്ല. തൽഫലമായി മൺറോഡുകൾ ഒന്നും തന്നെ സഞ്ചാരയോഗ്യമല്ല. റോഡായാൽ ടാർവേണം എന്ന ധാരണ അങ്ങനെ ജനങ്ങൾക്കിടയിൽ ബലപ്പെട്ടു. അതിന്റെ ഫലമായി ടാറിംഗിനുവേണ്ടി മുറവിളി കൂട്ടുകയും റോഡ് കിടക്കുന്നപടി ടാറിംഗ് നടത്തുകയും ചെയ്യുന്നു. ഒരിക്കൽ ടാർ ഇട്ടാൽ പിന്നീടൊരിക്കലും കയറ്റം കുറയ്ക്കാൻ സാധിക്കില്ല. ഓടയും കലുങ്കുമില്ലാത്ത റോഡിൽ ടാറിംഗ് വളരെ വേഗം പൊളിയുന്നു. ഇത്തരം റോഡുകൾ ഇന്ന് നാട്ടി

ലാകെ ഒരു ദുരന്തമായി മാറിയിരിക്കുന്നു. ജനറൽ ഇംപ്രൂവ്മെന്റ് നടത്താതെ റോഡ് ടാർ ചെയ്യുന്നതും, ട്രാഫിക് ഇന്റൻസിറ്റി പരിഗണിക്കാതെ ടാറിംഗിന് റോഡ് തെരഞ്ഞെടുക്കുന്നതും യഥാർത്ഥത്തിൽ വിഭവ ദുർവിനിയോഗമാണ്. അതിനാൽ ജനറൽ ഇംപ്രൂവ്മെന്റിനു ടാറിംഗിനെക്കാൾ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നു. പുതിയ വികസന സാംസ്കാരത്തിൽ ഇംപ്രൂവ്മെന്റിനു മുടക്കുന്ന പണം ചോർന്ന് പോകയില്ല എന്നു പ്രത്യാശിക്കാം. ഓടയും കലുങ്കും തീർത്ത് കയറ്റവും അളവും അനുവദനിയമായ പരിധിയിൽ കൊണ്ടുവന്ന ശേഷം ട്രാഫിർ ഇന്റൻസിറ്റി കൂടി കണക്കിലെടുത്ത് ടാറിംഗിന് പണം വകയിരുത്തുന്ന ഒരു പുതിയ സമീപനം സ്വീകരിക്കേണ്ടതാണ്.

ഡി. പുതിയ റോഡുകൾ

ഗ്രാമസഭകൾ നിർദ്ദേശിച്ച പുതിയ റോഡുകളുടെ ലിസ്റ്റ് പട്ടിക 2 ൽ ചേർത്തിരിക്കുന്നു. ഭൂമിയുടെ ലഭ്യത തിട്ടപ്പെടുത്തിയശേഷം വാർഷിക വികസനപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇ. സൈൻ ബോർഡുകൾ

നാട്ടുകാരല്ലാത്ത യാത്രക്കാർക്കു വഴി ചോദിക്കാതെ വാഹനം ഓടിച്ചു പോകാൻ കഴിയുന്ന വിധം എല്ലാ റോഡുകവലകളിലും ഡയറക്ഷൻ ബോർഡുകളും സ്ഥാപിക്കേണ്ടതുണ്ട്. ആയതിന് പഞ്ചായത്തിന് പൊതുവിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

എഫ്. ബസ് സ്റ്റാൻഡ് വെയിറ്റിംഗ് ഷെഡ്

അതിരമ്പുഴ ടൗണിൽ സൗകര്യപ്രദമായസ്ഥലത്ത് സ്ഥലം വിലയ്ക്കെടുത്ത് ഒരു ബസ് സ്റ്റാന്റ് നിർമ്മിക്കേണ്ടതാണ്. വെയിറ്റിംഗ് ഷെഡുകളുടെ ഒരു ലിസ്റ്റ് ഗ്രാമസഭകൾ നിർദ്ദേശിച്ച പ്രകാരം പട്ടിക 3-ൽ ചേർത്തിരിക്കുന്നു. ബസ് സ്റ്റോപ്പുമായി ബന്ധപ്പെടുത്തി മാത്രമെ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കാൻ കഴിയൂ. യോജിച്ച സ്ഥലം കണ്ടെത്തുന്ന മുറക്ക് ഓരോന്നും നടപ്പിലാക്കുന്നതാണ്.

ജി. പാലം -കലുങ്ക്

പഞ്ചായത്തു റോഡുകളിൽ പ്രത്യേകമായി പണയേണ്ട പാലങ്ങളുടെയും കലങ്കുകളുടെയും ലിസ്റ്റ് ഗ്രാമസഭകൾ നിർദ്ദേശിച്ച പ്രകാരം പട്ടിക IV-ൽ ചേർത്തിരിക്കുന്നു. ഒരു കിലോ മീറ്റർ റോഡിൽ കുറുകെ വെള്ളമൊഴുകുന്നതിനു അഞ്ചു ചതുരശ്രമീറ്റർ വിസ്താരം ഉണ്ടായിരിക്കണം എന്നാണ് ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിച്ചിരിക്കുന്നത്. ഒരു മീറ്റർ വീതിയും ഒരു മീറ്റർ ഉയരവും ഉള്ള കലങ്കുകളാണെങ്കിൽ ശരാശരി 200 മീറ്റർ ദൂരത്തിൽ ഒരു കലുങ്ക് എന്ന തോതിൽ വേണ്ടിവരും എന്ന് ഇത് സൂചിപ്പിക്കുന്നു. ആകയാൽ പട്ടികയിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ കലുങ്കുകൾ മിക്ക പഞ്ചായത്തു റോഡുകളിലും ആവശ്യമുണ്ട്. പാലം കലുങ്ക് ഇവയ്ക്ക് പ്രത്യേകം തുക പദ്ധതിയിൽ വകയിരുത്തുന്നതാണ്.

എച്ച്. ഓടകൾ

ഓടകൾ തീർക്കേണ്ട റോഡുകളുടെ ലിസ്റ്റ് ചില ഗ്രാമസഭകൾ നിർദ്ദേശിച്ചിരുന്നു. എല്ലാറോഡിനും ഒരു പോലെ ബാധകമായ പ്രശ്നമാകയാൽ പ്രത്യേകം ലിസ്റ്റ് ചേർത്തിട്ടില്ല. ഓടകൾക്കും കലുങ്കുകൾക്കും മുൻഗണന നൽകേണ്ടതാണ്.

ഐ. വാഹനഗതാഗതം

വാഹനസൗകര്യം അപര്യാപ്തമായതും, റോഡുണ്ടായിട്ടും ബസ് സർവ്വീസ് സഭ്യമല്ലാത്തതുമായ പ്രദേശങ്ങളുടെ ഒരു ലിസ്റ്റ് പട്ടിക 5-ൽ ചേർത്തിരിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽ ഇത് കൊണ്ടു വരുകയും യുക്തമായ പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

ജെ. പ്രത്യേക വിഷയങ്ങൾ

1. പുറമ്പോക്കിലെ അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കും. റോഡുകളുടെ ഓട അടയ്ക്കുന്നതും റോഡിലേയ്ക്ക് ഇറക്കി വീടുകൾക്ക് അപ്രോച്ച് നിർമ്മിക്കുന്നതും കർശനമായി തടയുന്നതിനും നിലവിലുള്ളവ നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

കെ.ജലഗതാഗതം

ജലഗതാഗതം വികസിപ്പിക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതികൾ പട്ടിക VI -ൽ ചേർത്തിരിക്കുന്നു. അതിരമ്പുഴ ചന്തക്കടവ് വരെ ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന്

ഉതകുന്നവിധം കുട്ടോമ്പുറം പാലം ഉയർത്തുന്നതിനും നടയ്ക്കൽ പാലത്തിന് അത്യാവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും അടിയന്തരനടപടികൾ സ്വീകരിക്കണം.

എൽ. റയിൽ ഗതാഗതം

കൊല്ലം– എറണാകുളം റയിൽ പാത ഇരട്ടിപ്പിക്കുക. ഏറ്റുമാനൂർ (അതിരമ്പുഴ) റയിൽവേ സ്റ്റേഷൻ വികസിപ്പിക്കുക, രാവിലെ കൊല്ലം ഭാഗത്തേയ്ക്കും വൈകുന്നേരം തിരിച്ചും യാത്ര ചെയ്യാനുതകുന്ന വിധം കൂടുതൽ എക്സ്പ്രസ് ട്രയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുക. നിർദ്ദിഷ്ട ശബരി റെയിൽ പാതയെ ഏറ്റുമാനൂർ സ്റ്റേഷനുമായി ബന്ധിപ്പിക്കുക. അതിരമ്പുഴ പഞ്ചായത്തിലെ പ്രധാന ക്രോസിംഗുകളിൽ ഓവർ ബ്രിഡ്ജുകൾ പണിയുക, തകർന്നുകിടക്കുന്ന റെയിൽവെ റോഡുകൾ ടാർ ചെയ്ത ഗതാഗതയോഗ്യമാക്കുക എന്നിവയാണ് അതിരമ്പുഴയുടെ പുരോഗതിക്ക് അനിവാര്യമായ റയിൽവേ വികസനപദ്ധതികൾ എന്നു കരുതുന്നു. ഇവ കേന്ദ്ര സംസ്ഥാനഗവർമെന്റുകളുടെയും ജനപ്രതിനിധികളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും നേടിയെടുക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

എം. മാർക്കറ്റ്

അതിരമ്പുഴയിലെ സസ്യമാർക്കറ്റും മത്സ്യമാർക്കറ്റും മാന്നാനത്ത് ചെറിയതോതിൽ സ്വാകാര്യസ്ഥലത്തു നടന്നുവരുന്ന മാർക്കറ്റുമാണ് പഞ്ചായത്തു അതിർത്തിയിലുള്ളത്. അതിരമ്പുഴ സസ്യമാർക്കറ്റിൽ ആവശ്യമായ സ്റ്റാളുകൾ തീർത്തും കംഫർട്ടുസ്റ്റേഷനും, ചപ്പുചവറുകൾ നീക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയും ആധുനികവൽക്കരിക്കാൻ ശ്രമിക്കേണ്ടതാണ്. മത്സ്യമാർക്കറ്റിൽ നിലവിലുള്ള സ്റ്റാളുകൾ നന്നാക്കുന്നതിനും കൂടുതൽ സ്റ്റാളുകൾ നിർമ്മിക്കുന്നതിനും ആധുനിക രീതിയിലുള്ള സ്ലോട്ടർ ഹൗസ് പണിയുന്നതിനും നടപടി സ്വീകരിക്കണം.

മാന്നാനത്തെ ചന്തയ്ക്കു പ്രത്യേകം സ്ഥലം കണ്ടെത്തി അവിടെയ്ക്കു മാറ്റി സ്ഥാപിക്കാൻ ശ്രമിക്കണം.

കൊട്ടാരം ഭാഗത്ത് ഒരു അന്തിച്ചന്ത സ്ഥാപിക്കുന്നതിനും നടപടി തുടങ്ങേണ്ടതാണ്.

നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണം

വാർഡ് 1

1. വായനശാലറോഡ് (ടാറിംഗ്)
2. തച്ചിലേട്ട് റോഡ്
3. നായത്തുപടി കുഴിയാലിൽ സ്റ്റേഷൻ റോഡ് (ടാറിംഗ്)
4. പ്ലാപ്പള്ളി റെയിൽവേ സ്റ്റേഷൻ റോഡ് ,,
5. തോട്ടപ്പള്ളി റോഡ് ,,
6. വേദഗിരികുന്നാനിക്കൽ റോഡ് ,,
7. ചന്ദ്രത്തുംകാല ചക്കനാനി റോഡ് ,,
8. കളരിക്കൽ ചേക്കാത്തടം റോഡ് ,,
9. ഞാറത്തടം റോഡ്
10. ഇരുവേലി റെയിൽവേ സ്റ്റേഷൻ റോഡ് ,,
11. കുളുംകുത്തി റോഡ് ,,
12. കിടങ്ങയിൽ റോഡ് ,,

വാർഡ് 2

1. ചൂനുകുളം ലക്ഷം വീട് റോഡ് (പുനരുദ്ധാരണവേലകൾ)
2. മുഴംക്ലാസ് ചെകിടത്താനം റോഡ് (ടാറിംഗ്)
3. തവളക്കുഴി പഴയകാലാ റോഡ് (പുനരുദ്ധാരണവും ടാറിംഗ്)
4. ആനമല കണ്ണാന്തോട്ടം റോഡ് (വീതികുട്ടി റയിൽ ക്രോസിനു പടിഞ്ഞാറുവശം ടാറിംഗും)
5. റയിൽവേസ്റ്റേഷൻ തുരുത്തിക്കാട്ടു റോഡ് (ടാറിംഗ്)
6. കുഴിമുള്ളിപ്പള്ളി (പട്ടിത്താനം) മാലിയേപ്പടി റോഡ് (പുനരുദ്ധാരണം 2 ടാറിംഗ്)
7. പനച്ചേൽ പടി റയിൽവേ സ്റ്റേഷൻ റോഡ് (ടാറിംഗ്)
8. പാലുകുറ്റുപ്പുരയിൽ ലൈൻ റോഡ് (ടാറിംഗ്)
9. ചെട്ടിപ്പറമ്പ് ചിറക്കരറോഡ് (ടാറിംഗ്)
10. പൂണിത്തറ കാട്ടാത്തി റോഡ് (,,)
11. അറളാറ്റിൽ തുരുത്തിക്കാട്ടു റോഡ് (,,)
12. കള്ളിക്കാട് ചിറക്കര റോഡ് (,,)
13. ആണ്ടുകുന്നേൽ അമ്പലം റോഡ് (,,)
14. പനച്ചകുന്ന് പനച്ചേൽ റോഡ് (,,)

വാർഡ് 3

1. മനയ്ക്കപ്പാടം റയിൽവേസ്റ്റേഷൻ റോഡ് (ടാറിംഗ്)

2. ചൂരക്കുളങ്ങര കുതിരക്കുളം റോഡ് (,,)
3. ചേനപ്പാടി കാട്ടാത്തി റോഡ്
4. പറവേലിപ്പടി ഉണ്ണിവേലിപ്പടി റോഡ് (വീതി കൂട്ടി ടാറിംഗ്)
5. കതിരകുളം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് (വീതി കൂട്ടി ടാറിംഗ്)
6. പുഞ്ചായിൽ ചൂരക്കുളങ്ങര റോഡ് (പുനരുദ്ധാരണവും ടാറിംഗും)
7. കാഞ്ഞിരക്കാട്ടുകുഴി ചിറ്റേടത്തുപാടം റോഡ് (,,)
8. നവോദയ ചിറ്റേടത്തുകുളം റോഡ് (ടാറിംഗ്)
9. നെല്ലിപ്പള്ളി ചിറ്റേടത്തുകുളം റോഡ് (,,)
10. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വലിയകുളം റോഡ് (,,)
11. ചുറ്റേടത്തുകുളം മുക്കുടിറോഡ് (പുനരുദ്ധാരണവും ടാറിംഗും)
12, അരങ്ങത്തുകുഴി റയിൽവേ ലവൽ ക്രോസ് റോഡ് (ടാറിംഗ്)
13. കുറ്റാരപ്പള്ളി കൊക്കററോഡ് (,,)
14. കുറ്റാരപ്പള്ളി റയിൽവേ ലൈൻ റോഡ് (,,)
15. മടത്തിപ്പള്ളി കാട്ടാത്തി റോഡ് (,,)

വാർഡ് 4

1. മറ്റം കവല തൃക്കേൽ- ഇരുവേലിൽ റോഡ് (വീതികൂട്ടി ടാറിംഗ്)
2. പേമലമുകൾ റയിൽവേ സ്റ്റേഷൻ റോഡ് (പുനരുദ്ധാരണവും ടാറിംഗും)
3. കൊട്ടാരം വലിയമല റോഡ് (ടാറിംഗ്)
4. തൃക്കേൽ ഭാഗത്തുനിന്നും റയിൽവേ സൈഡിൽ കൂടി തൊഴുമാലിയിൽ ജംഗ്ഷൻ വരെ റോഡ് വികസിപ്പിക്കുക.
5. കുറുപ്പും തുണ്ടം ഐക്കരക്കുഴി റോഡ് (പുനരുദ്ധാരണവും ടാറിംഗും)
6. കറുകച്ചേരി പേമലമുകൾ റോഡ് (ടാറിംഗ്)
7. അമ്പലക്കുളം പാറശ്ശേരി റോഡ് (പൊന്നാറ്റിൽ ജംഗ്ഷൻ റെയിൽവേ ലൈൻ റോഡ്) സൈഡ് കെട്ടി സംരക്ഷിക്കുക.
8. കൊട്ടാരം -കോട്ടയിൽ റോഡ് (പുനരുദ്ധാരണം)
9. കന്നും ചിറ- റയിൽവേ റോഡ് (പുനരുദ്ധാരണം)

വാർഡ് 5

1. മാർക്കറ്റ് -റയിൽവേ സ്റ്റേഷൻ റോഡ് (ടാറിംഗ്)
2. കുഴുപ്പിൽ കോട്ടമുറിറോഡ് (,,)
3. കിടാച്ചിറ റോഡ് (ബാക്കിഭാഗം ടാറിംഗ്)
4. തേൽകുളം പള്ളി റോഡ് (ടാറിംഗ്)
5. സിമിത്തേരി റോഡ് (,,)
6. ജട്ടി ഷാപ്പുപടിറോഡ് (,,)

വാർഡ് 6

1. കുട്ടിമുക്ക് കൈപ്പുഴ റോഡ് വീതികൂട്ടി (ടാറിംഗ്)
2. ആട്ടേപീടിക മുലേത്തടം റോഡ് (,,)
3. പാറേമാക്കിൽ കുറുമുള്ളൂർ റോഡ് (,,)
4. വട്ടക്കുന്നു റോഡ് (ബാക്കി ഭാഗം ടാറിംഗ്)
5. ജയഭാരത് -പെരുമ്പുഴ റോഡ് (ടാറിംഗ്)
6. വേമ്പേനിപ്പടി- നീണ്ടൂർ റോഡ് (ടാറിംഗ്)
7. മലേപ്പടി -മണ്ണാർകുന്ന് റോഡ് (,,)
8. ഓണംതുരുത്ത് -മണ്ണാർകുന്ന് റോഡ് (,,)
9. സി.എസ്.ഐ. പള്ളി കൈപ്പുഴ റോഡ് (,,)

വാർഡ്7

1. പനത്തിൽപടി -മണ്ണാകുന്ന് റോഡ് (വീതികൂട്ടി ടാറിംഗ്)
2. മണ്ണാർകുന്ന്- കുറ്റിയേൽക്കവല റോഡ് (വീതികൂട്ടി ടാറിംഗ്)
3. മണ്ണാർകുന്ന്- കാഞ്ഞിരം കാല റോഡ് (അറ്റകുറ്റപ്പണികൾ)
4. മണ്ണാർകുന്ന് - ലിസ്യു റോഡ് (ബാക്കി ഭാഗം ടാറിംഗ്)
5. മാടപ്പള്ളി - ളാപ്പള്ളി റോഡ് (പുനരുദ്ധാരണം)
6. ലിസ്യു മാങ്കോട്ടിൽ റോഡ് -(ടാംറിഗ്)
7. കുറ്റിയേൽകവല കടത്തുകടവ് റോഡ് (ടാറിംഗ്)
8. കുട്ടിമുക്ക്- കടത്തുകടവ് റോഡ് (ടാറിംഗ്)

വാർഡ് 8

1. കുന്നേൽ റോഡ്
2. തെങ്ങും തോട്ടം ഇരുപ്പമല റോഡ്
3 മേപ്പുറം റോഡ്
4. ഇരുവേലിമല -വട്ടമലറോഡ്
5. തരംഗിണി- ഓട്ടക്കാഞ്ഞിരം റോഡ്

വാർഡ് 9

1. ഐക്കരകുന്നേൽ ഒറ്റക്കപ്പിലുമാവ് റോഡ് (റീടാറിംഗ്)

2. അമലഗിരി -ചൂരക്കുളം റോഡ് (അറ്റ കുറ്റപ്പണികൾ)
3. മുണ്ടകപ്പാടം -നാല്പാത്തിമല റോഡ് (ഓടയും ടാറുംഗും)
4. കോശാക്കൽ ലിങ്ക് റോഡ് -കുന്നുകുളം കോശാക്കൽ റോഡ് (പുനരുദ്ധാരണം)
5. ഐക്കരകുന്നേൽ ഒറ്റക്കപ്പിലുമാവിൽ റോഡിൽ പഞ്ചായത്തു കിണർഭാഗത്തു നിന്നും നാല്പത്തിമല ലക്ഷംവീട് ജംഗ്ഷനിലേക്കുള്ള റോഡ് പുതുക്കിപണിയുക.
6. കാരിത്താസ് റെയിൽവേ ഗെയിറ്റിനും പടിഞ്ഞാറുവശം മാങ്കിലേട്ട് തലയ്ക്കൽ റോഡ് ഓടയും ചപ്പാത്തും നിർമ്മിച്ച് പുനരുദ്ധരിക്കുക.

വാർഡ് 10

1. നൂറ്റൊന്നുകവല ഉപ്പിടിയാംമല അലഞ്ചേരി പാറശ്ശേരി റോഡിലേക്കുള്ള ലിങ്ക് റോഡ് വീതികൂട്ടി ടാറിംഗ് നടത്തുക.
2. മാത്തശ്ശേരി എം.സി. റോഡ് ടാറിംഗ്.
3. കുന്നംകുളം ഒറ്റകപ്പിലുമാവുറോഡ് ടാറിംഗ് പൂർത്തിയാക്കുക.
4. ചൂരക്കുളം കുറിച്ചിയാനിപടിറോഡ് ടാറിംഗ്
5. മുണ്ടകപ്പാടം (എം.സി.റോഡ്) റെയിൽവേ ലൈൻ റോഡ് (പുനരുദ്ധാരുണം)
6. അടിച്ചിറ റെയിൽവേ ഗേറ്റ്- കോശാക്കൽപടി റോഡിൽ നിന്നും കുറിച്ചിയാനികിളിയമ്പ്ര റോഡിലേക്കുള്ള ലിങ്ക് റോഡ് ടാറിംഗ് നടത്തുക.
7. എം.സി. റോഡ് വടിയംമലറോഡ് മാത്തശ്ശേരി എം.സി. റോഡ് വരെ ഉദ്ധാരണമേഖലകളും ടാറിംഗും നടത്തുക.
8. കഴുതാടി ചൂരക്കുളം റോഡ് (ടാറിംഗ്)
9. ഉണ്ടത്തടം റയിൽവേ റോഡ് ഉദ്ധാരണവേലകൾ നടത്തുക
10. ആലഞ്ചേരി -പാറശേരി റോഡ് ടാറിംഗ് പൂർത്തിയാക്കുക.
11. സെന്റ് ജോസഫ്സ് ചൂരക്കുളം റോഡ് ഉദ്ധാരണവേലകൾ
12. പാറോലിൽ റെയിൽവേ ലൈൻ റോഡ് (ടാറിംഗ്)
13. ചൂരകുളം റെയിൽവേ ലൈൻ റോഡ് വീതികൂട്ടി ടാറിംഗ്
14. കഴുതാടി ചൂരക്കുളം റോഡിൽ നിന്ന് റെയിൽവേ ലൈനിലേക്ക് നടപ്പാത നന്നാക്കുക
15. വെട്ടൂർ- പാറശ്ശേരിറോഡ്

വാർഡ് 11

1. ഇ.എസ്.ഐ. മറ്റപ്പള്ളി റോഡ് വികസിപ്പിക്കുക
2. ഇ.എസ്. ഐ. ഹൗസിംഗ് ബോർഡ് റോഡ് (ടാറിംദ്)
3. പത്തടിപ്പാലം ഇ.എസ്ഐ. ഹൗസിംഗ് ബോർഡ് റോഡിലേക്കുള്ള ടാറിംഗ് പൂർത്തിയാക്കുക.
4. പത്തടിപ്പാലം ഇ.എസ്.ഐ. ഹൗസിംഗ് ബോർഡ് റോഡിലേക്കുള്ള വഴിയിൽനിന്ന് അമ്മഞ്ചേരി അടിച്ചിറ റോഡിലേക്കുള്ള ഫീസർ റോഡ് വികസിപ്പിക്കുക.
5. കുന്നംകുളം കവല -ഹൗസിംഗ് ബോർഡു റോഡ് (ടാറിംഗ്)
6. മാന്നാനം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും ഇ.എസ്.ഐ. മറ്റപ്പള്ളി റോഡിലേക്കുള്ള ലിങ്ക് റോഡ് ടാറിംഗ് പൂർത്തിയാക്കുകയും ഓട തീർക്കുകയും ചെയ്യുക.
7. അമ്മഞ്ചേരി കാരിത്താസ് റോഡിൽ നിന്നു കുന്നുകുളം ഒറ്റക്കപ്പിലുമാവ് സ്കൂളിലേക്കുള്ള റോഡ് ടാർചെയ്യുക.

വാർഡ് 12

1. അമലഗിരി കളമ്പു കാട്ടുമല - കൊട്ടാരം വേലക്കുളം റോഡ്.
2. കൊട്ടാരം ഓട്ടക്കാഞ്ഞിരം റോഡ്
3. സുദീപ വേലംകുളം റോഡ് (ടാറിംഗ്)
4. കുട്ടിപ്പടി വേലംകുളം റോഡ് (ടാറിംഗ് ബാക്കിഭാഗം)
5. പൊൻമല വഴി വേലംകുളം റോഡ്
6. കണ്ണംമ്പള്ളി മണ്ഡപത്തിൽ പടി വഴി കുളമ്പുകാട്ടുമല റോഡ്
7. പന്തലൂപറമ്പ് - കൊട്ടാരം വേലംകുളം റോഡ്

വാർഡ് 13

1. ഷാപ്പുപടി മണ്ണാർകടവ് വഴി ശ്രീകണ്ഠമംഗലം റോഡ്
2. മാന്നാനം സഹകരണ ബാങ്ക് മലങ്കുഴി റോഡ്
3. വേലംകുളം വട്ടുകളം റോഡ് (പുനരുദ്ധാരണം)
4. വേലങ്കുളം ആലഞ്ചേരി വഴി മാറമംഗലം

റോഡ്
5. ഷാപ്പുപടി കുന്നത്തുപറമ്പ് റോഡ്
6. ഗുരുമന്ദിരം റോഡ്
7. ഇറുമ്മൽ റോഡ്
8. കളമ്പുകാട്ട് – തൈയ്യിൽ റോഡ്
9. കുന്നേൽ പറമ്പ് ഓണശ്ശേരിക്കടവ് റോഡ്
10. കുന്നേൽ പറമ്പ് കല്ലിങ്കൽ റോഡ്

പട്ടിക 2.

പുതിയ റോഡുകൾ

വാർഡ് 1.

1. ഇരുവേലി റെയിൽവേ സ്റ്റേഷൻ റോഡ്
2. നിരപ്പേൽപ്പടി കുറുമുള്ളൂർ മഠംറോഡ്
3. ചെമ്പനാനി തോട്ടപ്പള്ളി റോഡ്
4. പാറേമാക്കിൽ കലിഞ്ഞാലി റോഡ്
5. കരുവേലി പാറക്കുളം റോഡ്

വാർഡ് 2

1. പനച്ചിക്കുന്നേൽ ഭാഗത്തേക്ക് പുതിയറോഡ്
2. മൂലക്കാട്ടു ജംഗ്ഷനിൽ നിന്നും റോഡ് വെട്ടി ആശുപത്രിപ്പടി റോഡുമായി ബന്ധിപ്പിക്കുക.
3. മാവേലി നഗറിൽ നിന്നും മലമുകളിലേക്ക് റോഡ്
4. കുഴിമാലിപ്പടിക്കൽ നിന്നും കാട്ടാത്തിമലയിലേക്കുള്ള നടപ്പാത വീതികൂട്ടി റോഡ് പണിയുക

വാർഡ് 3

1. ഇഞ്ചിക്കാട്ടു പടി പട്ടരേട്ട് പടിവരെ നിലവിലുള്ള നടപ്പാത വികസിപ്പിക്കുക.
2. കുറ്റാരപ്പള്ളി കോളനി റോഡ് അതിരമ്പുഴ റോഡുമായി ബന്ധിപ്പിക്കുക.
3. ആനാത്തി കച്ചേരിപ്പടി റോഡ് സഞ്ചാരയോഗ്യമാക്കുക.

വാർഡ് 4

1. കൊക്കരകലുങ്കിൽ കൊച്ചുകാട്ടേൽ ഭാഗംവരെ നിർമ്മിക്കുക.
2. മറ്റംകവല തൃക്കേൽ റോഡിൽ നിന്നും ഉപ്പുപുര ഭാഗത്തേക്ക് കാർട്ട്റോഡ് നിർമ്മിക്കുക
3. ആശുപത്രിപ്പടി കണ്ണംകുന്നേൽ റോഡ് നവോദയാ ജംഗ്ഷനുമായി ബന്ധിപ്പിക്കുക.

വാർഡ് 5

1. പട്ടികജാതി കോളനി റോഡ് ചെമ്പിളാവ് ഭാഗത്തുനിന്ന് മാന്നാനം കലിങ്കുഭാഗത്തുള്ള പ്രൈവറ്റ് റോഡുമായി ബന്ധിപ്പിക്കുക.
2. കിടാച്ചിറ മാർക്കറ്റ് റോഡ് നിർമ്മിച്ച് മാടപ്പള്ളി ഭാഗവുമായി ബന്ധിപ്പിക്കുക.
3. കിടാച്ചിറ റോഡ് അതിരമ്പുഴ സസ്യമാർക്കറ്റിലൂടെ ആട്ടുകാരൻ കവലറോഡുമായി തട്ടാരേട്ട് ഭാഗത്ത് ബന്ധിപ്പിക്കുക.
4. ഉപ്പുപുര ഭാഗത്തുനിന്നുള്ള പ്രൈവറ്റ് റോഡ് പഞ്ചായത്തോഫീസ് റോഡുമായി ബന്ധിപ്പിക്കുക.

വാർഡ് 6.

1. മലേത്തടം റോഡിൽ നിന്ന് ഏറ്റുമാനൂർ നീണ്ടൂർ റോഡിലേക്ക് ലിങ്ക് റോഡ്
2. മലേത്തടം റോഡിൽ പുളിങ്കാലാഭാഗത്തുനിന്നും കാരാടി റോഡിലേക്ക് ലിങ്ക് റോഡ്
3. അതിരമ്പുഴ ആട്ടുകാരൻ കവല റോഡിൽ നിന്നും അതിരമ്പുഴ മണ്ണാറുകുന്ന് റോഡിലേക്ക് കോട്ടേരിപ്പടി തട്ടാരേട്ട്പടി ലിങ്ക്റോഡ്.
4. അതിരമ്പുഴ ആട്ടുകാരൻ കവലറോഡിൽ നിന്നും ഏറ്റുമാനൂർ നീണ്ടൂർ റോഡിലേക്ക് വേമ്പേനിപ്പടി പെരുമ്പുഴ ലിങ്ക് റോഡ്
5. അതിരമ്പുഴ ആട്ടുകാരൻ കവലറോഡിൽ നിന്നും സസ്യമാർക്കറ്റിലേക്ക് തട്ടാരേട്ടുപടി സസ്യമാർക്കറ്റ് ലിങ്ക് റോഡ്
6. സി.എസ്.ഐ. പള്ളി മുതൽ കാരിത്തടം റോഡിലേക്ക് (കുറ്റിയിൽക്കാരുടെ പടിഞ്ഞാറെ അതിരുവഴി) റോഡ്
7. മുണ്ടന്താനം ഭാഗത്തുനിന്നും ആട്ടുകാരൻ കവലയിലേക്ക് റോഡ്
8. മലയത്തടം റോഡിൽ നിന്നും കുറമുള്ളൂർ പള്ളി റോഡിലേക്ക് ലിങ്ക് റോഡ്
9. ചാമക്കാല (ഉണ്ണക്കൽ) പടവെട്ടും കാല റോഡ്
10. പനയത്തിൽ കവല ഓണംതുരുത്ത് റോഡ്
11. നാട്ടുവഴിപറമ്പ് കുട്ടപ്പന്റെയും, ഗോപിയുടേയും വീടിനടുത്തുകൂടെ നടപ്പാത വികസിപ്പിക്കുക.

വാർഡ് 7.

1. മണ്ണാർകുന്ന് അതിരമ്പുഴ റോഡിൽ നിന്നും ചെറ്റേൽതാഴം വഴി അതിരമ്പുഴ ലിസ്യു റോഡിലേക്ക് ലിങ്ക്റോഡ്
2. കണ്ടങ്കരി ചെറ്റേൽതാഴം വഴി മാടപ്പള്ളി റോഡ്

3. മണ്ണാർകുന്ന് മഠത്തിന്റെ സൈഡിൽക്കൂടി ളാപ്പള്ളി മാടപ്പള്ളി റോഡിലേക്ക് ലിങ്ക്റോഡ്
4. ളാപ്പള്ളി ഭാഗത്തുനിന്നും മീതേടത്തു പറമ്പുഭാഗത്തുകൂടി റോഡ്
5. മണ്ണാർകുന്ന് റേഷൻകടയുടെ സൈഡ് വഴി അമ്പലപ്പടി - പാരംകുളങ്ങര പടി കുറ്റിയേൽകവലറോഡ്

വാർഡ് 8.

1. മാറാമ്പ് (മുകളേപറമ്പ്) അതിരമ്പുഴ മാങ്കുളം റോഡിൽ പീടികജംഗ്ഷനിൽ നിന്നും നാല്പത്തിമലയ്ക്ക് റോഡ്
2. നാല്പത്തിമല ഓട്ടക്കാഞ്ഞിരം റോഡിൽനിന്ന് തരംഗിണി ഓട്ടക്കാഞ്ഞിരം റോഡിലേക്ക് ലിങ്ക്റോഡ്

വാർഡ് 9.

1. ഐക്കരക്കുന്നേൽ ഒറ്റക്കപ്പിലുമാവ് റോഡിൽ കല്ലുവെട്ടാംകുഴി ഭാഗത്തുനിന്നും ഇരുവേലിക്കൽ കരുവേലി മല റോഡിലേക്ക് ലിങ്ക്റോഡ്
2. ഐക്കരക്കുന്നേൽ ഒറ്റക്കപ്പിലുമാവ് റോഡിൽ ഇടപ്പള്ളി ജംഗ്ഷനിൽ നിന്നും കാരത്താസ് റെയിൽവേഗേറ്റിലേക്കുള്ള റോഡ് പൂർത്തിയാക്കുക.

വാർഡ് 11.

1. കുട്ടിപ്പടിക്കൽ നിന്ന് തെക്കേക്കരപാറയ്ക്കൽ വഴി ഇ.എസ്.ഐ. റോഡിലേക്ക് പുതിയ റോഡ്
2. കുന്നിൻകുളം അടിച്ചിറ റോഡിൽ നിന്നും പുതുച്ചിറ റബർതോട്ടത്തിൽ പടിഞ്ഞാറുവശം നടപ്പാത കാർട്ട റോഡാക്കുക.
3. മറ്റപ്പള്ളി ചാത്തുണ്ണിപ്പാറ റോഡിൽ നിന്നും ഇ.എസ്.ഐ. റോഡിലേക്ക് പൂഞ്ചേരിഭാഗത്തുകൂടിയുള്ള നടപ്പാത കാർട്ടുറോഡായി വികസിപ്പിക്കുക.
4. മറ്റപ്പള്ളി കവലയിൽ നിന്നും ചെരിവിൽ പറമ്പിൽ പുരയിടത്തിനു പടിഞ്ഞാറുവശം വഴി കടവിലേക്ക് കാർട്ട് റോഡ്
5. മൂലേട്ട് റോഡ് വികസിപ്പിക്കുക

വാർഡ് 12

1. ഗുരുമന്ദിരം ഭാഗത്തുനിന്ന് കൊട്ടാരം ഭാഗത്തേക്കുള്ള നടപ്പാത വികസിപ്പിക്കുക.
2. കൊട്ടാരം മാതിരംമ്പുഴ ഭാഗത്തേക്കുള്ള നടപ്പാത വികസിപ്പിക്കുക.
3. അമലഗിരി കൊട്ടാരം റോഡിൽ നിന്നും പൊൻമല ഭാഗത്തേക്കുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കുക.
4. കളമ്പുകാട്ട് പള്ളിയിൽ നിന്നും അമലഗിരിയിലേക്കുള്ള റോഡിന്റെ ബാക്കിഭാഗം തുറന്ന് അമലഗിരി റോഡുമായി ലിങ്ക് ചെയ്യുക.

വാർഡ് 13.

1. പട്ടാലയ്ക്കൽ പടി കഴുവൻഞ്ചേരി റോഡ്
2. മലക്കുഴി മുകൾഭാഗം വഴി തുറമൽ റോഡ്
3. തുറമൽ ഷാപ്പുപടി ജംഗ്ഷൻ റോഡ്
4. സർവ്വീസ്സ്റ്റേഷൻ നടുംമ്പറമ്പുകൂടി ഗുരുമന്ദിരം റോഡിലേക്ക് ലിങ്ക്റോഡ്
5. കളമ്പുകാട്ട് തയ്യിൽ റോഡിൽ നിന്നും ഓണശ്ശേരി കടത്തുകടവിലേക്കുള്ള ലിങ്ക്റോഡ്
6. മാമംഗലം റോഡിൽ നിന്ന് വട്ടുകുളം വഴി പാറമടയിലേക്കുള്ള റോഡ്
7. തലശ്ശേരിപറമ്പ് നായത്തുതാഴെ റോഡ്

വാർഡ് 4,8,9,10

1. എം.സി. റോഡിൽ കാരിത്താസിനും, പാറോലിക്കയ്ക്കുമിടയിൽ നിന്ന് യൂണിവേഴ്സിറ്റിയിലേക്ക് ലിങ്ക്റോഡ് (റെയിൽവെ ഓവർബ്രിഡ്ജ് സഹിതം)

പട്ടിക 3

ബസ് സ്റ്റാന്റ്, വെയിറ്റിംഗ് ഷെഡ്

1. അതിരമ്പുഴ ടൗണിൽ ബസ് സ്റ്റാന്റും ഷോപ്പിംഗ് സെന്ററും പണിയുക.
2. അതിരമ്പുഴ ടൗണിൽ ടാക്സി സ്റ്റാന്റ് ഏർപ്പെടുത്തുക.
3. ലിസ്യു കവലയിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
4. പനയത്തിൽ കവലയിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
5. ഗുരമന്ദിരം ഭാഗത്തി വെയിറ്റിംഗ് ഷെഡ് പണിയുക.
6. ബോട്ടുജട്ടിയിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
7. സൂര്യജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് പണി

യുക.

8. ലിസ്യൂറോഡ് ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
9. മാന്നാനം കവലയിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
10. ഐ.സിഎച്ചിനു മുമ്പിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
11. ആനമലക്കവലയിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
12. കോട്ടമുറിക്കവലയിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
13. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
14. മറ്റം കവലയിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
15. ഓണംതുരുത്ത് കവലയിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
16. അമലഗിരികോളേജ് ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
17. കാരിത്താസ് അമലഗിരിറോഡിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
18. കാരിത്താസ് ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് പണിയുക.
19. അടിച്ചിറ ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് പണിയുക.

പട്ടിക 4

പാലം, കലുങ്ക്

വാർഡ് 1.

1. ആനമല തച്ചിലേട്ട് റോഡിൽ ഓവർബ്രിഡ്ജ്

വാർഡ് 2

1. മാലിയേൽപ്പിടയിൽനിന്നും കാണക്കാരി ആശുപത്രി റോഡിലേക്കുള്ള ലിങ്ക് റോഡിൽ കലുങ്ക് പണിയുക.

വാർഡ് 3.

1. മടത്തിൽപടി കാട്ടാത്തി റോഡിൽ കലുങ്ക്
2. കാഞ്ഞിരക്കാട്ടുകുഴി ചിറ്റേടത്തു റോഡിൽ കലുങ്ക്
3. ചിറ്റേടത്തുകുളം മുക്കുടി റോഡിൽ കലുങ്ക്
4. ചൂരക്കുളങ്ങര – കുതിരക്കുളം റോഡിൽ കലുങ്ക്

വാർഡ് 4.

1. പാറോലിക്കൽ റെയിൽവേ ഓവർബ്രിഡ്ജ്

വാർഡ് 5

1. ഹരിജൻ കോളനി റോഡിൽ ആശുപത്രി ഭാഗത്തെ കലുങ്ക് വീതികൂട്ടി പണിയുക.
2. ഇരുപ്പച്ചിറഭാഗത്തുള്ള പാലം
3. കളരിക്കച്ചിറ ഭാഗത്തെ കാട്ടുതോടിന് കുറുകെ കലുങ്ക്, പാലം.

വാർഡ് 6

1. അതിരമ്പുഴ ആട്ടുകാരൻ കവല റോഡിൽ കാട്ടുതോടിനു കുറുകെയുള്ള പാലം വീതികൂട്ടി പണിയുക.
2. കുട്ടിമുക്ക് കൈപ്പുഴ റോഡിൽ കലുങ്ക്
3. മലയത്തടം റോഡിൽ കലുങ്ക്
4. മലയപ്പടി മണ്ണാർകുന്ന് റോഡിൽ കലുങ്ക്

വാർഡ് 7

1 കുറ്റിയേൽക്കവല കടത്തുകടവ് റോഡിൽ മന്നാനം റോഡുമായി ബന്ധിപ്പിക്കുന്ന വലിയ വാഹനങ്ങൾക്ക് കടന്നുപോകാവുന്ന പാലം.

വാർഡ് 10

1. കാരിത്താസ് അമ്മഞ്ചേരി റോഡിൽ റെയിൽവേ ഓവർ ബ്രിഡ്ജ്

വാർഡ് 13

1. ഷാപ്പുപടി മണ്ണാർകടവ് ശ്രീകണ്ഠമംഗലം റോഡിൽ പാലം.
2. കളമ്പുകാട്ട് തയ്യിൽ റോഡിൽ ഓണശ്ശേരി കടത്ത് റോഡിലേക്കുള്ള ലിങ്ക് റോഡിൽ പാലം.

പട്ടിക 5

ബസ് സർവ്വീസ്

1. കാണക്കാരി കാട്ടാത്തി റെയിൽവേ സ്റ്റേഷൻ മനയ്ക്കപ്പാടം വഴി ബസ് സർവീസ് ആരംഭിക്കുക.
2. അതിരമ്പുഴ മെഡിക്കൽ കോളജ് റൂട്ടിൽ കൂടുതൽ കെ. എസ്.ആർ.ടി.സി. ബസുകൾ അനുവദിക്കുക.
3. ഓണംകുളം ഒറ്റക്കപ്പിലുമാവ് റോഡിൽ ബസ്

സർവീസ് ആരംഭിക്കുക.

4. കല്ലറ കുറ്റിയേൽകവല അതിരമ്പുഴ പാലാ റൂട്ട്.
5. കല്ലറ നീണ്ടൂർ പനയത്തിക്കവല പാലാ റൂട്ട്.
6. കൈപ്പുഴ പനയത്തിൽ കവല പാലാ റൂട്ട്.
7. കല്ലറ കുറ്റിയേൽ കവല ഏറ്റുമാനൂർ കാരിത്താസ് കോട്ടയം റൂട്ട്.
8. കല്ലറ നീണ്ടൂർ പനയത്തിൽകവല അതിരമ്പുഴ പാറോലിൽ കോട്ടയം റൂട്ട്.
9. അതിരമ്പുഴ അമലഗിരി റോഡിൽ കൂടുതൽ ഓർഡിനറി ബസുകൾ അനുവദിക്കണം.
10. ഐക്കരക്കുന്നേൽ ഒറ്റക്കപ്പലുമാവ് റൂട്ടിൽ ബസ് സർവ്വീസ്.
11. അതിരമ്പുഴ നാല്പാത്തിമല റൂട്ടിൽ കൂടുതൽ ബസുകൾ അനുവദിക്കണം.
12. കോട്ടയം മെഡിക്കൽകോളജ് ടൗൺ സർവ്വീസ് അതിരമ്പുഴ വഴി ഏറ്റുമാനൂർ വരെ നീട്ടുക.
13. കോട്ടയത്തുനിന്നും അതിരമ്പുഴ മാർക്കറ്റ് വഴി വേദഗിരി നമ്പ്യാകുളം കോതനല്ലൂർ വഴി വൈക്കത്തിനും എറണാകുളത്തിനും ബസ് സർവ്വീസ് ആരംഭിക്കുക.

പട്ടിക 6

ജലഗതാഗതം

1. അതിരമ്പുഴ ചന്തക്കുളവും പരിസരവും വികസിപ്പിക്കുക.
2. പെണ്ണാർ തോട് ആഴം കൂട്ടി ജലഗതാഗതം കാര്യക്ഷമമാക്കുക.
3. വരിക്കപ്പള്ളി കലുങ്കുമുതൽ വാരിമുട്ടം പാലം വരെ തോട് താഴ്ത്തി സൈഡ് കെട്ടി ഗതാഗതയോഗ്യമാക്കുക
4. ആലഞ്ചേരി മാതിരമ്പുഴ തോട്ട് പുറമ്പോക്കു കയ്യേറ്റം ഒഴിപ്പിച്ച് വീതികൂട്ടി താഴ്ത്തി സഞ്ചാരയോഗ്യമാക്കുക
6. വരിക്കപ്പള്ളി കലുങ്കുമുതൽ പറയൻ കാലാമറ്റം വരെ പുറമ്പോക്കു കയ്യേറിയത് ഒഴിപ്പിച്ച് വീതികൂട്ടി താഴ്ത്തി സഞ്ചാരയോഗ്യമാക്കുക.

ടൂറിസംവികസനം

അതിരമ്പുഴയിലെ ടൂറിസം വികസനസാധ്യത നാളിതുവരെ പരിശോധിച്ചിട്ടുള്ളതായികാണുന്നില്ല. ഭൂപ്രകൃതി ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമാണ്. മലനാട്, ഇടനാട്, തീരപ്രദേശം കേരളത്തെ മൂന്നായി വിഭിച്ചാണ് ഭൂമിശാസ്ത്രജ്ഞന്മാർ കേരളത്തെ വിവരിച്ചിട്ടുള്ളത്. ഇടനാടും, തീരഭൂവിഭാഗവും വേർതിരിക്കുന്നത് അതിരമ്പുഴയുടെ പടിഞ്ഞാറെഭാഗത്തുകൂടിയാണ്. വ്യത്യസ്ത്യഭൂപ്രകൃതികളും സംഗമസ്ഥാനങ്ങളാണ് എല്ലായിടത്തും ടൂറസ്റ്റുകളെ ആകർഷിക്കുന്നത്.

പുരാണസമ്പന്നമായ ഒട്ടേറെ കഥകളിൽ അതിരമ്പുഴ സ്ഥാനം പിടിച്ചിട്ടുണ്ട്. അതിരമ്പുഴയിലെ വേദഗിരി മഹാഭാരതത്തിന്റെ രചിതാവ് എന്ന് കരുതപ്പെടുന്ന വേദവ്യാസന്റെ നാമത്തെ സൂചിപ്പിക്കുന്നു. ഇപ്പോഴും ഒട്ടേറെ പുരാണകഥാസൂചനകൾ അവിടെ അവശേഷിക്കുന്നു. ഏതാനും വർഷം മുമ്പുവരെ ധാരാളം സന്ദർശകർ വേദഗിരിയിൽ എത്തുമായിരുന്നു. പുരാവസ്തുഗവേഷണവകുപ്പ് ഇവിടെ ഗവേഷണം നടത്തിയിരുന്നു. ഓണംതുരുത്താണ് പുരാണത്തിൽ പറയുന്ന 'ഏകചക്ര'ഗ്രാമമെന്നും അതിരമ്പുഴയിൽ വച്ചാണ് ഭാഗസുരനെ ഭീമൻ നിഗ്രഹിച്ചതെന്നും ചാന്തുണ്ണിപാറയിൽ പാണ്ഡവർ പാർത്തിരുന്നതായും വിശ്വസിക്കപ്പെടുന്നു. അതിരമ്പുഴയിൽ സെന്റ് മേരീസ് ദേവാലയം വി. സെബസ്ത്യാനോസിന്റെ തിരുനാളും ചരിത്രപ്രാധാന്യമുള്ളതാണ്. ആധുനുകയുഗത്തിലെ പുണ്യചരിതനായ വാഴ്ത്തപ്പെട്ട ചാവറകുര്യക്കോസ് ഏലിയാസച്ചന്റെ സന്നിദ്ധ്യം കൊണ്ട് പരിപൂരിതമായതും ഇന്ന് അനേകം തീർത്ഥാടകരെ ആകർഷക്കുന്നതുമായ സ്ഥലമാണ് മാന്നാനം. കൂടാതെ വാഴ്ത്തപ്പെട്ട സിസ്റ്റർ അൽഫോൻസാമ്മയുടെ ജന്മസ്ഥലമായ ആർപ്പൂക്കരയിലെയും കർമ്മഭൂമി ആയിരുന്ന ഭരണങ്ങാനത്തിന്റെയും മാർഗ്യമദ്ധ്യത്തിലെ അതിരമ്പുഴയുടെ സ്ഥാനം മറ്റ് അനുകൂലഘടകമാണ്.

ഈ പശ്ചാത്തലത്തിൽ മാന്നാനം അതിരമ്പുഴയുടെ ചന്തഭാഗം വേദഗിരി എന്നി കേന്ദ്രങ്ങളെ അടിസ്ഥാനപ്പെടുത്തു ഒരു ടൂറിസം വികസനപദ്ധതി ആവിഷ്കരിക്കുന്നതിന് നല്ല സാധ്യതകാണുന്നു.

ടൂറിസ് റിസോട്ട് ബോട്ടിംഗ് സൗകര്യം എന്നിവ ഏർപ്പെടുത്തിയാൽ കേരളത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ അതിരമ്പുഴയ്ക്ക് അപ്രദാനമല്ലാത്ത ഒരുസ്ഥാനം നേടിയെടുക്കാൻകഴിയും. ഈ പദ്ധതി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുന്നതാണ്. ഗതാഗതവികസന നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത് ടൂറസ്റ്റ് വികസനസാധ്യകൾകൂടി കണക്കിലെടുത്തുകൊണ്ടാണ്.

5. കുടിവെള്ളവും പൊതുജനാരോഗ്യവും

ജീവനും ജീവിതത്തിനും ജീവ വികസന ത്തിനും അത്യന്താപേക്ഷിതമായ ഒന്നാണ് ശുദ്ധ ജലം. മനുഷ്യൻ മാത്രമല്ല ഇതര ജന്തുക്കൾക്കും സസ്യങ്ങൾക്കും ജലം കൂടിയേ തീരൂ. അതു പോലെ തന്നെ ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുവാൻ ശുദ്ധവായു, ശരിയായ പാർപ്പിടസൗകര്യം പരിസര ശുചീകരണം എന്നീ ഘടകങ്ങളും അത്യാവശ്യമാണ്. കുടിവെള്ളത്തി നായി 90 ശതമാനം ജനങ്ങളും കിണറിനെ ആശ്ര യിക്കുന്നു. 6752 കിണറുകൾ ഈ പഞ്ചായത്തിലു ണ്ട്. അതിൽ 3638 എണ്ണം വേനൽകാലത്ത് വറ്റി വരളുന്നു. പഞ്ചായത്തിലെ 60% കുടുംബങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നവ രാണ്.

കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് ശുദ്ധ ജലവിതരണപദ്ധതികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അതിരമ്പുഴ വാട്ടർ സപ്ലൈ സ്കീം, മാന്നാനം വാട്ടർ സപ്ലൈ സ്കീം, നാൽപാ ത്തിമല ഹരിജൻ കോളനി വാട്ടർ സപ്ലൈ സ്കീം എന്നിവയാണവ. ഈ പദ്ധതികളുടെ പരിധിയിൽ 562 വീടുകൾ വരുന്നു.

പട്ടർ മഠം പദ്ധതി

പട്ടർമഠം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ട് കാൽ നൂറ്റാണ്ട് ആയെങ്കിലും ഇതുവരെ അതിന്റെ പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷനിൽ നിന്നും പതി മൂന്ന് കോടി രൂപാ അനുവച്ചിട്ടുണ്ടെങ്കിലും രാഷ്ട്രീയ ഉദ്യോഗസ്ഥ തലത്തിലുള്ള ഗുരുതര മായ അനാസ്ഥകാരണം അതിരമ്പുഴ കാണക്കാരി, ഏറ്റുമാനൂർ, നീണ്ടൂർ എന്നീനാലു പഞ്ചായത്തു കളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴി യാതെ വന്നിരിക്കുന്നു. പട്ടർ മഠം പദ്ധതിയുടെ നിർമ്മാണം പൂർത്തിയായാൽ ഈ പഞ്ചായ ത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും

കിണറുകൾ

പൊതുകിണറുകൾ		സ്വകാര്യകിണറുകൾ		കുഴൽ കിണറുകൾ	മൊത്തം
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്		
18	16	3084	3622	12	6752

പട്ടിക –2

കുടിവെള്ള പദ്ധതി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ
1 വേദഗിരി വാട്ടർ സപ്ലൈ സ്കീം	1,2,3,4,5,6
2 പാറേമാക്കിൽ സ്കീം	1,6
3 മനയ്ക്കപ്പാടം സ്കീം	3,4
4. മാന്നാനം പള്ളിത്താഴെ സ്കീം	7,11,12,13
5. ശ്രീകണ്ഠമംഗലം സ്കീം	6,7
6 കളമ്പുകാട്ടുമല സ്കീം	8,9,12
7. മുണ്ടകപ്പാടം സ്കീം	10,11

കുടിവെള്ളക്ഷാമവും പരിഹാരമാർഗ്ഗങ്ങളും

അതിരമ്പുഴ പഞ്ചായത്തിലെ എല്ലാവാർഡുകളിലും കുടിവെള്ള ക്ഷാമം ഉണ്ട്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിലാണ് ഇവിടെ ജലക്ഷാമം രൂക്ഷമാകുന്നത്. പൊതുകിണറുകളിൽ ഭൂരിഭാഗവും വേനൽകാലത്ത് വറ്റിവരളുന്നു. കുളങ്ങളും തോടുകളും ഒന്നും കുടിവെള്ള സ്കീമുമായി ബന്ധപ്പെടുത്തിയിട്ടില്ല. പൊതുകിണറുകൾ അവ സ്ഥിതിചെയ്യുന്ന തൊട്ടടുത്തപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്നുണ്ടെങ്കിലും പൊതുവെ പ്രയോജനപ്രദമല്ല. സ്വകാര്യവ്യക്തികൾ കുഴൽ കിണറുകൾ നിർമ്മിക്കുന്നതുമൂലം സമീപ പ്രദേശങ്ങളിലെ മറ്റു കിണറുകൾ വറ്റുന്നതിനു കാരണമാകുന്നു. അത് നിയന്ത്രിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ഭൂഗർഭജലസാധ്യതയുള്ള സ്ഥലങ്ങൾ പരിശോധിച്ച് ജലസ്രോതസ്സുകൾ കണ്ടെത്തി വാർഡുതലത്തിൽ ചെറിയ കുടിവെള്ള സ്കീമുകൾ ആവിഷ്ക്കരിക്കണം. നമ്മുടെ തോടുകളും കുളങ്ങളും ജലസേചന സ്കീമുകളുമായി ബന്ധപ്പെടുത്തിയാൽ താഴ്ന്ന പ്രദേശങ്ങളിലെ കിണറുകളിൽ കൂടുതൽ ഉറവ ലഭിക്കുകയും ജലക്ഷാമം പരിഹരിക്കപ്പെടുകയും ചെയ്യും.

മറ്റു നിർദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ച് ചുറ്റുമതിൽ കെട്ടി മഴവെള്ളം സംഭരിച്ച് വേനക്കാലത്ത് ഉപയോഗിക്കുക.
2. തോടുകളിൽ ചെറിയ ബണ്ടു കെട്ടി തോടിന്റെ സമീപമുള്ള കിണറുകളിലെ ജലവിതാനം നില നിർത്തുക.
3. പറമ്പുകളിൽ ഈടുമാടു കയ്യാലകൾ തീർത്ത് കുഴികളെടുത്ത് മഴവെള്ളം സംഭരിക്കുക.
4. വർഷകാലത്ത് മഴവെള്ളം സംഭരിക്കുവാൻ സ്ഥിരം സംഭരണികൾ നിർമ്മിക്കുക.

പ്രാദേശിക സ്കീമുകൾ

മനയ്ക്കപ്പാടം സ്കീം, കോശാക്കൽ സ്കീം, പെരുമ്പുഴ സ്കീം, ഓട്ടക്കാഞ്ഞിരം സ്കീം, തുറമൽ സ്കീം, പട്ടർമഠം സ്കീം ഇവ നടപ്പിലാക്കുക. കൂടാതെ സുലഭമായി വെള്ളം ലഭിക്കുന്ന പഞ്ചായത്തിലെ പൊതുകിണറുകളിൽ നിന്നും വെള്ളം പമ്പുചെയ്ത് കുടിവെള്ളം എത്തിക്കുന്നതിന് സമഗ്രമായ പദ്ധതിക്ക് രൂപം കൊടുക്കണം. അതിരമ്പുഴ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന നാൽപാത്തിമലയിൽ ഒരു ഹരിജൻ കോളനിയും രണ്ട് ലക്ഷം വീട് കോളനികളുമുണ്ട്. വേനൽകാലത്തും വർഷകാലത്തും ഗവൺമെന്റിന്റെ ശുദ്ധജലവിതരണപദ്ധതിയെ മാത്രം ആശ്രയിച്ച് കഴിയുന്ന ഇവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന കുടിവെള്ളപ്രശ്നത്തെ നേരിടാൻ ശാശ്വതമായ ഒരു പദ്ധതി തന്നെ ഉണ്ടാക്കണം. അതുപോലെതന്നെ ഈ പഞ്ചായത്തിലെ പത്താം വാർഡിൽ പൂഴികുന്ന് ഭാഗത്ത് ഒരു പൊതുകുളം നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് വിവിധ സ്ഥലങ്ങളിൽ എത്തിക്കുവാൻ നടപടിയുണ്ടാക്കണം. ഈ പദ്ധതി ഏകദേശം ഇരുനൂറ് കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യും. അതിരമ്പുഴ പഞ്ചായത്തിലെ വേദഗിരി ഭാഗത്ത് കുളം നിർമ്മിച്ച് വേദഗിരി ഞൊട്ടൻകുന്ന് മലയുടെ മുകളിൽ ഓവർ ഹെഡ് ടാങ്ക് സ്ഥാപിക്കുകയോ മനയ്ക്കപ്പാടം വലിയ കുളംഭാഗത്ത് കുളം നിർമ്മിച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് കിഴക്കുവശത്തുള്ള ഉയർന്ന പ്രദേശത്ത് ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുകയോ ചെയ്താൽ 1,2, 3,4,5,6 എന്നീ വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്താൻ കഴിയും. ഇതിന് ചിലവ് പ്രതീക്ഷിക്കുന്നത് 40 ലക്ഷം രൂപയാണ്. മാന്നാനം കൈപ്പുഴ റോഡിൽ കൈപ്പുഴ പാലത്തിന് സമീപം പമ്പ് ഹൗസ് നിർമ്മിച്ച് ശക്തികൂടിയ മോട്ടോർ സ്ഥാപിച്ച് നിലവിലുള്ള ഓവർഹെഡ് ടാങ്കിൽ വെള്ളം പമ്പ് ചെയ്ത് പൈപ്പ് ലൈൻ നീട്ടി 7,11,12,13 എന്നീ വാർഡുകളിൽ എത്തിക്കുവാൻ കഴിയും. ഓട്ടക്കാഞ്ഞിരം ഭാഗത്ത് മാതിരമ്പുഴ

പുരയിടത്തിൽ കുളം നിർമ്മിച്ച് കളമ്പുകാട്ടുമല യിൽ ടാങ്കു തീർത്ത് വെള്ളം പമ്പു ചെയ്യുവാൻ സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയുടെ പണി പൂർത്തിയായാൽ 12-ാം വാർഡിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

പൊതുജനാരോഗ്യം

ഈ പഞ്ചായത്തിൽ കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള കുട്ടികളുടെ ആശു പത്രി അതിരമ്പുഴ, ഏറ്റുമാനൂർ എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, മാന്നാനം ഹോമിയോ ആശുപത്രി എന്നീ സ്ഥാപനങ്ങളടങ്ങയതാണ് ഇവിടുത്തെ പൊതുജനാരോഗ്യസംവിധാനം. ഇവ യെകൂടാതെ ധാരാളം അലോപ്പതി ഹോമിയോ ആശുപത്രികളും ഇവിടെ പ്രവർത്തിക്കുന്നു. ആദ്യ കാലത്ത് കോട്ടയം ജില്ലാ ആശുപത്രിയേയും അതിരമ്പുഴ ഗവൺമെന്റ് ആശുപത്രിയും ആണ് ഇവിടുത്തെ ജനങ്ങൾ ആശ്രയിച്ചിരിക്കുന്നത്. എന്നാൽ ഇന്ന് കുറഞ്ഞദൂരത്തിൽ ചികിൽസാ സൗകര്യം ലഭിക്കത്തക്ക എല്ലാ സാഹചര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഇവിടെ ഒരു അയുർവേദ ആശുപത്രിയില്ല. ആയത് സ്ഥാപിച്ച് കിട്ടുവാൻ വേണ്ട നടപടിസ്വീകരിക്കേണ്ടതുണ്ട്. മേൽപറഞ്ഞ ആരോഗ്യപരിപാലന സ്ഥാപനങ്ങൾ ഉണ്ടെങ്കിലും പൊതുവേ നാം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്.

1. കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദി ക്കുമ്പോൾ മുൻഗണന നൽകേണ്ട ഒരു വിഷയ മാണ് ശുചിത്വം എന്നുള്ളത്. ഈ പഞ്ചായത്തിൽ സ്വന്തമായി കക്കൂസ് ഇല്ലത്ത 2160 കുടുംബങ്ങൾ ഉണ്ട്. പരിതസ്ഥിതിയ്ക്ക് അനുയോജ്യവും ചിലവ് കുറഞ്ഞതുമായ കക്കൂസ് നിർമ്മിച്ചു ആവിഷ്ക്ക രിക്കേണ്ടതാണ്.

2. പരിസരശുചിത്വം

പൊതുജനാരോഗ്യരംഗത്ത് കുടിവെള്ളം കഴിഞ്ഞാൽ പ്രധാന്യം അർഹിക്കുന്ന ഒന്നാണ് ശുദ്ധവായു. വളരെയധികം ഗവൺമെന്റേതര പൊതുസ്ഥാപനങ്ങൾ നിലവിൽ വന്നുകൊണ്ടിരി ക്കുന്ന ഈ പഞ്ചായത്തിനെ സംബന്ധിച്ചിട ത്തോളം പരിസര ശുചീകരണത്തിന് അടിയന്തി രപ്രാധാന്യമുണ്ട്. പൊതുസ്ഥലങ്ങളിൽ വന്നുകൊ ണ്ടിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും മലിനജലം കെട്ടി നിൽകാതെ സൗകര്യപ്രദമായി ഓടകൾസ്ഥാപിച്ച് ഒഴുക്കിവിടുന്നതിനും സംവി ധാനം ഉണ്ടാകണം. അതിരമ്പുഴ എന്ന കച്ചവട വാണിജ്യപ്രദേശത്തെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ ഹോട്ടലുകൾ, ശീതളപാനീയശാല കൾ, മറ്റു ഭക്ഷ്യസാധനവില്പനകേന്ദ്രങ്ങൾ എന്നിവ നിരീക്ഷണത്തിന് വിധേയമാക്കുവാൻ സംവിധാനം ഉണ്ടാകണം.

കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച കൊതുക് തുടങ്ങിയവയുടെ നശീകരണം എന്നീവ ഫലപ്രദമായി നടപ്പിലാക്കണം. വീടുകളുടെ പരി സരത്ത് മലനജലം കെട്ടിനിൽക്കുന്നത് തടയു കയും അടുക്കളയിലേയും പരിസരങ്ങളിലേയും ചപ്പുചവറുകളും അവശിഷ്ടങ്ങളും ഒരു കുഴിയിൽ നിക്ഷേപിച്ച് കമ്പോസ്റ്റ് ആക്കുവാൻ ശ്രദ്ധിക്കേ ണ്ടതാണ്.

മദ്യവും മയക്കുമരുന്നുപയോഗവും വർദ്ധി ച്ചുവരുന്നത് തടയുവാൻ നടപടിസ്വീകരിക്കുന്നത് അക്രമവും, അരാജകത്വവും ആത്മഹത്യയും കൊലപാതകങ്ങളും ഗണ്യമായി കുറയുന്നതിന് കാരണമാകും. കാലാവസ്ഥമാറുന്നതനുസരിച്ചു ണ്ടാകുന്ന രോഗങ്ങൾ തടയുവാൻ മുൻകരുതലു ണ്ടാകണം. സ്കൂളുകൾ, തൊഴിൽശാലകൾ, പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങ ളിൽ കക്കൂസും ശുദ്ധജലലഭ്യതയും ഉറപ്പാക്കണം.

1995 മുതൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന കുട്ടികളുടെ ആശുപത്രി വികസനത്തിന്റെ കാര്യത്തിൽ പിന്നിലാണ്. കൂടു തൽ കെട്ടിട സൗകര്യ മുണ്ടാകേണ്ടതുണ്ട്. രോഗി കളായ കുട്ടികൾക്ക് കിടക്കുവാൻ ആവശ്യത്തിന് കിടക്കകൾ ഇവിടെ ഇല്ല. രണ്ടും മൂന്നും രോഗി കളെ ഒരു ബെഡ്ഡിൽ കിടത്തിയാണ്. ചികിത്സന ല്കുന്നത്. ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാകണം. ആശുപത്രിയ്ക്ക് ശരിയായ ഒരു ചുറ്റുമതിൽ ഇല്ല. ഉപയോഗശൂന്യമായ വസ്തുക്കളും മാലിന്യങ്ങളും സമയാസമയങ്ങളിൽ നീക്കം ചെയ്ത് ആശുപത്രി പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. ഒ. പി. വിഭാഗം, അത്യാഹിതവിഭാഗം എന്നിവയുടെ പ്രവർത്തനം വളരെയധികം മെച്ചപ്പെടുത്തേണ്ടതു ണ്ട്. ലാബ്, എക്സ്റേ, ഫാർമസി എന്നിവയുടെ പ്രവർത്തനവും വളരെ ശോചനീയമാണ്. ജല ദൗർലഭ്യം മൂലം ശുചീകരണം മെച്ചപ്പെട്ടരീതിയിൽ നടത്തുവാൻ സാധിക്കുന്നില്ല. 24 മണിക്കൂറും ശുദ്ധ ജലം ലഭിക്കുവാൻ പദ്ധതി രൂപീകരിക്കണം. ബ്ലഡ്

ബാങ്ക്, മുഴുവൻ സമയ ആംബുലൻസ് സർവ്വീസ് എന്നിവ ഇവിടെ അത്യാവശ്യമായ ഘടകങ്ങളാണ്. കൂടാതെ 24 മണിക്കൂർ ഒരു സർജന്റെ സേവനം ഇവിടെ ലഭ്യമാക്കേണ്ടതുണ്ട്. നവജാത ശിശുക്കളെ കിടത്തി ചികിത്സിക്കേണ്ടിവരുമ്പോൾ അമ്മമാർ മെഡിക്കൽ കോളജിലും കുട്ടികൾ ഇ. എസ്.ഐ.ലും ആയി കഴിയുന്നത് വളരെയധികം ആളുകളെ ബുദ്ധിമുട്ടിക്കുന്നു. ഇതിനു പരിഹാരമായി കുട്ടികളുടെ ആശുപത്രിയോട് യോജിച്ച് സ്ത്രീകളുടെ വിഭാഗവും കൂടി പ്രവർത്തിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. ആവശ്യത്തിന് വൈദ്യുതി ലഭിക്കാത്തത് ധാരാളം പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. ടീച്ചിംഗ് സ്ഥാപനമായി ഇവിടെ പി.ജിക്കാർക്കും നേഴ്സുമാർക്കും താമസിക്കുവാൻ ക്വാർട്ടേഴ്സ് ഉണ്ടാകണം. സ്പെഷ്യാലിറ്റി പരിഗണിച്ച് കൂടുതൽ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കുവാൻ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ നടപടിയുണ്ടാകണം. ഇതിനൊക്കെപുറമെ വളരെ ദൂരെ നിന്നും കൈക്കുഞ്ഞുങ്ങളുമായി ഇവിടെയെത്തുന്നവർക്കുവേണ്ടി ഇ.എസ്.ഐ. ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് അത്യാവശ്യമാണ്.



6. പാർപ്പിടം സാമൂഹ്യക്ഷേമം

ആസൂത്രണവികസനത്തിന്റെ ആദ്യനാളുകളിൽ തന്നെ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായി ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ നിശ്ചയിച്ചിരുന്നു. ഇവ ഇന്നും നില്ക്കുന്നു. എന്നും അങ്ങനെ ആയിരിക്കുകയും ചെയ്യും. അങ്ങനെ അടിസ്ഥാന ജീവിത ആവശ്യങ്ങളിൽ പാർപ്പിട പ്രശ്നംപരിഹരിക്കുന്നതിന് ഒരു ജനകീയ ആസൂത്രണസ്വഭാവം ഉണ്ടാക്കേണ്ടിയിരിക്കുന്നു. 50 കളിൽ പാർപ്പിടപ്രശ്നം ഗുരുതരമായി തുടങ്ങിയെങ്കിലും ആയതിന് പരിഹാരമാർഗ്ഗം കണ്ടെത്തുവാൻ കാര്യമായ ശ്രമം ഒന്നും ഉണ്ടായിട്ടില്ല. കേരളത്തിൽ പാർപ്പിടപ്രശ്നം സജീവമാക്കുന്നതിന് ലക്ഷം വീട് പദ്ധതിപ്രഖ്യാപിക്കുന്നതോടെ ആയിരുന്നു. വീടില്ലാത്തവന്റെ ദുഃഖം സാമൂഹ്യപ്രശ്നമായി അംഗീകരിച്ചത് അന്നുമുതലാണന്നു പറയാം. ലക്ഷം വീട് പദ്ധതികൾകൊണ്ടും മറ്റ് ചില ഒറ്റപ്പെട്ട പദ്ധതികൾ കൊണ്ടും പാർപ്പിട പ്രശ്നം പരിഹരിക്കാൻ ആവാതെ വന്നു. അതെ തുടർന്ന് സംസ്ഥാന നിർമ്മാണബോർഡ് നിലവിൽ വന്നു. ക്രമേണ ഹൗസിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിലും ഭവന നിർമ്മാണ സഹകരണസംഘങ്ങൾമുഖേനയും ചാരിറ്റബിൾ സംഘടനവഴിയും സർക്കാർതലത്തിലും ഒട്ടേറെ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. പാർപ്പിട നിർമ്മാണരംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു.

നാൾക്കുനാൾ പുതിയ കുടുംബങ്ങൾ രൂപംകൊള്ളുകയും പാർപ്പിടപ്രശ്നം ശാശ്വതമായി നിലനില്ക്കുകയും ചെയ്യുന്നു.

ഇന്ന് മൂന്നുതരത്തിലുള്ള പാർപ്പിട നിർമ്മാണ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. ഹരിജനങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും തുക തിരിച്ചടയ്ക്കണ്ടാത്ത ഭവനനിർമ്മാണ പദ്ധതി.
2. സബ്സിഡിയോടുകൂടിയുള്ള ഭവനനിർമ്മാണ വായ്പ്പാപദ്ധതികൾ.
3. വെള്ളപ്പൊക്കദുരിതാശ്വാസഭവനനിർമ്മാണപദ്ധതി.
4. രാജീവ്ദശലക്ഷ ഭവനനിർമ്മാണ പദ്ധതി.
5. മൈത്രി ഭവനനിർമ്മാണ പദ്ധതി.
6. ഇടത്തരക്കാരെ ഉദ്ദേശിച്ചുള്ള ഭവനനിർമ്മാണ വായ്പാപദ്ധതി.
7. ഈ പദ്ധതികൾ നിലവിലുണ്ടെങ്കിലും പാർപ്പിടപ്രശ്നം ഗുരുതരമായി നിലനില്ക്കുന്നു.

ഈ പഞ്ചായത്തിൽ വീടുകളിൽ എണ്ണത്തിൽ ഒന്നാം സ്ഥാനം ഓട് ഇട്ട വീടുകൾക്കാണ്. മേച്ചിൽ ഓട്,തടി എന്നീ നിർമ്മാണസാധനങ്ങളുടെ ലഭ്യതയാണ് ഇതിന് കാരണം. ഭിത്തി തേച്ച് തറ സിമിന്റ് ചെയ്ത് കുളിമുറി, കക്കൂസ്, കിണർ തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമായ വീടുകൾ ഇടത്തരക്കാരുടേയും സർക്കാർ ഏജൻസികളുടെ സഹായത്തോടെ

നിർമ്മിച്ചു പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത ചെറിയ വീടുകൾ കൂലിപ്പണിക്കാരുടേതുമാണ്.

കോൺക്രീറ്റ് വീടുകൾക്ക് വിദേശമലയാളികൾ, സർക്കാർ ജീവനക്കാർ, ബിസനസ്സുകാർ, കർഷകർ എന്നിവരാണ് ഇത്തരം വീടുകളുടെ ഉടമകൾ. പാതയോരത്തുള്ളവർ കോൺക്രീറ്റ് കെട്ടിടം പണികഴിപ്പിച്ചുട്ടുള്ളത്. ഇത് മറ്റെവിടുത്തേതുപോലെ സമ്പന്നവിഭാഗത്തിന്റെതാണ്. മാർബിൾ മൊസൈക്ക് തുടങ്ങിയവയും മറ്റ് കമനീയവസ്തുക്കളും ഉപയോഗിച്ച് ഇവ മോടിപിടിപ്പിച്ചിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ മെയിൻ റോഡുകളിലൂടെ കടന്നുപോകുന്ന ഒരു സഞ്ചാരിക്ക് വളരെ സമ്പൽ സമൃദ്ധമായ പ്രദേശമെന്ന് തോന്നിയ്ക്കുമാറാണ് ഈ വീടുകൾ നിർമ്മിച്ചിരിക്കുന്നത്.

2,8,12 വാർഡുകളിലെ ലക്ഷം വീട് കോളനികളിലും 3-ാം വാർഡിലെ ഭൂരഹിതകോളനിയും നാല്പാത്തിമലയിലെ ഹരിജൻ കോളനിയിൽ പലതും വാസയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്.

ഓല മേഞ്ഞവീടുകളാണ് 3-ാംസ്ഥാനത്ത്. മറ്റ്പ്രദേശങ്ങളെ അപേക്ഷിച്ച് മേൽകൂര മാറുവാൻ സാമ്പത്തികശേഷി അനുവദിക്കാത്തതുകൊണ്ടാണ് കുടിലുകളായി നിലനിൽക്കുന്നത്. ഓല മേഞ്ഞവീടു മുഴവൻ വാസയോഗ്യമാക്കേണ്ടതായിട്ടുണ്ട്.

1. അംഗീകൃത ഭവനനിർമ്മാണപദ്ധതികൾ ആരംഭിക്കുക
2. ഭവനനിർമ്മാണപദ്ധതികൾ സബ്സിഡിയോടുകൂടി വ്യാപകമായി നടപ്പാക്കുക.
3. ഭവനനിർമ്മാണ പദ്ധതിയുടെ വ്യവസ്ഥകൾ ലഘൂകരിക്കുക.
4. ഭവനിർമ്മാണത്തിനുള്ള അവശ്യസാധനങ്ങളുടെ ലഭ്യത മിതമായ നിരക്കിൽ ഉറപ്പാക്കുന്നതിനുള്ള സ്കീമുകൾ നടപ്പാക്കുക.
5. പുറംപോക്കിലുള്ള വീടുകളുടെ പുനരധിവാസം.

റോഡുപുറംപോക്കിലുള്ള വീടുകളിൽ താമസിക്കുന്നവരെ സൗകര്യപ്രദമായി സ്ഥലം കണ്ടെത്തി പുനഃരധിവസിപ്പിക്കുക.

6. ദുർബലവിഭാഗങ്ങളുടെ എല്ലാവീടുകളിലേക്കുമുള്ള നടപ്പാത നിയമപരമായി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുക.
7. ഓരോ വാർഡിലുമുള്ള വാസയോഗ്യമായ വീടല്ലാതെ മുഴുവൻ വീടുകളും പാർപ്പിടസൗകര്യത്തിനുള്ള ബ്രഹത്തായ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുക.

ആകെ വീടുകൾ	7231
ഓട് ഇട്ടത്	3316
കോൺക്രീറ്റ്	2489
ഓല മേഞ്ഞത്	1426
വൈദ്യുതീകരിച്ചത്	4989
അല്ലാത്തത്	2242

7. വിദ്യാഭ്യാസം

നേഴ്സറി മുതൽ യൂണിവേഴ്സിറ്റി വരെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. 7 എൽ.പി.സ്കൂളും, 2 യു.പി. സ്കൂളും, 3 ഹൈസ്കൂളും, 2ഇംഗ്ലീഷ് മീഡിയം സ്കൂളും, ഒരു പ്രൈവറ്റ് ഐ.റ്റി.സി. യും, ഗവ. ഐ.റ്റി.ഐ. യും, 4 പാരലൽ കോളേജും, 3പ്രഫഷണൽ കോളേജും, ഒരു ബി.എഡ്. കോളേജും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ശ്രീ. റ്റി.എം.ജേക്കബ് മന്ത്രിയായിരുന്ന കാലത്താണ് യൂണിവേഴ്സിറ്റി അനുവദിച്ചത്. 150 ഏക്കറോളം വരുന്ന യൂണിവേഴ്സിറ്റി കാമ്പസിനുള്ളിൽ വിവിധ കോഴ്സുകളും,ഡിപ്പാർട്ടുമെൻറുകളും പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസസ്ഥാപനങ്ങൾ

എൽ.പി.സ്കൂളുകൾ

1. ഗവ. എൽ.പി.സ്കൂൾ ശ്രീകണ്ഠമംഗലം.
2. ഗവ. എൽ.പി.സ്കൂൾ കാട്ടാത്തി.
3. സെൻറ്. ജോസഫ് എൽ.പി.സ്കൂൾ അതിരമ്പുഴ.
4. സെൻറ് മേരീസ് എൽ.പി.സ്കൂൾ അതിരമ്പുഴ.
5. സെൻറ് അലോഷ്യസ് എൽ.പി.സ്കൂൾ അതിരമ്പുഴ.
6. സെൻറ്. ജോസഫ് എൽ.പി.സ്കൂൾ പടിഞ്ഞാറ്റും ഭാഗം.
7. എസ്.എൻ.വി.എൽ. പി.സ്കൂൾ വേലംകുളം.

യു.പി.സ്കൂൾ

1. ഗവ. യു.പി.സ്കൂൾ കോട്ടക്കുപുറം.
2. സെൻറ് ഗ്രീഗോറിയോസ് യു.പി.സ്കൂൾ മണ്ണാർകുന്ന്.

ഇംഗ്ലീഷ് മീഡിയം സ്കൂൾ

1. സെൻറ് ജോർജ്ജ് യു.പി.സ്കൂൾ മണ്ണാർകുന്ന്
2. കുര്യാക്കോസ് ഏലിയാസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ മാന്നാനം.

ഹൈസ്കൂൾ

1. സെൻറ്. എഫ്രേംസ് ഹൈസ്കൂൾ മാന്നാനം.
2. സെൻറ്. മേരീസ് ഹൈസ്കൂൾ അതിരമ്പുഴ.
3. സെൻറ് അലോഷ്യസ് ഹൈസ്കൂൾ അതിരമ്പുഴ.

സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ

1. ഗവ. ഐ.റ്റി.ഐ. (Industrial Traning Institute)
2. പ്രീമിയർ ഐ.റ്റി.സി. മാന്നാനം.

കോളേജുകൾ

1. കെ.ഇ.കോളേജ് മാന്നാനം.
2. ബി.കെ കോളേജ് അമലഗിരി.
3. ഏറ്റുമാനൂരപ്പൻ കോളേജ് ചൂരക്കുളങ്ങര, അതിരമ്പുഴ.

ട്രെയിനിംഗ് കോളജ്

1. സെൻറ് ജോസഫ് ട്രെയിനിംഗ് കോളജ് മാന്നാനം.

പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും നേഴ്സറി ഇല്ല.
2. കുടിവെള്ളം ലഭ്യമല്ല.
3. സൗകര്യപ്രദമായ സാനിട്ടറി സൗകര്യം ഇല്ല.
4. ആവശ്യത്തിന് ഫർണിച്ചർ ഇല്ല.
5. കളി സ്ഥലങ്ങളുടെ അഭാവം
6. ലൈബ്രറി,ലാബറട്ടറി സൗകര്യങ്ങൾ ഇല്ല.
7. ആവശ്യത്തിന് യു.പി. സ്കൂൾ ഇല്ല.
8. വി.എച്ച്.സി. ഈ പഞ്ചായത്തിൽ ഇല്ല.
9. സിലബസിൻെറ കാഠിന്യം
10. ആനുകാലിക വിഷയങ്ങളിലുള്ള പരിജ്ഞാനക്കുറവ്
11. വിദ്യാഭ്യാസ നിലവാരത്തകർച്ച
12. സ്കൂളുകളിൽ ചുറ്റുമതിൽ ഇല്ല.

പരിഹാരമാർഗ്ഗങ്ങൾ

1. നേഴ്സറി സ്കൂൾ ഇല്ലാത്ത വാർഡുകളിൽ നേഴ്സറി സ്കൂൾ സ്ഥാപിക്കുക.
2. എല്ലാ വാർഡുകളിലും കുടിവെള്ളം ലഭ്യമാകുന്നതിന് പൈപ്പ് സൗകര്യം ഉണ്ടാക്കുക.
3. മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത സ്കൂളുകളിൽ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം സാനിട്ടറി സൗകര്യം ഏർപ്പെടുത്തുക.
4. പി.റ്റി.എ. യുടെ സഹകരണത്തോടെ ഫർണിച്ചർ ആവശ്യത്തിന് ലഭ്യമാക്കുക.
5. കളിസ്ഥലങ്ങൾ സൗകര്യപ്രദമാക്കുക.
6. ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ ആരംഭിക്കുവാനും നിലവിലുള്ളവ വിപുലീകരിക്കുവാനും പരിപാടി ആവിഷ്കരിക്കുക.
7. കാട്ടാത്തി ഗവ. എൽ.പി.സ്കൂൾ യു.പി. സ്കൂൾ ആക്കുക.
8. കോട്ടയ്ക്കുപുറം യു.പി സ്കൂൾ, മണ്ണാർക്കുന്ന് യു.പി സ്കൂൾ എന്നിവ ഹൈസ്കൂൾ ആക്കുക.
9. പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് വി. എച്ച്.സി. ആരംഭിക്കണം.
10. സിലബസ്സ് ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കണം.
11. അദ്ധ്യാപകർക്ക് ആനുകാലിക വിഷയങ്ങളിലും സിലബസിലും കൂടുതൽ പരിശീലനം നൽകുക.
12. വിദ്യാഭ്യാസ നിലവാരത്തകർച്ച പരിഹരിക്കുവാൻ പദ്ധതി ആവിഷ്കരിക്കുക.
13. കോമ്പൗണ്ട് വാൾ ഇല്ലാത്ത സ്ഥലങ്ങളിൽ കോമ്പൗണ്ട് വാൾ സ്ഥാപിക്കുക.
14. എല്ലാ സ്കൂളുകളിലും പി.റ്റി.എ ഊർജ്ജസ്വലമാക്കുക.
15. നേഴ്സറി തല വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.

ഈ പഞ്ചായത്തിലെ സെൻറ്. മേരീസ് ഹൈസ്കൂൾ, സെൻറ് അലോഷ്യസ് ഹൈസ്കൂൾ എന്നിവ ജില്ലാതല സ്കൂൾ കായിക മത്സരങ്ങളിൽ പല അവസരങ്ങളിലും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി എന്നുള്ളത് അഭിമാനകരമാണ്. സംസ്ഥാന ദേശീയ മൽസരങ്ങളിലും നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കുവാൻ ഈ സ്കൂളുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

മാന്നാനം സെൻറ് എഫ്രേംസ് ഹൈസ്കൂളിൽ ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ഡോ. പി.ജെ. തോമസിനെപ്പോലുള്ളവർ വിദ്യ അഭിയസിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലുള്ള സ്കൂൾ കുട്ടികളുടെ കായിക കലാ വാസനകളെ പ്രോൽസാഹിപ്പിക്കുവാൻ സമഗ്രമായ ഒരു സ്കീം ആവിഷ്കരിക്കുകയും ഉന്നതവിദ്യാഭ്യാസരംഗത്തും തൊഴിൽ രംഗത്തും നേട്ടങ്ങൾ കൈവരിക്കുവാൻ അവരെ പ്രാപ്തരാക്കുകയും വേണം. കുട്ടികളുടെ ആയോധനകലയെ പ്രോത്സാഹിപ്പിക്കുന്നതിന് ഇപ്പോഴുള്ള സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പരിമിതമാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്തേക്ക് ഒരു ഏജൻസിയും കടന്നു വന്നിട്ടില്ല.

ഐ.റ്റി.ഐ കേന്ദ്രീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം. ഇപ്പോഴുള്ള ഗവ.ഐ.റ്റി.ഐ യോടു ചേർന്ന് ഒരു വനിതാ ഐ.റ്റി.ഐ സ്ഥാപിക്കണം. കംപ്യൂട്ടർ സെൻറർ, ഫുഡ് ക്രാഫ്റ്റ് കോഴ്സ്, തയ്യൽ പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിന് അടിയന്തിര ശ്രദ്ധ പതിപ്പിക്കണം.

8. സംസ്കാരം


സാംസ്കാരിക പൈതൃകം കൊണ്ട് സമ്പന്നമായ ഒരു പുണ്യഭൂമിയാണ് അതിരമ്പുഴ..... നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഉന്നതമായ ഒരു സാംസ്കാരിക പാരമ്പര്യം അതിരമ്പുഴയ്ക്കുണ്ടായിരുന്നു. മനുഷ്യനെ സമൂഹത്തിൽ ഉന്നതനാക്കുന്നതും സാമൂഹ്യമായ സദ്പ്രവർത്തികൾക്ക് പ്രേരിപ്പിക്കുന്നതും അവന്റെ സംസ്കാരമാണ്. മത സൗഹാർദ്ദത്തിന്റേയും മാനവമൈത്രിയുടെയും സന്ദേശങ്ങൾ അതിരമ്പുഴയിൽ നിറഞ്ഞുനിൽക്കുന്നു. വിവിധ മതസമൂഹങ്ങളുടെ ആദ്ധ്യാദ്മികമായ കെട്ടുറപ്പാണ് അതിരമ്പുഴയിലെ സാമുദായിക സാംസ്കാരിക ഐക്യത്തിന്റെ കാതൽ. മതങ്ങൾ ഒരു സമൂഹത്തിന്റെ സാംസ്കാരികമായ വളർച്ചയ്ക്ക് നിർണായകമായ പങ്ക് വഹിക്കുന്നു.

അതിരമ്പുഴയുടെ വിവിധഭാഗങ്ങളിൽ സ്നേഹത്തിന്റെ പ്രഭാപൂരം പരത്തി വിവിധ ആരാധനാലയങ്ങൾ പ്രശോഭിച്ചുനിൽക്കുന്നു. അമ്പലങ്ങളും മോസ്കുകളും പള്ളികളും ഒരു ജനതയുടെ മാത്രമല്ല, നാടിന്റെ തന്നെ വലിയ സമ്പത്താണ്.


അതിരമ്പുഴ സെൻറ് മേരീസ് ഫെറോനാ പള്ളി

A.D 835 – ൽ ആണ് ഈ ദേവാലയം സ്ഥാപിച്ചത്. പരിശുദ്ധകന്യകാമാതാവിന്റെ നാമധേയത്തിലാണ് ദേവാലയം നിലകൊള്ളുന്നത്. എട്ടെന്നുശ്ശേരി ഇല്ലം എന്ന നമ്പൂതിരി കുടുംബമാണ് പള്ളി വയ്ക്കാൻ ആദ്യമായി ഭൂമി ദാനം നൽകിയത്. അതിരമ്പുഴ പള്ളിയെന്നു കേട്ടാൽ ആരുടേയും മനസ്സിൽ ഓടിയെത്തുക അതിരമ്പുഴ തിരുനാളാണ്. ഈ നാടിന്റെ ഏറ്റവും വലിയ ആഘോഷമാണിത്. വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ജനുവരി 24,25 തീയതികളിലാണ് ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നത്. 24 –ാം തീയതി വൈകിട്ട് നഗരം ചുറ്റിയുള്ള പ്രദക്ഷിണം ആലവട്ടങ്ങളും വെഞ്ചാമരങ്ങളും താലമേളങ്ങളും വാദ്യഘോഷങ്ങളും മുത്തുക്കുടകളും വർണ്ണക്കൊടികളും അകമ്പടി സേവിക്കുന്ന ഭക്തിനിർഭരമായ തിരുനാൾ പ്രദക്ഷിണം കമനീയമായ കമ്പോളവീഥിയിലൂടെ കടന്നുപോകുന്നു. ചന്തക്കുളവും പരിസരപ്രദേശവും വൈദ്യുത അലങ്കാരങ്ങളും വർണ്ണത്തോരണങ്ങളും കൊണ്ട് കമനീയമായി അലങ്കരിക്കുന്നത് മർച്ചൻറ് അസോസിയേഷനും ചുമട്ടു തൊഴിലാളികളുമാണ് എന്ന് എടുത്തു പറയേണ്ട കാര്യമാണ്. തിരുനാളിനോട് അനുബന്ധിച്ച് 24 –ാം തീയതി നടക്കുന്നകരിമരുന്ന് കലാ പ്രകടനം പ്രസിദ്ധമാണ്.


അതിരമ്പുഴ സെൻറ് മേരീസ് ദേവാലയം സാമൂഹ്യ പ്രവർത്തനങ്ങളിലും മുൻപന്തിയിൽ നിൽക്കുന്നു. അതിരമ്പുഴയുടെ സാംസ്കാരിക മായ അഭിവൃത്തിക്ക് പ്രധാന കാരണം ഇവിടുത്തെ വിദ്യാഭ്യാസ മേഖലയാണ്. ഹൃദയത്തിന് സംസ്കരണവും ബുദ്ധിക്ക് വികാസവും സാധിച്ച് മനുഷ്യ വ്യക്തിത്വത്തിന് പുതിയ രൂപഭാവങ്ങൾ നൽകുന്ന വിദ്യാഭ്യാസരംഗത്ത് അതിരമ്പുഴ പള്ളി നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സേവനം നിസ്തുലമാണ്. അതിരമ്പുഴ പള്ളിയുടെ ആഭിമുഖ്യത്തിൽ നാല് സ്കൂളുകൾ പ്രവർത്തിക്കുന്നു.




അതിരമ്പുഴ സെൻറ് മേരിസ് ഫെറോനാ പള്ളി



മാന്നാനം ആശ്രമ ദേവാലയം



ശ്രീ ധർമ്മശാസ്താ ക്ഷേത്രം വേദഗിരി



അതിരമ്പുഴ മുസ്ലിം ജമാഅത്ത്

അതിരമ്പുഴയിൽ ഹെൽത്ത് സെൻററി നുള്ള സ്ഥലം സംഭാവന ചെയ്തത് പള്ളിയാണ്. വിവാഹസഹായം , ഭവനനിർമ്മാണം, ഖാദി പ്രസ്ഥാനം, തൊഴിൽ പരിശീലനം എന്നീ സാമൂഹ്യ പ്രവർത്തനങ്ങളിൽ അതിരമ്പുഴ പള്ളി പ്രത്യേകം ശ്രദ്ധിച്ചു പോരുന്നു.

മാന്നാനം ആശ്രമ ദേവാലയം

ഇൻഡ്യയിലെ അറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞിരിക്കുകയാണ് മാന്നാനം ആശ്രമദേവാലയം. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ വാഴ്ത്തപ്പെട്ട പദവിയിലേക്ക് പ്രഖ്യാപിച്ച ചാവറയച്ചൻെറ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്തിരിക്കുന്നത് മാന്നാനം ആശ്രമ ദേവാലയത്തിലാണ്. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ 1986 ഫെബ്രുവരി 8-ാം തീയതി സന്ദർശനം നടത്തിയപ്പോൾ അതിരമ്പുഴ പഞ്ചായത്തിലെ I.C.H. ഗ്രൗണ്ടിലാണ് ഹെലിപ്പാടിൽ ഇറങ്ങിയത് എന്നുള്ളത് നമുക്കേവർക്കും അഭിമാനകരമാണ്.

കേരളത്തിലെ ഏതദ്ദേശീയ സഭാസ്ഥാപകനും സുറിയാനി സമൂഹത്തിൻെറ ആദ്യത്തെ വികാരി ജനറലും മാന്നാനം സെമിനാരി മല്പാനും മുദ്രാലയ പ്രേഷിതത്വത്തിൻെറ മുന്നണി നേതാവും സർവ്വോപരി സംസ്കൃത പണ്ഡിതനുമായിരുന്നു ചാവറയച്ചൻ. സാമൂഹ്യ പ്രവർത്തനങ്ങളിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

മാന്നാനത്ത് സംസ്കൃതവിദ്യാലയമുൾപ്പെടെ നിരവധി പള്ളിക്കൂടങ്ങൾ സ്ഥാപിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. 19-ാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിൽ നിരക്ഷരതയുടെ അന്ധകാരത്തിൽനിന്നും സാക്ഷരതയുടെ പ്രഭാപൂരത്തിലേക്കുള്ള വലിയ മുന്നേറ്റത്തിന് നാന്ദി കുറിച്ചുകൊണ്ട് കേരളത്തിലെ മൂന്നാമത്തെ മുദ്രാലയ പ്രസ്ഥാനം സെൻറ് ജോസഫ് പ്രസ്സ് 1846 -ൽ മാന്നാനത്ത് സ്ഥാപിച്ചത് ചാവറയച്ചൻെറ ശ്രമഫലമായിട്ടായിരുന്നു. കേരളത്തിലെ ആദ്യത്തെ മലയാളദിനപ്പത്രം "നസ്രാണി ദീപിക" അച്ചടിച്ചിരുന്നത് ഇവിടെനിന്നായിരുന്നു. സാംസ്കാരികകേരളത്തിന് നിരവധി സംഭാവനകൾ നൽകിയ ഈ ദേവാലയം മാന്നാനം കുന്നിൻെറ തിലകച്ചാർത്തായി ശോഭിക്കുന്നു.

വേദഗിരി ധർമ്മശാസ്താ ക്ഷേത്രം

കേരളത്തിലെ പ്രശസ്തമായ ക്ഷേത്രങ്ങളിലൊന്നാണിത്. ഇവിടെ പ്രധാനമായും മൂന്ന് വാവുബലികൾ നടന്നുവരുന്നു. കർക്കിടകമാസത്തിലെ വാവുബലിനാളിൽ പിതൃകർമ്മങ്ങൾക്കായി ആയിരക്കണക്കിനാളുകൾ ഈ ക്ഷേത്രസന്നിധിയിൽ എത്തിച്ചേരുന്നു. ക്ഷേത്രത്തിൻെറ സമീപം തന്നെയുള്ള വേദഗിരിമലയിൽ പഞ്ചപാണ്ഡവൻമാർ അജ്ഞാതവാസക്കാലത്ത് താമസിച്ചിരുന്നതായി ഐതിഹ്യങ്ങൾ പറയുന്നു.

അതിരമ്പുഴ പഞ്ചായത്തിലെ ആരാധനാലയങ്ങൾ

പള്ളികൾ

അതിരമ്പുഴ സെൻറ് മേരീസ് ഫെറോനാ പള്ളി
സെൻറ് സെബാസ്റ്റ്യൻസ് ചർച്ച് (ചെറിയ പള്ളി)
സെൻറ് മാത്യൂസ് ചർച്ച് കോട്ടക്കുപുറം
യൂദാ തദേവൂസ് ചർച്ച് കോട്ടക്കുപുറം
സെൻറ് ഗ്രിഗോറിയോസ് ചർച്ച് മണ്ണാർകുന്ന്
സെൻറ് ജോർജ്ജ് ചർച്ച് പാറോലിക്കൽ
സെൻറ് റീത്താസ് ചർച്ച് മുണ്ടുവേലിപ്പടി
ചന്തക്കുരിശുപള്ളി അതിരമ്പുഴ
സാന്താം ചർച്ച് നാല്പാത്തിമല
സെൻറ് സ്റ്റീഫൻസ് മരിയാ മൗണ്ട്, മാന്നാനം
കാട്ടാത്തി ലാറ്റിൻ ചർച്ച്
സെൻറ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്
സി.എസ്.ഐ. ചർച്ച് ശ്രീകണ്ഠമംഗലം
ലിസ്യൂ എം.സി.ബി.എസ്. സെമിനാരി
അസ്സീസ്സി കപ്പൂച്ചിൻ ആശ്രമം തെള്ളകം
കാരിസ് ഭവൻ അതിരമ്പുഴ

ക്ഷേത്രങ്ങൾ

തൃക്കയിൽ വെണ്മനത്തൂർ വിഷ്ണു ക്ഷേത്രം
കൊട്ടാരം ദേവി ക്ഷേത്രം
ചൂരക്കുളങ്ങര ദേവി ക്ഷേത്രം
വേദഗിരി ധർമ്മ ശാസ്താ ക്ഷേത്രം
കൊട്ടാരം ദേവി ക്ഷേത്രം മാന്നാനം
ശ്രീ ഭുവനേശ്വരി ദേവി ക്ഷേത്രം ശ്രീകണ്ഠമംഗലം

മുസ്ലിം പള്ളികൾ

നൂറ്റാണ്ട് പഴക്കമുള്ള മുസ്ലിം ദേവാലയം അതിരമ്പുഴയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു. മലയാള വർഷം 1138 ൽ ആണ് ഈ പള്ളി സ്ഥാപിതമായത് എട്ടന്മാർ എന്നു പറയുന്ന സംഘം ആയിരുന്നു പള്ളിയുടെ മേൽനോട്ടം നടത്തിയിരുന്നത്. കസ്തൂരി ഇസ്മയിൽ റാവുത്തൽ കല്ലിങ്കത്രതായി മഠത്തിൽ മുഹമ്മദ് ഖനി റാവുത്തർ ഇഞ്ചിക്കളം അഹമ്മദ് കണ്ണ് റാവുത്തർ തുടങ്ങിയവർ ഉൽപ്പെട്ടതായിരുന്നു എട്ടന്മാരുടെ സംഘം. യൂണിവേഴ്സിറ്റിയുടെ സമീപം മറ്റൊരു മുസ്ലിം ദേവാലയം സ്ഥിതി ചെയ്യുന്നു.

ഗ്രന്ഥശാലകൾ

അതിരമ്പുഴയുടെ സാംസ്കാരിക സമ്പന്നത കരുപ്പിടിപ്പിക്കുന്നത് അതിരമ്പുഴയിലെ ഗ്രന്ഥശാലകളാണ്. അതിരമ്പുഴ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കേരള ഗ്രന്ഥശാലാസംഘത്തിന്റെ ഗ്രാന്റോടുകൂടി ഇവ പ്രവർത്തിക്കുന്നു. ആയിരക്കണക്കിന് ഈടുറ്റ ചരിത്രഗ്രന്ഥങ്ങളും വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലേക്ക് കൈപിടിച്ചുയർത്തുന്ന നിരവധി പുസ്തക സമാഹാരങ്ങളുടെ ശേഖരവും ഈ ഗ്രന്ഥശാലകളിലുണ്ട്. 1936-ൽ ആരംഭിച്ച കോട്ടക്കുപുറം ഗ്രാമോദ്ധാരണ ഗ്രന്ഥശാലയാണ് അതിരമ്പുഴയിലെ ആദ്യത്തെ ഗ്രന്ഥശാല. ജനതാ വായനശാല, ജയ്ഭാരത് പബ്ലിക് ലൈബ്രറി, ബാപ്പുജി വായനശാല, കുമാരനാശാൻ വായനശാല, ജനതാ വായനശാല മുണ്ടകപ്പാടം, ലിസ്യൂ വായനശാല, നെഹ്രു മെമ്മോറിയൽ പബ്ലിക് ലൈബ്രറി തുടങ്ങിയ ഗ്രന്ഥശാലകൾ അതിരമ്പുഴയുടെ സാംസ്കാരികതയുടെ രംഗത്ത് ഉദാത്തമായ സംഭാവനകൾ നൽകുന്നു.

അതിരമ്പുഴയിൽ കലാകായിക സാമൂഹിക സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ പ്രവർത്തിക്കുന്നു. ഓണം പോലുള്ള ദേശീയോത്സവങ്ങളിൽ വിവിധ ക്ലബുകൾ നടത്തുന്ന സാംസ്കാരിക പരിപാടികൾ ശ്രദ്ധേയമാണ്. അമച്വർ നാടകരംഗത്ത് തിളങ്ങിനിൽക്കുന്ന ധാരാളം പ്രതിഭകൾ അതിരമ്പുഴയിലുണ്ട്. പ്രൊഫഷണൽ ബാലെ ട്രൂപ്പായ ചിത്രാനൃത്തഭവനും പ്രശസ്ത ഗാനമേള ട്രൂപ്പുകളായ സിസ്ലാ കമ്മ്യൂണിക്കേഷനും, ഹോളി ഹിറ്റ്സ് ഓർക്കസ്ട്രയും ഈ നാട്ടിൽ പ്രവർത്തിക്കുന്നു. കലാരംഗത്ത് പ്രശസ്തമായ രീതിയിൽ പരിശീലനം നൽകുന്ന ആലേഖനാ ആർട്ട്സ് കോളേജും അതിരമ്പുഴയിൽ പ്രവർത്തിക്കുന്നു.

കലാരംഗത്ത് പ്രശസ്തരായ നിരവധി പ്രതിഭകൾക്ക് ഈ പഞ്ചായത്ത് ജന്മം നൽകിയിട്ടുണ്ട്. പ്രശസ്ത വയലിനിസ്റ്റ് റ്റി.ഡി. മാത്യു, അതിരമ്പുഴ അപ്പച്ചൻ, അതിരമ്പുഴ പ്ലാസീഡ്, പ്രശസ്ത നാടകകൃത്തായ ബാബു വല്ലൂത്തറ, പ്രശസ്ത മജീഷ്യൻ പ്രൊഫസർ സാംരാജ് തുടങ്ങിയവർ അതിരമ്പുഴയുടെ സംഭാവനയാണ്.

അതിരമ്പുഴയുടെ സാംസ്കാരിക പൈതൃകം സ്വാതന്ത്ര്യസമരത്തിന്റെയും ഒളിമങ്ങാത്ത ഓർമ്മകൾ സമ്മാനിക്കുന്നു. ഭാരതാംബയുടെ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനു വേണ്ടി നിരവധി സമരസേനാനികളെ വാർത്തെടുത്ത പുണ്യഭൂമിയാണ് അതിരമ്പുഴ. കൊല്ലപ്പള്ളിൽ തോമാച്ചൻ കെ.ജെ.കുര്യൻ കൊച്ചുപുരയ്ക്കൽ, ജോർജ്ജ് തോമസ് (കോരച്ചൻ) വേമ്പേനിക്കൽ, എൻ.ടി. ദേവസ്യ കടവിൽ എന്നിവരായിരുന്നു പ്രമുഖ സ്വാതന്ത്ര്യസമരസേനാനികൾ. ശ്രീ പട്ടം താണുപിള്ള, എ.ജെ. ജോൺ തുടങ്ങിയ പ്രമുഖ സ്വാതന്ത്ര്യസമരസേനാനികൾ അതിരമ്പുഴയിൽ പ്രസംഗപര്യടനങ്ങൾ നടത്തിയിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ പേരിൽ അതിരമ്പുഴയിലെ ധീരസേനാനികൾ വെള്ളക്കാർ തീർത്ത ജയിലറകളിൽ ഒരു വർഷക്കാലം ജയിൽവാസവും അനുഭവിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. അതിരമ്പുഴയിലെ ഗ്രന്ഥശാലകൾക്ക് ഏകീകൃതസ്വഭാവമില്ല.
2. കലാ സാംസ്കാരിക സംഘടനകൾക്ക് സ്വന്തമായ കെട്ടിടങ്ങളും ഫർണിച്ചറുകളുമില്ല.
3. ഗ്രന്ഥശാലകളുടെ ഗ്രാന്റ് പരിമിതമാണ്.
4. പഞ്ചായത്തുതലത്തിൽ സാംസ്കാരികകേന്ദ്രത്തിന്റെ അഭാവമുണ്ട്.
5. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളുടെ പ്രവർത്തനം ഇല്ല.
6. പ്രാചീനകലകൾ പ്രോത്സാഹിപ്പിക്കുന്നില്ല.
7. കലാസാംസ്കാരികമേഖലയിൽ ഉന്നതസ്ഥാനങ്ങൾ നേടുന്നവർക്ക് അർഹമായ പ്രോത്സാഹനം ലഭിക്കുന്നില്ല.

സാധ്യതകൾ

1. പൊതുജനങ്ങളുടെ സാംസ്കാരിക ഉന്നമനത്തിനു വേണ്ടി എല്ലാ വാർഡുകളിലും ഗ്രന്ഥ

ശാലകളും വായനശാലയും സ്ഥാപിക്കണം.

2. കേരളത്തിന്റെ തനതായ ആയോധനകലയായ കളരിപ്പയറ്റ് പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകണം.
3. കലാകായിക രംഗത്ത് പ്രതിഭകളെ വാർത്തെടുക്കുന്നതിനുവേണ്ടി ഒരു പരിശീലനകേന്ദ്രം ആരംഭിക്കുക.
4. അതിരമ്പുഴയിൽ ഒരു സാംസ്കാരികനിലയം സ്ഥാപിക്കുക.
5. പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന ഗ്രന്ഥശാലകൾക്കും ക്ലബുകൾക്കും സാമ്പത്തിക സഹായം നൽകി പുനരുദ്ധീകരിക്കുക.
6. ഗ്രന്ഥശാലകളിൽ റ്റി.വി.സെറ്റ് സ്ഥാപിക്കുക
7. ഗ്രന്ഥശാലകളുടെ ഗ്രാന്റ് വർദ്ധിപ്പിക്കുക.
8. സാംസ്കാരിക പുരോഗതിക്ക് ഉതകുന്ന ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക.
9. നിലവാരത്തകർച്ചയിലേക്ക് ജനങ്ങളെ നയിക്കുന്ന പരിപാടികൾ മാധ്യമങ്ങളിൽ (സിനിമ, റ്റിവി, മാസികകൾ) നിന്നൊഴിവാക്കുക.
10. നാടൻ കലകളെ പ്രോൽസാഹിപ്പിക്കുക
11. സ്കൂളുകളിൽ കലാകായിക രംഗങ്ങളിൽ കൂടുതൽ പ്രോത്സാഹനം നൽകുക.
12. സ്ത്രീകൾക്കുവേണ്ടി പ്രത്യേക സാംസ്കാരിക പരിപാടികൾ ആരംഭിക്കുക
13. എല്ലാ തലങ്ങളിലുമുള്ളവരുടെ പ്രത്യേക അഭിരുചികൾ വളർത്തിയെടുക്കുവാൻ കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കുക.
14. അതിരമ്പുഴയിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുക.
15. പഞ്ചായത്തും പൊതുജനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാ ജനങ്ങളെയും സമയബന്ധിതമായി അറിയിക്കുവാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുക.

കലയും സംസ്കാരവും മനുഷ്യപുരോഗതിയുടെ ആണിക്കല്ലുകളാണ്. ഇവയുടെ പരിപോഷണത്തിലൂടെ മാത്രമേ മനുഷ്യനെ മനുഷ്യനാക്കാൻ സാധിക്കുകയുള്ളൂ. ഇവയുടെ വളർച്ചയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ നാടിനും സമൂഹത്തിനും ഒരിക്കലും നഷ്ടമാവുകയില്ല. അതിനാൽ ഇവയുടെ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടത് ഒരു അടിസ്ഥാനസമൂഹത്തിന്റെ അത്യന്താപേക്ഷിതമായ കടമയാണ്.



9. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

സ്വാതന്ത്ര്യത്തിന്റെ അരനൂറ്റാണ്ടു പിന്നിടാറായിട്ടും പട്ടികജാതി പട്ടികവർഗ്ഗക്ഷേമരംഗത്ത് വികസനം മന്ദഗതിയിൽ മാത്രമാണ് നീങ്ങുന്നത്. കേന്ദ്രസംസ്ഥാനസർക്കാരുകൾ പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിനുവേണ്ടി ധാരാളം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടെങ്കിലും മിക്കവയും ലക്ഷ്യത്തിലെത്തുന്നില്ല. പദ്ധതികളുടെ നടത്തിപ്പിൽ വരുന്ന വീഴ്ചകളിലൂടെ അതനുവദിക്കുന്ന തുകയുടെ നല്ലൊരു ഭാഗം പാഴായി പോകാറുണ്ട് ഈ ക്ഷേമപദ്ധതികൾ കൂടുതൽ ഫലപ്രദമായി ലക്ഷ്യത്തിലെത്തിക്കാൻ പഞ്ചായത്ത്രാജ് സംവിധാനത്തിനു കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

അതിരമ്പുഴ പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ 206 കുടുംബങ്ങളും പട്ടികവർഗ്ഗക്കാരുടെ 21 കുടുംബങ്ങളും ഉണ്ട് ഇതിൽ നല്ലൊരു ഭാഗം കോളനികളിലാണ് വസിക്കുന്നത്. ഈ പഞ്ചായത്തിൽ നാലാം വാർഡിൽ പേമലമുകൾ റോഡ് പുറമ്പോക്കിലും ആറാം വാർഡിൽ ഒരു ഭൂരഹിതകോളനിയും 9-ാം വാർഡിൽ ഒരു പട്ടികവർഗ കോളനിയും ഉണ്ട്. സ്വന്തമായി പാർപ്പിടമില്ലാത്ത പട്ടികജാതി കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഈ വിഭാഗത്തിന്റെ അവസ്ഥ മറ്റേതൊരു സമുദായത്തെക്കാളും വളരെ ശോചനീയമാണ്. സാമൂഹികസാമ്പത്തിക വിദ്യാഭ്യാസരംഗങ്ങളിൽ ഇവർ ഇന്നുംവളരെ പിന്നിട്ടു നില്ക്കുന്നു. സർക്കാർ സർവ്വീസ് മറ്റുപൊതുമേഖലാസംരംഭങ്ങൾ തുടങ്ങിയ സേവനരംഗങ്ങളിൽ ഈ വിഭാഗത്തിലെ ചുരുക്കം അംഗങ്ങൾ മാത്രമേ എത്തിയിട്ടുള്ളു. ഇടത്തരം ജീവിതനിലവാരത്തിലേക്ക് ഉയരാൻകഴിഞ്ഞ കുടുംബങ്ങൾ വളരെ കുറവാണ്. മറ്റുള്ളവർ ഇപ്പോഴും സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ തന്നെയാണ്.

പ്രാഥമിക സൗകര്യങ്ങൾ

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നീ പ്രഥമികസൗകര്യങ്ങൾ മാത്രമല്ല സ്വന്തമായി കിടപ്പാടം പോലുമില്ലാത്ത പട്ടികജാതി/ വർഗ്ഗ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വികസനത്തിന്റെ കാര്യത്തിൽ അതിരമ്പുഴ പഞ്ചായത്ത് ബഹുദൂരം മുന്നേറിയിട്ടുണ്ടെങ്കിലും ഈ ഗ്രാമത്തിലെ കോളനികൾ വികസനം എത്തിനോക്കാത്ത കൊച്ചുകൊച്ചുതുരുത്തുകളാണ്. ജലക്ഷാമം ഒരു പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ആശ്രയിക്കുന്ന കിണറ്റിൽ വേനൽകാലത്ത് ജലദൗർല്യം രൂക്ഷമാകുന്നു. പൈപ്പ് ലൈൻ ഉള്ളയിടങ്ങളിലാകട്ടെ ജലവിതരണം മുടങ്ങുന്നത് സാധാരണസംഭവം മാത്രം.

ഈ പഞ്ചായത്തിലെ പട്ടികജാതി/വർഗക്കാരുടെ വീടുകൾ മിക്കവയും ഓല മേഞ്ഞവയാണ്. ബഹുഭൂരിപക്ഷവും വൈദ്യുതീകരിക്കാത്തവയാണ്. വിവാഹിതരായ മക്കൾ വേറേ മാറിപ്പോകാൻ കഴിയാതെ ബുദ്ധിമുട്ടുന്ന പട്ടികജാതി കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസം: ഈ വിഭാഗങ്ങളിൽപെട്ട കുട്ടികളെല്ലാവരും തന്നെ പ്രൈമറി സ്കൂൾ തലത്തിൽ എത്തുന്നുണ്ടെങ്കിലും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർ ചെറിയ ശതമാനം മാത്രമാണ്. വിദ്യാഭ്യാസനിലവാരത്തിൽ ഇവർ വളരെ പിന്നിലാണ്. സാമ്പത്തിക പരാധീനതമൂലം പലരും പഠനം തുടരാനാകാതെ ഉപേക്ഷിച്ചു പോകുന്നതായി കാണുന്നു. എസ്.എസ്.എൽ.സി. പാസായി കോളജിൽ എത്തുന്നവരുടെ എണ്ണവും വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് എത്തിച്ചേരാൻ കഴിഞ്ഞ പട്ടികജാതി /വർഗ്ഗ സർക്കാരിൽ നിന്നും ലഭിക്കുന്ന ലംസംഗ്രാന്റും, സ്റ്റൈപ്പെന്റും വിദ്യാഭ്യാസത്തിനു പ്രോത്സാഹജനകമാകത്തക്കവിധം യഥാസമയം ലഭിക്കാറില്ലെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഈ വിഭാഗത്തിൽ ചെറുപ്പക്കാരുടെയിടയിൽ പൂർണ്ണമായും സാക്ഷരതയുണ്ടെങ്കിലും 45 വയസ്സിനുമേൽ പ്രായമുള്ളവരിൽ ഒരു ചെറിയ ശതമാനം നിരക്ഷരർ ആണ്. സാക്ഷരതായജ്ഞത്തിലൂടെ അക്ഷരജ്ഞാനം നേടിയവർ വളരെയേറെയുണ്ട്.

തൊഴിൽ: പഞ്ചായത്തിലെ ഈ വിഭാഗത്തിൽ ഏറിയ പങ്കും കാർഷികമേഖലയിൽ തൊഴിൽ ചെയ്തിരുന്നവരാണ്. കൃഷിയിടങ്ങളിൽ ഭൂരിഭാഗവും പാരമ്പര്യകൃഷിസമ്പ്രദായത്തിൽ നിന്നും വ്യതിചലിച്ച് റബർകൃഷിയിൽ എത്തിയതുകൊണ്ട് വളരെയേറെപേർ മറ്റുതൊഴിൽമേഖലയിലേക്ക് ചേക്കേറുകയാണ്. അവർ കെട്ടിടനിർമ്മാണം, മറ്റുകൂലിപ്പണികൾ എന്നിങ്ങനെയുള്ള തൊഴിൽ രംഗങ്ങളിലേക്കു ചുവടുമാറിയിരിക്കുന്നു. എങ്കിലും ആണ്ടുവട്ടത്തിൽ പലപ്പോഴും തൊഴിലില്ലായ്മയുടെ കെടുതികൾ അവർക്ക് അനുഭവിക്കേണ്ടി വരുന്നു.

പായ്നെയ്ത്ത്, കുട്ടനെയ്ത്ത് എന്നിങ്ങനെയുള്ള പരമ്പരാഗത തൊഴിലുകൾ ചെയ്തിരുന്നവരുടെ എണ്ണം അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യം മൂലം വളരെ കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ സ്ത്രീ തൊഴിലാളികൾ ഏറിയ പങ്കും തൊഴിൽ രഹിതരാണെന്നു തന്നെ പറയാം.

സാമൂഹ്യരംഗം: വിദ്യാഭ്യാസപരമായും ഔദ്യോഗികമായും ഉയർന്ന ഏതാനും ചില പട്ടികജാതിക്കാർക്കു മാത്രം സാമൂഹികമായി ഇപ്പോഴും ഉച്ചനീചത്വം അനുഭവിക്കേണ്ടി വരുന്നു. മറ്റുള്ളവരുടെ സാമൂഹികപദവി വളരെ ശോചനീയമാണ്. ആധുനികസൗകര്യങ്ങളുടെ ആദ്യപടിയിൽ പോലും എത്തിച്ചേരാൻ കഴിയാത്ത ഇവരെ മുഖ്യധാരയിലോട്ടുകൊണ്ടുവരേണ്ടിയിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വിവാഹങ്ങൾക്കും മറ്റും അടിയന്തിര സന്ദർഭങ്ങളിലും ഇതര സമുദായക്കാർ പങ്കെടുക്കാറുണ്ടെങ്കിലും പന്തിഭോജനത്തിൽ ആത്മാർത്ഥമായി സഹകരിക്കുന്നവർ ചുരുക്കമാണ്. നേർക്കുനേരെ ജാതി പറഞ്ഞു വിളിച്ചിരുന്ന രീതി ഈ പഞ്ചായത്തിൽ നിലവിലില്ലെന്നു തന്നെ പറയാം. എന്നാൽ ഈ ജാതിക്കാരെ മറ്റു സമുദായക്കാർ പരാമർശിക്കുമ്പോൾ ജാതിപ്പേരു പറഞ്ഞു പരിചയപ്പെടുത്തുന്ന രീതി നിലനില്ക്കുന്നു.

പട്ടികജാതി/ വർഗ്ഗക്കാർ ഭൂരിപക്ഷവും അതാതു ജാതിസംഘടനകളിൽ അംഗങ്ങളാണ്. ബഹുജനസംഘടനകളിൽ ഇവർ അംഗങ്ങൾ ആണെങ്കിലും നേതൃത്വനിലയിൽ ആരും എത്തിച്ചേർന്നിട്ടില്ല. ഒന്നു രണ്ടുപേർ പ്രാദേശികതലത്തിൽ ചില ചുമതലകൾ വഹിക്കുന്നുവെന്നു മാത്രം.

ഹരിജനങ്ങൾക്കുള്ള അനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ അവരെ ബോധവത്ക്കരിക്കുകയും അനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹരാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. എല്ലാ കോളനികളിലും വൈദ്യുതി, ശുദ്ധജലം, കക്കൂസ്, തുടങ്ങിയ പ്രാഥമികസൗകര്യങ്ങൾ ഉറപ്പുവരുത്തുക.
2. കോളനിയിലെ നിവാസികൾക്ക് പട്ടയം അനുവദിക്കുകയും അതിർത്തി നിർണയിച്ച് മതിൽ ബലപ്പെടുത്തി കോളനി നിവാസികൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുക.
3. ഒരേ വീട്ടിൽ തന്നെ കഴിയുന്ന വിവാഹിതരായ മക്കളുടെ കുടുംബങ്ങൾക്ക് മാറിത്താമസിക്കാനാവശ്യമായ സഹായ നടപടികൾ സ്വീകരിക്കുക.
4. കോളനികളിൽ ആവശ്യാനുസരണം അംഗൻവാടികൾ സ്ഥാപിക്കുക.
5. പഞ്ചായത്തിലെ ഭവന രഹിതരായ പട്ടികജാതി/വർഗ്ഗക്കാർക്ക് 15 സെൻറ് സ്ഥലവും 15 സെൻറ് പുരയിടവും നൽകുക. വീടു വയ്ക്കുന്നതിനും ഭൂമി വാങ്ങുന്നതിനും നിലവിലുള്ള തുക അപര്യാപ്തമായതിനാൽ അത് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.
6. ഈ പഞ്ചായത്തിലെ 9-ാംവാർഡിൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിൽ പട്ടികജാതി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക. വിവിധ വിഷയങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധരുടെ ആഭിമുഖ്യത്തിൽ ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുക.

7. രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസം ഏതു നിലയിൽ നടത്തണം എന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
8. പട്ടികജാതി പട്ടികവർഗ്ഗക്കാരെ ഗ്രൂപ്പ് ഇൻഷുറൻസിന്റെ പരിധിയിൽ കൊണ്ടുവരുക.
9. കാർഷിക മേഖലയിൽ പണി എടുത്തിരുന്ന ഇപ്പോൾ തൊഴിൽ രഹിതരായ വനിതകൾക്കായി തൊഴിൽ പരിശീലന പരിപാടികൾ ആരംഭിക്കുകയും അവർക്കായി തൊഴിൽ സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുക.
10. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മുള, ഈറ, ചൂരൽ, എന്നിവ സബ്സിഡി റേറ്റിൽ നൽകുകയും ആവശ്യമായ ധനസഹായം നൽകുകയും ചെയ്യുക.
11. വനിതകൾക്ക് തയ്യൽ, എംബ്രോയിഡറി, നെയ്ത്ത്,തുടങ്ങിയവയിൽ പരിശീലനം നൽകുകയും തയ്യൽ മെഷീനുകൾ വിതരണം ചെയ്യുകയും ചെയ്യുക.
12. ഈ വിഭാഗക്കാരുടെ സമഗ്ര പുരോഗതിക്കായി സഹകരണസംഘം രൂപീകരിക്കുക.
13. ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംസം ഗ്രാന്റും സ്റ്റൈഫന്റും ബന്ധപ്പെട്ട വിദ്യാലയങ്ങൾ യഥാവസരത്തിൽ നൽകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക.
14. കോളജുകളിലും മറ്റും സംവരണക്രമം അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

    കൂടാതെ ഈ പഞ്ചായത്തിൽ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ദളിത് ക്രൈസ്തവരുടെ 743 കുടുംബങ്ങൾ ഉണ്ട്. മതം മാറിയെങ്കിലും പട്ടികജാതിക്കാർ അനുഭവിക്കുന്ന എല്ലാ പ്രയാസങ്ങളും ഇവരും നേരിടുന്നുണ്ട്. ഇവരുടെ നാനാമുഖമായ വളർച്ചയ്ക്കും വികസനത്തിനും ഉതകുന്ന കാര്യങ്ങൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കണം. ദളിത് ക്രൈസ്തവർക്ക് സംവരണം നടപ്പാക്കണം.
15. പട്ടികജാതി/വർഗ്ഗ കോളനികൾ ചൂഷണം ചെയ്തുകൊണ്ട് മറുവിഭാഗം ആനുകൂല്യം തട്ടിയെടുക്കുന്നത് തടയണം.
16. ആരോഗ്യവും വിദ്യാഭ്യാസവും സേവനവും മെച്ചപ്പെടുത്തുക.
17. ബോധവൽക്കരണ പരിപാടികൾ തുടരുക.



9. വനിതാക്ഷേമം

ജനാധിപത്യ പ്രക്രിയയിൽ സ്ത്രീകൾക്ക് സുപ്രധാന പങ്ക് വഹിക്കാനുണ്ട്. പഞ്ചായത്ത് രാജ് നഗരപാലികാബിൽ നിലവിൽ വന്നതോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൂന്നിലൊന്ന് അധികാര സ്ഥാനങ്ങൾ വനിതകൾക്കായി. വനിതകളുടെ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും അംഗീകാരം ഉണ്ടായി. എന്നാൽ യാഥാസ്ഥിതിക കുടുംബക്കാരായ കർഷകമക്കളുടെ നാടായതു കൊണ്ടായിരിക്കാം വിദ്യാഭ്യാസസൗകര്യങ്ങളും സാമ്പത്തിക സൗകര്യങ്ങളും ഏറെക്കുറെ ഉണ്ടായിട്ടും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരികരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരായി എടുത്തുപറയത്തക്കതായ ആരും തന്നെയില്ല. അല്പം അഭിമാനത്തിന് വക നൽകുന്നത് കേരളത്തിലെ ആദ്യത്തെ വനിതാ പഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട യശഃശരീരയായ ശ്രീമതി മറിയാമ്മ തോമസ് ആണ് എന്നുള്ളതാണ്.

ഇന്ന് ജീവിതനിലവാരത്തിന് മാറ്റം വന്നു. കുടുംബനാഥന്റെ വരുമാനം കൊണ്ടു മാത്രം ജീവിക്കാൻ സാധിക്കാത്ത അവസ്ഥയിൽ ആയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വനിതകൾ പുരുഷൻമാരോടൊപ്പം എല്ലാ മേഖലയിലേക്കും കടന്നു വരേണ്ടിയിരിക്കുന്നു.

സാക്ഷരതയിൽ പുരുഷന്മാരേക്കാൾ കാര്യമായി പിന്നിലല്ലെങ്കിലും വ്യാപാര വ്യവസായ രംഗത്തേക്ക് വനിതകൾ കടന്നുവരാത്തതുകൊണ്ട് വനിതകളുടെ സാമ്പത്തികനില വളരെ പിന്നോക്കമാണ്. അതുകൊണ്ട് ഉദ്യോഗ രംഗത്തും വ്യാവസായിക രംഗത്തുമെല്ലാം വനിതാ പ്രാധിനിധ്യം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന വനിതകളുടെ വരുമാനം ഈ പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. പല വാർഡുകളിലും സ്ത്രീകൾ ചെറിയ തോതിൽ സ്വയംതൊഴിൽ ചെയ്യുന്നുണ്ടെങ്കിലും അവർക്കു വേണ്ട നിർദ്ദേശങ്ങളും സഹായവും നൽകുന്നതിനുള്ള നേതൃത്വത്തിന്റെ കുറവ് അനുഭവപ്പെടുന്നതുകൊണ്ട് കാര്യമായ വിജയത്തിലെത്തിയിട്ടില്ല.

ഇവിടെ പല കാരണങ്ങളാൽ 20% സ്ത്രീകൾ കുടുംബം പുലർത്തുന്നു. വിധവകൾ, രോഗികളായ ഭർത്താക്കന്മാരുള്ളവർ, മദ്യപാനികളുടെ ഭാര്യമാർ തുടങ്ങിയവർ ഇതിൽപ്പെടും. ചാരായ നിരോധനം ഒരു പരിധി വരെ വിജയിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ വ്യാജച്ചാരായം ചിലയിടങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കണമെന്ന് ഗ്രാമസഭകളിലെല്ലാം വനിതകൾ ഐകൃകണ്ഠേന ആവശ്യപ്പെട്ടിരിക്കുന്നു.

പല വാർഡുകളിൽ മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നല്ല രീതിയിൽ പ്രവർത്തിക്കുന്നത് മൂന്നിലും പതിമൂന്നിലും മാത്ര

മാണ്. 8,9,12 എന്നീ വാർഡുകളിലെ സ്ത്രീകൾ നാൽപ്പാത്തി മലയിലെ ഗ്രാമവികാസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. പശു, ആട്, കുറിച്ചിട്ടി, തയ്യൽ തുടങ്ങിയ പ്രവർത്തനവുമായി കുടുംബത്തിൽ വരുമാനമുണ്ടാക്കുന്നതിന് ശ്രദ്ധിക്കുന്നു. മാന്നാനത്തുള്ള നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് 10,11,12,13 എന്നീ വാർഡുകളിലെ സ്ത്രീകൾ പ്രവർത്തിക്കുന്നു.

9,10,11,12 വാർഡുകളിലെ വനിതകൾ പുരുഷന്മാരോടൊപ്പമോ അതിലധികമോ തൊഴിൽ രംഗത്തേക്ക് കടന്നുവരുന്നു. സ്ത്രീ സമത്വം പ്രഘോഷിക്കപ്പെടുന്നുണ്ടെങ്കിലും സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള കൂലിയുടെ കാര്യത്തിൽ കാര്യമായ അന്തരം ഉണ്ട്. ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സ്ത്രീകളെ ബന്ധപ്പെടുത്തണം. ആധുനിക ശാസ്ത്ര സാങ്കേതിക പരിജ്ഞാനം സ്ത്രീകളിൽ വേണ്ടത്ര എത്തിച്ച് പുതിയ തൊഴിൽ മേഖലകളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പിക്കുന്നതിനായി സെമിനാറുകൾ ചർച്ചാക്ലാസുകൾ മുതലായവ സംഘടിപ്പിക്കണം. കുടിൽ വ്യവസായം, ചെറുകിട വ്യവസായം തുടങ്ങിയവയുടെ ബോധവൽക്കരണത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അവരുടെ താൽപര്യങ്ങളും സൗകര്യങ്ങളും മുൻനിർത്തി വനിതാ വ്യവസായ യൂണിറ്റ് തുടങ്ങണം.
2. പ്രധാന വിദ്യാഭ്യാസ തൊഴിൽ സ്ഥാപനമായ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ സ്ത്രീകൾക്ക് ജോലിയിൽ സംവരണം ഏർപ്പെടുത്തുക.
3. വളരെയേറെ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന വാർഡുകളിൽ ജലത്തിന് ശാശ്വതമായ പരിഹാരം കാണുക. സ്ത്രീകൾ വെള്ളത്തിനായി കിലോമീറ്ററുകൾ അലയുന്നതിന് അടിയന്തിര പരിഹാരം കാണുക.
4. അതിരമ്പുഴ പി.എച്ച് സെന്ററിൽ സൗകര്യപ്രദമായ കെട്ടിടവും ഡോക്ടർമാരും ആവശ്യത്തിന് സ്റ്റാഫുമുണ്ട്. എങ്കിലും മെച്ചപ്പെട്ട സേവനം ലഭിക്കുന്നില്ല. മുമ്പുണ്ടായിരുന്ന ഓപ്പറേഷൻ, പ്രസവം തുടങ്ങിയ സേവനം വീണ്ടും ലഭ്യമാക്കുക.
5. അമ്മഞ്ചേരിയിലുള്ള കുട്ടികളുടെ ആശുപത്രിയിലും പ്രസവിച്ച അമ്മമാർ മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിൽസയിൽ കഴിയുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് മനസിലാക്കി പരിഹാരം കാണുക.
6. ഇന്ധനക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിറകിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സ്ത്രീകൾ ആണ്. ഇതിനും പരിഹാരം കാണുക.
7. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കാര്യക്ഷമമായ ചികിൽസാ സൗകര്യങ്ങളും നിത്യ രോഗികളായ സ്ത്രീ തൊഴിലാളികൾക്ക് സൗജന്യ ചികിൽസയും ഇൻഷുറൻസും ഏർപ്പെടുത്തുക.
8. മദ്യപൻമാരെ കൗൺസിലിംഗ് മുഖേന ബോധവൽക്കരണ ക്ലാസുകളിലൂടെ പിൻതിരിപ്പിച്ച് ദാരിദ്ര്യത്തിൽനിന്നും അസമാധാനത്തിൽനിന്നും കുടുംബങ്ങളെ രക്ഷപെടുത്തേണ്ടിയിരിക്കുന്നു.
9. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വനിതാ വായനശാല സ്ഥാപിക്കുക. അടുത്ത അദ്ധ്യയന വർഷം മുതൽ ഏറ്റുമാനൂർ കോട്ടയം അതിരമ്പുഴ വഴി സ്റ്റുഡൻസ് ഒൺലി ബസുകൾ നിലവിൽ വരണം. മെഡിക്കൽ കോളജിൽ പോകുന്ന ഗർഭിണികൾക്കും കുഞ്ഞുങ്ങളെയുംകൊണ്ട് പോകുന്ന അമ്മമാരുടെയും യാത്രാക്ലേശം ഇതുമൂലം പരിഹരിക്കാം.
10. അതിരമ്പുഴയിൽ പ്രവർത്തിക്കുന്ന ഏറ്റുമാനൂർ ബ്ലോക്ക് വനിതാ സഹകരണസംഘത്തിന്റെ പ്രവർത്തനത്തിൽ വേണ്ട പ്രോത്സാഹനം കൊടുത്താൽ സ്ത്രീകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്ന ധാരാളം തൊഴിൽ മേഖലകൾ വികസിപ്പിച്ചെടുക്കാൻ സാധിക്കും.
11. വനിതാ കൈത്തറി യൂണിറ്റ്, ബുക്ക് ബയന്റിംഗ്, റബർ ബാന്റ്, റെഡിമെയ്ഡ് യൂണിറ്റ്, കൂൺ കൃഷി, ഔഷധച്ചെടി, പുഷ്പകൃഷി, അച്ചാർ, പലഹാരം ഉണ്ടാക്കുന്നയൂണിറ്റ്, വനിതകളുടെ നേതൃത്വത്തിൽ റസ്റ്റോറന്റുകൾ മുതലായവ വാർഡ് അടിസ്ഥാനത്തിൽ തുടങ്ങേണ്ടിയിരിക്കുന്നു.

ഗാന്ധിജിയുടെ സ്വപ്നമായ ഗ്രാമസ്വരാജിൽ സ്ത്രീ സമത്വവും അഴിമതിയും സ്വജനപക്ഷപാതവും ഇല്ലാത്ത നല്ലൊരുനാളേക്കായി നമുക്ക് പ്രവർത്തിക്കാം.

II. സഹകരണം

1844 -ൽ റോബർട്ട് ഓവൻ എന്ന ഇംഗ്ലീഷുകാരൻ സ്ഥാപിച്ച ലോകത്തെ ആദ്യത്തെ സഹകരണസംഘം പിൽക്കാലത്ത് വളർന്ന് ലോകത്തെ ഏറ്റവും ശ്രദ്ധേയമായ ഒരു മഹൽപ്രസ്ഥാനമായി മാറിയിരിക്കുന്നു.

സമൂഹത്തിലെ ദുർബലരായ ജനവിഭാഗങ്ങൾ തങ്ങളുടെ പൊതുവായ സാമ്പത്തിക അഭിവൃദ്ധി ലക്ഷ്യം വെച്ചുകൊണ്ട് സഹകരണ അടിസ്ഥാനത്തിൽ സ്വമേധയാ സംഘടിച്ച് വ്യാപാര അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങൾ. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് സഹകരണപ്രസ്ഥാനം സാധാരണ ജനങ്ങൾക്ക് വളരെയധികം സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. ഗ്രാമതല വികസനപ്രവർത്തനങ്ങൾക്ക് സജീവമായ പങ്കാളിത്തം വഹിക്കേണ്ട ഒരു മേഖലയാണ് സഹകരണ പ്രസ്ഥാനം. അതിരമ്പുഴ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ആദ്യമായി ഉടലെടുത്തത് 1915 -ൽ ആണ്. കോട്ടമുറി പ്ലാത്തോട്ടത്തിൽ പാപ്പച്ചന്റെ നേതൃത്വത്തിൽ യന്ത്രത്തറി, കൈത്തറി, പട്ടുനൂൽ നെയ്ത്ത് എന്നിവ ആരംഭിച്ചു. 1936-ൽ കോട്ടക്കുപുറം ഗ്രാമോദ്ധാരണ സംഘം രജിസ്റ്റർ ചെയ്യുകയും ശ്രീ സി.എം. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ഒരു കൈത്തറി സഹകരണസംഘം രൂപീകരിക്കുകയും ചെയ്തു. ചർക്ക കൊണ്ട് നൂൽ ഉണ്ടാക്കൽ, ഖാദി നെയ്ത്തുശാല ഇവ വിപുലമായ രീതിയിൽ ആരംഭം കുറിച്ചു. കൂടാതെ ഗ്രാമോദ്ധാരണസംഘത്തിന്റെ നേതൃത്വത്തിൽ ഒരു വായവശാല ആരംഭിക്കുകയും ചെയ്തു.

1955 ജൂൺ മാസം നാലാം തീയതി മാന്നാനം സർവീസ് സഹകരണബാങ്കിന് ആരംഭം കുറിച്ചു. തുടക്കത്തിൽ തന്നെ കാർഷികവായ്പകൾ കർഷകർക്ക് നൽകിയിരുന്നു. തുടർന്ന് സ്വർണ്ണ പണയ വായ്പകളും ചിട്ടികളും ബാങ്ക് നടത്തിയിരുന്നു. ഇപ്പോൾ നിലവിലുള്ള വായ്പകൾക്കു പുറമേ സ്വന്തം ഫണ്ടിൽനിന്നു 15000/ രൂപ ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും 25000/ രൂപ വിവിധ ആവശ്യങ്ങൾക്കായി നബാർഡിൽനിന്നും സബ്സിഡി വ്യവസ്ഥയിൽ ലഭിക്കുന്ന പ്രത്യേക വായ്പാ പദ്ധതികളും നടത്തുന്നു. ഐ.ആർ.ഡി.പി. വായ്പ, സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസത്തിന് വായ്പ, കൃഷി വായ്പ മുതലായവ അർഹതപ്പെട്ടവർക്ക് നൽകി വരുന്നു.

1955 ഡിസംബർ മാസം 13-ാം തീയതി അതിരമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഈ ബാങ്കിന്റെ ഒന്നാം നമ്പർ ഓഹരിയുടമയും സ്ഥാപകനും പ്രസിഡൻറുമായിരുന്ന ഹാജി ടി.എം. ഹസ്സൻ റാവുത്തർ ഈ ബാങ്കിനു നൽകിയ സേവനങ്ങൾ പ്രത്യേകം സ്മരണീയമാണ്. ആരംഭത്തിൽ 50 അംഗങ്ങൾ മാത്രമുണ്ടായിരുന്ന ഈ ബാങ്ക് ഇന്ന് വളർന്ന് അതിരമ്പുഴയിലെ സാധാരണക്കാർക്കും ദുർബലജനവിഭാഗങ്ങൾക്കും തങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകളിൽ അത്താണിയായി പ്രവർത്തിക്കുന്നു. ഈ ബാങ്കിൽനിന്നും അംഗങ്ങൾക്ക് സ്വന്തം ഫണ്ടിൽനിന്നും 50,000 രൂപയും വിവിധ ആവശ്യങ്ങൾക്കായി നബാർഡിൽനിന്നും സബ്സിഡി ലഭിക്കുന്ന പ്രത്യേക വായ്പകളും ഐ.ആർ.ഡി.പി. വായ്പ, സ്വർണ്ണപണയം, വാഹനവായ്പ, ഭവനവായ്പ ഇതരവായ്പകൾ തുടങ്ങി നിരവധി വായ്പകൾ അർഹരായ അംഗങ്ങൾക്ക് നൽകിവരുന്നു

ഇതര സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിലെ ഒന്ന്, രണ്ട് എന്നീ വാർഡുകളിൽ കൈത്തറി സഹകരണ സംഘങ്ങൾനന്നായി പ്രവർത്തിക്കുന്നുണ്ട്. റബർ ഉല്പാദക സഹകരണസംഘങ്ങൾ, ക്ഷീരോൽപാദനസഹകരണ സംഘങ്ങൾ, ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾ, ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി, വനിതാ സഹകരണ സംഘങ്ങൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള സഹകരണ സംഘങ്ങൾ, ബുക്ക് ബയൻറിംഗ് സഹകരണ സംഘങ്ങൾ, കോഴി വളർത്തൽ സഹകരണ സംഘങ്ങൾ, മുതലായവ ഇപ്പോൾ പ്രവർത്തിക്കുന്നു. ശിശു വനിതാക്ഷേമത്തിനായി ഒരു സംഘം പ്രവർത്തനം ആരംഭിച്ചെങ്കിലും ഇപ്പോൾ അത് പ്രവർത്തനക്ഷമമല്ല.

സഹകരണ സംഘങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ

കാർഷികമേഖലയിലും ഇതരമേഖലകളിലും അതിരമ്പുഴ റീജിയണൽ സർവീസ് സഹകരണ ബാങ്കും മാന്നാനം സർവീസ് സഹകരണ ബാങ്കും നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

അതിരമ്പുഴ സർവീസ് സഹകരണ ബാങ്കിൻെറ കെട്ടിടത്തിൽ പൊതുജനങ്ങൾക്ക് കുറഞ്ഞവിലയ്ക്ക് അത്യാവശ്യ സാധനങ്ങൾ ലഭിക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ചുവരുന്നു. മാന്നാനം സർവീസ് സഹകരണ ബാങ്കിൻെറ അമ്മഞ്ചേരി ബ്രാഞ്ച് കെട്ടിടത്തിൽ ഒരു കൺസ്യൂമർ വിഭാഗം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെനിന്നും സർക്കാർ ഉദ്യോഗസ്ഥന്മാർക്കായി സാധനങ്ങൾ ക്രഡിറ്റായി നൽകിവരുന്നു. 1990 ജൂൺ മാസം 12-ാം തീയതി 36 അംഗങ്ങൾ ചേർന്ന് ഏറ്റുമാനൂർ ബ്ലോക്ക് വനിതാ സഹകരണസംഘം അതിരമ്പുഴയിൽ പ്രവർത്തിച്ചു തുടങ്ങി. 1995 ആയപ്പോൾ 215 അംഗങ്ങൾ ഈ സംഘത്തിലുണ്ട്.

അതിരമ്പുഴ സർവീസ് സഹകരണ ബാങ്കിന് അതിരമ്പുഴയിൽ ഹെഡ് ഓഫീസ് ഉണ്ട്. കോട്ടയ്ക്കുപുറം ബ്രാഞ്ചും (ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ജംഗ്ഷന് സമീപം) യൂണിവേഴ്സിറ്റി കവാടത്തിൽ പ്രിയദർശിനി ഹിൽസ് ബ്രാഞ്ചും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. മൂന്ന് കോടി 90 ലക്ഷം രൂപ നിക്ഷേപവും 8700 -ൽ അധികം ഓഹരി ഉടമകളും 2298440 രൂപ ഓഹരി മൂലധനവും 31547828 രൂപ വായ്പാ ബാക്കിയുമുള്ള സഹകരണ ബാങ്ക് ഇന്ന് അതിരമ്പുഴയുടെ കാർഷികമേഖലയുടെ പുരോഗതി ലക്ഷ്യമാക്കി ഉദാരമായ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് ഓഹരി ഉടമകൾക്ക് നൽകിവരുന്നു.

മാന്നാനം സർവീസ് സഹകരണ ബാങ്ക്

1955-ൽ സ്ഥാപിതമായ ഈ ബാങ്കിൽ ഇപ്പോൾ 6965 അംഗങ്ങളുണ്ട്. 1,64,4436/- രൂപാ ഓഹരിമൂലധനവും 2,42,69,564/- രൂപാ നിക്ഷേപവും 1,61,88,947/- രൂപ വായ്പ ബാക്കിയുമുള്ള ഈ ബാങ്കിന് അമ്മഞ്ചേരിയിൽ സ്വന്തമായികെട്ടിടം ഉണ്ടെങ്കിലും ഇപ്പോഴത്തെ സൗകര്യങ്ങൾ പരിമിതമായതിനാൽ ബാങ്കിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നിലവിലുള്ള ഹെഡ് ആഫീസ് കെട്ടിടത്തിന് എതിർവശത്ത് പത്തര സെൻറ് സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ബാങ്കിന് പുതുതായി പണിയുന്ന കെട്ടിടത്തിൻെറ മുകളിലത്തെ നിലയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ പണികഴിപ്പിച്ചാൽ ഈ പഞ്ചായത്തിലെ 9,10,11,12 വാർഡുകളിലെ ജനങ്ങൾക്ക് സൗകര്യപ്രദമായിരിക്കും.

സഹകരണ പ്രസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾ എടുക്കുന്ന വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാത്തതുമൂലം കുടിശിഖകൾ വർദ്ധിക്കുന്നു. ഇക്കാരണത്താൽ ബാങ്കുകളുടെ പ്രവർത്തനം നഷ്ടത്തിലാകുന്നു. വായ്പാ സഹകരണ സംഘങ്ങളുടെ ഏറ്റവും വലിയ പ്രശ്നം നിക്ഷേപങ്ങളുടെ അപര്യാപ്തതയാണ്. ദേശസാൽകൃതബാങ്കുകളിൽ നിക്ഷേപകർക്ക് ലഭിക്കുന്ന ഉറപ്പ് സഹകരണ ബാങ്കുകളിലും ലഭിക്കുന്നുണ്ടെങ്കിലും നിക്ഷേപം വർദ്ധിപ്പിക്കുന്നതിൽ അംഗങ്ങൾ വലിയ താൽപര്യം കാണിക്കുന്നില്ല. സഹകരണ ബാങ്കിലെ നിക്ഷേപം വർദ്ധിപ്പിച്ച് കർഷകർക്കും മറ്റും എളുപ്പത്തിൽ വായ്പ നൽകുന്നതിന് ബാങ്കുകൾക്ക് കഴിയണം.

സഹകരണ സംഘങ്ങൾ നഷ്ടത്തിലാകുവാൻ ഉള്ള പ്രധാന കാരണം ഭീമമായ സിൽബന്ധി ചിലവുകളും പലിശിലുള്ള അസന്തുലിതാവസ്ഥയുമാണ്. പുതിയ ഉദാരവൽക്കരണനയം മൂലം രണ്ടുകോടി രൂപാ സമാഹരിച്ചാൽ സ്വകാര്യമേഖലയിൽ ബാങ്കുകൾക്ക് ലൈസൻസ് ലഭിക്കുമെന്നുള്ളതും വാണിജ്യബാങ്കുകൾക്ക് നിക്ഷേപകർക്ക് യഥേഷ്ടം പലിശ നൽകുവാൻ സ്വാതന്ത്ര്യം നൽകുന്നതും സഹകരണമേഖലയെ മൊത്തമായി ബാധിക്കുന്ന ഒരു വെല്ലുവിളിയാണ്.

നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി സഹകരണ മേഖലകൾ നിർണ്ണായക പങ്കു വഹിക്കുന്നു.

1. ഉല്പാദന വ്യാപാര മേഖലകളിൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ സഹകരണ സംഘങ്ങളെ പ്രാപ്തമാക്കണം.
2. ഈ പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ചുകൊണ്ട് പഞ്ചായത്തിലെ മുഴുവൻ മേഖലകളും അതിലൂടെ നടത്തിയാൽ ഇടനിലക്കാരെ ഒഴിവാക്കി ഗ്രാമീണ ജനതയ്ക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാൻ കഴിയും.
3. ഇപ്പോൾ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് ക്ഷീരവ്യവസായ സഹകരണസംഘങ്ങളെ വിപുലപ്പെടുത്തുകയും എല്ലാ വാർഡുകളിലും ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്ത് തൊഴിൽ രംഗത്തെ സാധ്യതകൾ വർദ്ധിപ്പിക്കാം.
4. കോഴി വളർത്തൽ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ച് മുട്ടക്കോഴികളേയും ഇറച്ചിക്കോഴികളേയും വളർത്തി സ്ത്രീകളുടെ സ്വയം തൊഴിൽ പദ്ധതികൾക്ക് ആക്കം കൂട്ടാൻ കഴിയും.
5. വ്യാപാര രംഗത്ത് അതിപ്രശസ്തമായി പ്രവർത്തിച്ചു വരുന്ന അതിരമ്പുഴയിൽ ജനറൽ മാർക്കറ്റിംഗ് സൊസൈറ്റികളുടെ രൂപികരണം കർഷകർക്ക് വലിയ തോതിൽ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വിലനിലവാരം മെച്ചപ്പെടുത്തുവാൻ കഴിയും.
6. സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപെടുന്ന ആളുകൾക്ക് സർക്കാർ തലത്തിൽ നിരവധി സഹായ പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും അവയൊന്നും യഥാർത്ഥ ഗുണഭോക്താക്കൾക്ക് യഥാസമയം എത്താത്ത സഹചര്യമാണ് നിലനിൽക്കുന്നത്. ഇതിന് പരിഹാരമെന്ന നിലയിൽ ഈ പഞ്ചായത്തിൽ ഒരു പട്ടികജാതി / പട്ടികവർഗ്ഗ സഹകരണ സംഘം രൂപികരിച്ച് ഈ വിഭാഗത്തിലുള്ള ആളുകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
7. ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ കൂടുതൽ വ്യാപകമാക്കിക്കൊണ്ട് പ്രവർത്തനം നടത്തിയാൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ഈ പഞ്ചായത്തിലെ ഖാദി വ്യവസായ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ തേനിച്ച വളർത്തൽ കാര്യക്ഷമമാക്കുന്നതിന് സാധിച്ചാൽ തൊഴിൽ രഹിതരായ ധാരാളം ആളുകൾക്ക് തൊഴിൽ കണ്ടെത്തുവാനും അതുവഴി അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനും സാധിക്കും.
8. അതിരമ്പുഴ പഞ്ചായത്തിന്റെ 12-ാം വാർഡിൽ ഒരു റേഷൻ കട നിലവിലില്ല. ഇവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് ഇത് വളരെ ബുദ്ധിമുട്ടണ്ടാകുന്നു. ഇത് പരിഹരിക്കുന്നതിന് മാന്നാനം സർവ്വീസ് സഹകരണ ബാങ്കിനോട് ചേർന്ന് ഒരു റേഷൻ കട ആരംഭിക്കേണ്ടതാണ്.
10. അതിരമ്പുഴ പഞ്ചായത്തിൽ ഒരു ഇൻഡസ്ട്രിയൽ സഹകരണ സംഘം രൂപികരിച്ച് കുപ്പികൾ, കവറുകൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കാവുന്ന മറ്റ് വസ്തുക്കൾ എന്നിവയുടെ ഉൽപാദനവും വിപണനവും നടത്തി ഈ പഞ്ചായത്തിലെ തൊഴിൽ രഹിതരായ ആളുകൾക്ക് തൊഴിൽ സംരംഭം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.



12. വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനം പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങളുടേയും സഹകരണത്തോടെയും സാമ്പത്തികവിഭവ സമാഹരണത്തിൽകൂടിയും മനുഷ്യപ്രയത്നം വിഭവ ശേഷിയാക്കി മാറ്റിക്കൊണ്ടും നേടാണ്ടതാണ്. കാർഷികവ്യാവസായിക മേഖലകളിൽ ഉദ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിച്ചും ഇടത്തരവും ചെറുകിടവുമായ വ്യവസായങ്ങൾ കാർഷികമേഘലയുമായി ബന്ധിപ്പിച്ചും വിഭവസമാഹരണം വിപുലമാക്കാവുന്നതാണ്.

കൂടുതൽ വിഭവം ശേഖരിക്കേണ്ട സന്ദർഭങ്ങളിൽ വിദേശമലയാളികളെ പങ്കാളികളാക്കിയും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുവേണ്ടിയുള്ള പ്രാരംഭനടപടിക്ക് തുടക്കം കുറിക്കാൻ സാധിക്കും. കൂടാതെ പഞ്ചായത്തിൽ ഇന്നുള്ള വരുമാനവും വിവിധ മാർഗ്ഗങ്ങളിൽകൂടി സമാഹരിച്ച്, നികുതി പിരിവ് പുതിയ മേഘലകളിൽ ആവശ്യമെന്നു വന്നാൽ ചുമത്തിക്കൊണ്ടും കെട്ടിടനികുതി കൃത്യമായി പിരിച്ചെടുത്തും വിഭവം സമാഹരിക്കാവുന്നതാണ്. മാത്രമല്ല ദേശസാൽകൃത ബാങ്കുകളിൽ നിന്നു കൂടുതൽ സാമ്പത്തിക സഹായങ്ങൾ നല്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്

പഞ്ചായത്തിലുള്ള ബാങ്കുകൾ (സഹകരണമേഖല)

1. അതിരുമ്പുഴ റിജീയണൽ സഹകരണബാങ്ക് 2 ശാഖകൾ
2. മാന്നാനം സർവ്വീസ് സഹകരണ ബാങ്ക്
3. ഏറ്റുമാനൂർ ബ്ലോക്ക് വനിതാ സംഘം

സ്റ്റേറ്റ് കോമേഴ്സ്യൽ ബാങ്കുകൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ 2. ശാഖകൾ
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മാന്നാനം
3. സൗത്ത് ഇന്ത്യൻ ബാങ്ക് അതിരമ്പുഴ

പ്രൈവറ്റ് ബാങ്കുകളും സ്വകാര്യപണമിടപാടുസ്ഥാപനങ്ങളും

ഇവരിൽ നിന്നും പണം കടം വാങ്ങുന്നത് ചെറുകിട കച്ചവടക്കാരും വ്യവസായികളുമാണ്. ഇത്തരം ബാങ്കുകളുടെ പലിശനിരക്കുകൾക്ക് ഏകീകൃതസ്വഭാവമില്ല. ഉപഭോക്താക്കൾക്ക് ക്ലേശകരമായ വ്യവസ്ഥകൾ അടിച്ചേല്പിക്കപ്പെടുന്നു. ഇത്തരം ഏജൻസികളെ നിയന്ത്രിക്കേണ്ടത് ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്നും വിദേശത്തു ജോലി ചെയ്യുന്നവർ ധാരാളമുണ്ട്. ഇവരുടെ സമ്പാദ്യം ഇപ്പോൾ കെട്ടിടങ്ങളും മറ്റ് അനാവശ്യ ചെലവുകളുമായി പാഴായി പോകുന്നു. ഇവരെ ബോധവത്ക്കരിച്ച് പ്രത്യുല്പാദനപരമായ മേഘലകളിലേക്ക് പ്രത്യേകിച്ചും കാർഷികവ്യവസായ മേഘലയിൽ വികസനപദ്ധതികൾക്കായി തിരിച്ച് വിടേണ്ടതാണ്.

ഈ പഞ്ചായത്തിൽ അഭ്യസ്തവിദ്യരും സാങ്കേതിക പരിജ്ഞാനം നേടിയവരും ധാരാളമുണ്ട്. ഇവരിൽ നല്ലൊരു ശതമാനംകൃത്യമായ വരുമാനമില്ലാത്ത തൊഴിൽ രഹിതരാണ്. ഇവരെ ഉപയോഗപ്പെടുത്തി സന്നദ്ധസേവനത്തിലൂടെയും സ്വയം തൊഴിൽ സംരംഭത്തിൽ കൂടിയും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായവുംആധുനിക ശാസ്ത്രസാങ്കേതിക ജ്ഞാനവും

ഉപയോഗപ്പെടുത്തി തൊഴിൽ മേഖലവിപുലപ്പെടുത്തി വിഭവ സമാഹരണം നടത്താവുന്നതാണ്.

വിഭവ സമാഹരണത്തിന് പുതിയ മേഖലകൾ

1. വിനോദ നികുതി ഏർപ്പെടുത്തുക.
2. സിനിമാ തിയേറ്റർ പിരിവ് കർശനമാക്കുക
3. കശാപ്പു ശാലാ ലൈസൻസ്
4. അതിരമ്പുഴ പഞ്ചായത്തിൽ ബസ്സ് സ്റ്റാന്റും ഷോപ്പിങ്ങ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
5. അതിരമ്പുഴ മത്സ്യസസ്യമാർക്കറ്റുകൾ വിപുലികരിക്കുകയും ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ രീതിയിൽ ആധുനിക വല്ക്കരിക്കുകയും ചെയ്താൽ നിലവിലുള്ള നികുതിപിരിവ് ഊർജ്ജിതപ്പെടുത്തി വിഭവസമാഹരണംനടത്താൻ കഴിയും.
6. ചരിത്രപ്രസിദ്ധമായ അതിരമ്പുഴ സെന്റ് മേരീസ് ഫൊറേനാപള്ളി, പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ മാന്നാനം ആശ്രമദേവാലയം, പ്രകൃതി രമണീയമായ കുന്നിൻ പുറങ്ങളിൽ ഉയർന്നുനില്ക്കുന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, തൊട്ടടുത്തുള്ള അത്യാധുനിക സൗകര്യങ്ങളുള്ള മെഡിക്കൽ കോളേജ്, കുട്ടികളുടെ ആശുപത്രി (ഇ.എസ്.ഐ) പുരാതനമായ മുസ്ലിം പള്ളി, ഏറ്റുമാനൂർ മഹാദേവ ക്ഷേത്രം, മുൻ കാലങ്ങളിൽ ആലപ്പുഴയിൽ നിന്നും അതിരമ്പുഴയിലേക്ക് ബോട്ട് ഗതാഗതം നടത്തിക്കൊണ്ടിരിക്കുന്ന അതിരമ്പുഴ ചന്തക്കുളം എന്നിവ ഉൾപ്പെടുത്തി ഒരു ടൂറസ്റ്റ് കേന്ദ്രം വിപുലപ്പെടുത്താവുന്നതാണ്. അതിരമ്പുഴ ചന്തക്കുളവും തോടും ആഴം കൂട്ടി ആവശ്യമെന്നു കണ്ടാൽ പാലങ്ങൾ പൊളിച്ചുപണിതും ബോട്ട് ഗതാഗതം പുനസ്ഥാപിച്ചാൽ ഈ രംഗത്ത് വിദേശ ടൂറസ്റ്റുകളെ ആകർഷിക്കുന്നതിനും അതുവഴി നല്ലരീതിയിൽ വിഭവസമാഹരണം നടത്തുന്നതിനും സാധിക്കും. അതിരമ്പുഴയിലൂടെ കടന്നു പോകുന്ന റെയിൽവേ ലൈൻ ടൂറസ്റ്റ് കേന്ദ്രവുമായി ബന്ധിച്ചാൽ തദ്ദേശികളും വിദേശികളുമായ നിരവധി ടൂറസ്റ്റുകളെ ആകർഷിക്കാവുന്നതാണ്.
7. പഞ്ചായത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം വാങ്ങി ഓഡിറ്റോറിയം നിർമ്മിക്കണം. വികസനരംഗത്ത് കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് സാംസ്കാരിക സാമൂഹ്യപുരോഗതിക്കും അതുവഴി പഞ്ചായത്തിന്റെ വരുമാനവും വർദ്ധിപ്പിക്കുവാൻ കഴിയും.
8. പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നെൽകൃഷി ചെയ്യാതെകിടക്കുന്ന വീണ്ടും കൃഷിചെയ്യാൻ സാധ്യതയില്ലാത്തതുമായ പാടങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിച്ചാൽ ജനങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിക്കും.
9. സർക്കാർഭൂമി തരിശായി കിടക്കുന്നത് പാട്ട വ്യവസ്ഥയിൽ പച്ചകൃഷിക്കും, മരച്ചീനി തുടങ്ങിയ കാർഷിക വിളകൾക്കും കൊടുത്താൽ കാർഷിക മേഘലയിൽ വൻ വിഭവശേഖരണം നടത്താൻ സാധിക്കും.
10. വീടിന്റെ പരിസരങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ, ടെറസ്, തുടങ്ങിയ ഇടങ്ങളിൽ അനുയോജ്യമായ പച്ചക്കറികൃഷികൾ പ്രോത്സാഹിപ്പിച്ച് ഭൂവിനയോഗം പരമാവധി പ്രയോജനപ്പെടുത്തിയാൽ വിഭവ സമാഹരണ രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തുവാൻ സാധിക്കും. അതുവഴിയായി പച്ചക്കറിക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായുള്ള വിഭവശോഷണവും തടയാൻ സാധിക്കും. ഈ വക കാര്യങ്ങളിൽ സാംസ്കാരിക പ്രവർത്തകർ, ക്ലാസ്സുകൾ,ഗ്രന്ഥശാലകൾ, അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ ഇവയേയും പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്.
11. അദ്ധ്യാപക വിദ്യാർത്ഥിസഹകരണത്തോടുകൂടി പാഴായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷികൾ നടത്തുകയും അതുവഴി കാർഷിക രംഗത്ത് പുതിയ ഉത്തേജനം നല്കാൻ സാധിക്കുന്നതുമാണ്.

പ്രശ്നങ്ങൾ

1. വരുമാനസാധ്യകൾ പരമാവധി പ്രയോജനപ്പെടുത്തിയിട്ടില്ല.
2. അശാസ്ത്രിയമായ ഭരണചിലവിന് അനുപാതികമായ വരുമാനം വർദ്ധിപ്പിക്കുന്നില്ല.
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾക്ക് തടസ്സങ്ങൾ ഉണ്ട്. ഉദാരമായ വ്യവസ്ഥകൾ വേണം.
4. കോൺട്രാക്ടർമാർ, നോമിനികൾ തുടങ്ങിയ ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന അവിഹിത ലാഭം മൂലമുള്ള സാമ്പത്തിക ചോർച്ച തടയണം.

5. സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിക്കുന്ന നിലവിലുള്ള താല്പര്യക്കുറവ്.
6. വിദേശ ജോലിക്കാരുടെ വരുമാനം വിനിയോഗിക്കുന്നതിലുള്ള പോരായ്മ

സാധ്യതകൾ

1. ലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പരസ്യബോർഡുകൾ ആർച്ചുകൾ എന്നിവയ്ക്ക് ഫീസ് ഈടാക്കുക.
2. പഞ്ചായത്തിലെ കെട്ടിടനികുതി പിരിവ് സാധ്യതക്കനുസരിച്ച് വർദ്ധിപ്പിച്ച് കൃത്യമായി ഈടാക്കുക.
3. ഈ പഞ്ചായത്തിലെ നിരവധി സ്ഥകാര്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ യഥാർത്ഥസ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പ്രാബഷണൽ ടാക്സ് ഈടാക്കുക.
4. പ്രൈവറ്റ് ധനകാര്യസ്ഥാപനങ്ങൾക്ക് ലൈസൻസും ഫീസും ഈടാക്കുക.



ഉപസംഹാരം

ഗാന്ധിജിയുടെ വലിയ സ്വപ്നം...
ഗ്രാമങ്ങളുടെ സമഗ്രവികസനം...
ഈ ഇരുപത്തൊന്നാം
നൂറ്റാണ്ടിന്റെ,പടിവാതിക്കൽ
ഗ്രാമങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള
വലിയൊരു പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു.
ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ
അതിരമ്പുഴയുടെ സമഗ്രവികസനം
ലക്ഷ്യംവച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന
ഈ വികസന രേഖയിൽ
ഒത്തിരി കുറവുകൾ കണ്ടേക്കാം...
എങ്കിലും....
ഇനിയുള്ള പ്രവർത്തനങ്ങളിൽ
കുറവുകൾ പരിഹരിച്ച് മുന്നേറാം.
ഈ വികസന റിപ്പോർട്ട് തയ്യാറാക്കാൻ
സഹായിച്ച എല്ലാവർക്കും ഒത്തിരി നന്ദി...

ജെ. ജോസഫ്.
വൈസ് പ്രസിഡന്റ്
അതിരമ്പുഴ ഗ്രാമപഞ്ചായത്ത്.

ഈ മഹാത്മാവിന്റെ
സ്വപ്നം സാക്ഷാത്ക്കരിക്കട്ടെ

